2016 സെപ്തംബർ 13 മുതൽ ഒക്ടോബർ 12 വരെ

വില 10 രൂപ

# നക്ഷത്രരാജ്യം

**The National, State, District, Village star news Kerala & India**

**Cinema**
**Sports**
**Arts &**
**Literature**




യു.എ.ഖാദർ (ഓർമ്മ)
പി.ആർ. നാഥൻ (വിചാരം)
മുണ്ട്യാടി ദാമോദരൻ (ലേഖനം)
ഭാസി മലാപ്പറമ്പ് (സ്പോർട്സ്)
പൂനൂർ. കെ.കരുണാകരൻ (ലേഖനം)
വിനോദ്കുമാർ ദാമോദർ (ലേഖനം)
സ്മിത അരവിന്ദ് വല്യാത്ത് (കവിത)
പ്രസാദ് അരീക്കര (കഥ)
അശോകൻ മല്ലിശ്ശേരി (കഥ)
രത്നാകരൻ ചെറുവത്ത് (കഥ)
വാസു അരീക്കോട് (കവിത)


2016 ഓണം ബക്രീദ് ആശംസകൾ

Ph: 0495 6510257

Mob: 9447262004


Appu



# OUR Tailors
## GENTS & LADIES

Sharmina Complex, Ground Floor, Door No: 1038, Court Road, Calicut - 1

**WE UNDERTAKE ALL KINDS OF ALTERATION WORKS**

**Urgent stitching : Shirt 1Hr, Churidar& Blouse 1Hr, Pants 2 Hrs.**



# OUR Ladies Park



**THE DRESS DESIGNERS & MAKERS**

Room No - 14, 1st Floor Moffussil Bus stand Building,
Mavoor Road, Kozhikode- 673004.
Phone : 0495 6410571

ബ്ലൗസ്, ചുരിദാർ 1 മണിക്കൂറിനുള്ളിൽ തയ്ച്ചു കൊടുക്കുന്നു.

# MS KRISHNA




## METER SERVICE



13/585 - B4 Near Apsara Theatre,
Calicut - 673002
Ph: 2702760, Mob: 9447337908

We are undertaking Repair & Servicing
of all kinds of Speed Meter
and Electronic fare Meters


Dealers in
Smart Electronic fare meter
for Auto & Call Taxi




മുഖചിത്രം
**ലക്ഷ്മിഗോപാലസ്വാമി**
(ഫിലിംസ്റ്റാർ)


Since : 2008
Nakshathra Rajyam
(Monthly Magazine)
2015 June 25
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 53 Volume 6
Managing Editor, Publisher & Owned by
**Nakshathrarajyam** E. Radhakrishnan
Edoli House, Kommeri P.O.
Kozhikode - 673007
Address
Managing Editor
NAKSHATHRA RAJYAM
P.B. No. 1205
Mankave P.O., Kozhikode - 7
Kerala, India.
Mob: 9744233997
9847649567
email:nakshathrarajyam@gmail.com
Layout:
BHAVANA GRAPHICS, Tali
Inside Art:
GIREESH MOOZHIPADAM
Cover
Amina Creations, Palazhi, Clt.
Price 10.00


**എഡിറ്റോറിയൽ**



## കോഴിക്കോട് – പുതിയപാലം
## പാലം നിർമ്മാണ പദ്ധതി ഇനിയെത്ര കാലം? കാത്തിരിക്കണം

1975–78 കളിൽ സ്ക്കൂൾ വിദ്യാർത്ഥികളായിരുന്നവരുടേയും അന്ന് ജീവിച്ചിരുന്ന പൊതുജനങ്ങളുടേയും മനസ്സിലൊരു ‘പുതിപാലം’ഉണ്ട്. മരംകൊണ്ടുണ്ടാക്കിയ പാലം. ‘പുതിയപാലം’ എന്നാണ് പാലത്തിന് പേരെങ്കിലും ‘പുതിയപാലം’ ഏത് കാലത്ത് പുതിയതായി എന്നോ, പാലം പുതിയത് ഏതെങ്കിലും വർഷം പണിതതുകൊണ്ടാണോ ‘പുതിയപാലം’ പ്രദേശത്തിന് ‘പുതിയപാലം’ എന്നു പേരു വീണത് എന്നോ അക്കാലങ്ങളിൽ ആരെങ്കിലും പറയാറുണ്ടോ എന്നത് കേട്ടു കേൾവിയില്ല. ഏതായാലും വളയനാട്, പുതിയപാലം, മൈലാമ്പാടി, ഗോവിന്ദപുരം, മിംസ്, കൊമ്മേരി, മോഡൽ ഐ. ടി. ഐ. കുന്നിനെചുറ്റിയുള്ള പ്രദേശത്തുകാർ എന്നിവർക്ക് കോഴിക്കോട് പാളയവുമായി കുറഞ്ഞദൂരത്തിലും സമയലാഭത്തിലും എത്താനുള്ള മാർഗ്ഗത്തിനു വഴിമുടക്കി ‘പുതിയപാലം’ നിൽക്കാൻ തുടങ്ങിയിട്ട് കാലം ഏറെയായി. എത്രയും വേഗം പാലം പണിയാനുള്ള അധികൃതരുടെ ആത്മാർത്ഥതയെ കുറിച്ച് പ്രദേശത്തുകാരുടെ മനസ്സിൽ ആശങ്കയുണ്ടാകാൻ കുറച്ചു കാലമായി തുടങ്ങിയിട്ട്. എപ്പോഴെങ്കിലും മാത്രം ജീവൻ വെക്കുന്ന പദ്ധതി. ഇപ്പോൾ മാസങ്ങളായി തികച്ചും നിർജ്ജീവം.


1975– 78 കാലമോ മറ്റോ മരപാലം സിമന്റ് പാലമായി കെട്ടിയുയർത്തുന്ന സമയത്ത്തന്നെ പാലം വീതി പോരെന്നും പറഞ്ഞ് പാലം നിർമ്മാണത്തിനെതിരെ കൊമ്മേരിയിലെ ചില കെ. എസ്. വൈ. എഫ്. പ്രവർത്തകർ പോക്കോലത്ത് രാമദാസിന്റെ നേതൃത്വത്തിൽ സമരത്തിറങ്ങാനുള്ള തീരുമാനം ഉറപ്പിച്ചു. സമരം നടത്തിയാലുണ്ടാകുന്ന ഭവിഷത്തുകകളേയും ഭീഷണികളേയും കുറിച്ച് കൊമ്മേരിയിലെ സി. പി. എം. പാർട്ടി പ്രാദേശിക നോതാവ് വി. എം. അപ്പുട്ടിയെപോലുള്ള മുതിർന്ന ആരാദ്ധ്യനായ പ്രാദേശിക നേതാവിന്റെ വിവരണവും ഉപദേശവും മാനിച്ചാണ് അന്ന് ഗതാഗതയോഗ്യമല്ലാത്ത പാലം നിർമ്മാണത്തിനെതിരെയുള്ള സമരം തുടങ്ങാതെ നിർത്തിവെച്ചത്. ഇങ്ങനെയൊരുപാലമാണ് കോഴിക്കോട്ട് ‘പുതിയപാല’ മായി നിൽക്കുന്നതെന്ന രഹസ്യം സംസ്ഥാനസർക്കാർ അധികൃതരും കോഴിക്കോട് കോർപ്പറേഷൻ അധികൃതരും മനസ്സിലാക്കണം. അതെല്ലാം വളരെ പഴകിപ്പോയ യാഥാർത്ഥ്യം. ഇക്കാലത്ത് അതുപോലുള്ള നിർമ്മാണ പ്രവർത്തകരായി പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രവർത്തകർക്ക് ഏതു നാട്ടിലും പ്രസക്തിയുണ്ടാകാറില്ല എന്നതും വസ്തുതപരമായ യാഥാർത്ഥ്യം.

ദിനവും ആയിരകണക്കിന് ടൂ വീലറുകൾ സദാസമയവും രണ്ടു ദിശകളിൽ നിന്നും വന്നു കൊണ്ടിരിക്കുന്ന ഇടുങ്ങിയ ‘പുതിയപാലം’ എല്ലായ്പ്പോഴുംതന്നെ ഇരുചക്ര വാഹനമോടിക്കന്നവർ തമ്മിലുള്ള പോർവിളികളും ചീത്തവിളികളുംകൊണ്ട് മുഖരിതമാണ്. അതിനിടയിൽ പാലത്തിനു മുകളിൽ നടന്നുപോകുന്നവർ രണ്ടു ദിശയിൽനിന്നും വരുന്ന ഇരുചക്ര വാഹനങ്ങളുടെ ഇടയിൻപ്പെട്ടുപോവാതിരിക്കാൻ തിരിഞ്ഞുനോക്കിയും മുന്നോട്ടുനോക്കിയും സ്വന്തം ജീവനും കൊണ്ട് ഓടുകയാണ്. ഇത്തരം സഹതാപകരമായ രംഗത്തിന് ഇക്കാലമത്രയും പാലംതന്നെ സാക്ഷി. പുതുക്കി പണിയൽ പദ്ധതി തയ്യാറാക്കിയ ‘പുതിയപാലം’ എത്രയും പെട്ടെന്ന് നിർമ്മാണം തുടങ്ങുകയും പൂർത്തികരിക്കുകയും ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് വളയനാട്, പുതിയപാലം, മൈലാമ്പാടി, ഗോവിന്ദപുരം, മിംസ്, കൊമ്മേരി, മോഡൽ ഐ. ടി. ഐ. കുന്നിനെചുറ്റിയുള്ള പ്രദേശത്തുകാർ എന്ന് സംസ്ഥാന മന്ത്രിമാരേയും, എം എൽ. എ. മാരേയും, വകുപ്പു ഉദ്യോഗസ്ഥരേയും കോഴിക്കോട് കോർപ്പറേഷനേയും ഇപ്രകാരം അറിയിക്കട്ടെ.

മാനേജിംഗ് എഡിറ്റർ

കഥ

# നവതിയുടെ നിറവ്



എം.എസ്. കുമാർ

കാലത്തെഴുന്നേറ്റ് നടത്തത്തിനിറങ്ങുമ്പോഴാണ് ലാന്റ് ഫോണിന്റെ മുഴക്കം. ആരുടെയെങ്കിലും ചരമവാർത്തയായിരിക്കുമോ? അതിരാവിലെ വരുന്ന ഫോൺ വിളികൾ പലപ്പോഴും അങ്ങിനെയായിരിക്കും. സിറ്റ് ഔട്ടിൽനിന്ന് അകത്തേക്കു തന്നെ കയറി.

ഹലോ, ഗുഡ് മോണിങ്. എന്താടോ നടക്കാനിറങ്ങിയോ? നേരത്തെത്തന്നെ എഴുന്നേറ്റോ?.

ശബ്ദം തിരിച്ചറിഞ്ഞു. സ്വാമിനാഥൻ സാറാണ്. സഹപാഠിയും റിട്ടേഡ് യു.ജി.സി പ്രൊഫസറുമായ സ്വാമിയെ കുറച്ചു മാസങ്ങളായി കണ്ടുമുട്ടിയിട്ട്. ഗുഡ് മോണിങ്ങ്, ഗുഡ് മോണിങ്ങ്. എന്താണാവോ പുലരാൻ കാലത്ത് വിശേഷമായിട്ട്; സ്വാമി സാറിനോട് പ്രതിവചിച്ചു.

ഒരു സന്തോഷ വാർത്ത അറിയിക്കാനാണ് താനിറങ്ങും മുമ്പ് തന്നെ വിളിച്ചത്. സ്വാമിനാഥൻ സാറു തന്നെ തുടരുന്നു. ഈ ഇരുപതാം തിയ്യതി എന്റെ നവതിയാണ്. ഒന്നാഘോഷിച്ചു കളയാം. ആദ്യമായി തന്നെയാണ് നേരിട്ടു ക്ഷണിക്കുന്നത്.

ഓ നന്നായി. ഞങ്ങൾ വരാം. പിന്നെ, എന്തിനാണടോ ഇത്രപ്രായമായീ എന്ന് നാട്ടുകാരെ വിളിച്ച് വയസ്സറീക്കണേ?

അതേടോ,എനിക്ക് താൽപര്യമുണ്ടായിട്ടല്ല. ചെക്കനും പെണ്ണിനും ഒരേ വാശി. ഷഷ്ടി സപ്തതിയൊന്നും വേണ്ടമാതിരി യുണ്ടായിട്ടില്ല. തൊണ്ണൂറ് പൊടിപൊടിക്കണംന്ന്! നമ്മുടെ എല്ലാ ബന്ധുക്കളേയും ഒരുമിച്ചു



കൂട്ടണം എന്ന്. പിന്നെ നമ്മുടെ പഴയ സഹപ്രവർത്തകർ. വായനശാല, കലാസമിതി സംഘടനാസുഹൃത്തുക്കൾ, പലരും ഇന്നില്ല. ഉള്ളവരെ ഒരുമിച്ചൊന്നു കാണാനും വിശേഷങ്ങൾ പങ്കിടാനും.

ശരി, ശരി. തന്റെ വഷളുകൂട്ടായ്മക്ക് ഞങ്ങൾ നേരത്തെയെത്തിക്കോളാം! ഒരു ചിരിയോടെ ഫോൺ വെച്ചു.

ഒരുമിച്ചു പഠിച്ചവർ, ഒരുമിച്ചു വളർന്നവർ, നാട്ടിലെ ഗ്രന്ഥശാലയും കലാസമിതിയും സംഘടിപ്പിക്കുവാൻ ഒരുമിച്ചു പ്രവർത്തിച്ച സ്വാമിനാഥൻ അറിവിന്റെ ലോകത്ത് ഒരു പടി മുന്നിലായിരുന്നു. എല്ലാ വിഷയത്തിലും ഫസ്റ്റ് റാങ്ക് നേടുന്ന ജീനിയസ്സാണെങ്കിലും വായനയിലും എഴുത്തിലും സ്വാമി പിറകിലായിരുന്നില്ല. ഗായകനും നടനും കഥാപ്രസംഗികനുമായ സ്വാമിനാഥൻ ഞങ്ങളുടെ തലമുറയിലെ ഹീറോ ആയിരുന്നു. ധാരാളം ചെറുപ്പക്കാർ ആരാധകരായി. കോളേജ് അദ്ധ്യാപകനായി പ്രൊഫസറായി അറിയപ്പെടും വരെ സ്വാമി വിപ്ലവകാരിയായിരുന്നു. സംഘടനകളുടെ സമ്മേളനങ്ങളിൽ തീപ്പൊരി പ്രസംഗകനായിരുന്ന മാഷ് ഇടക്കിടെ ചെറുവേരയെ ഉദ്ധരിയ്ക്കും. നിങ്ങൾക്കെന്നെ കൊല്ലാൻ കഴിഞ്ഞേക്കും. പക്ഷെ

ഒരിക്കലും തോൽപ്പിക്കാനാവില്ല. പ്രൊഫസറുടെ പ്രസംഗം അവസാനിക്കുമ്പോൾ നീണ്ടകരഘോഷം.

വിവാഹിതനായി യുജിസി പ്രൊഫസറായി ഉന്നതങ്ങളിലെത്തിയ സാറിനെക്കുറിച്ച് പിന്നീടധികം കേൾക്കാതായി. അദ്ദേഹം സുഹൃത്തുക്കളിൽ നിന്നകലുകയോ അവർ അദ്ദേഹത്തെ അകറ്റുകയോ ഉണ്ടായി. തീവ്ര രാഷ്ട്രീയത്തിൽ നിന്ന് അരാഷ്ട്രീയത്തിലേക്കും റിട്ടയർമെന്റോടെ ആത്മീയതയിലേക്കുമെത്തിയ സ്വാമി സർ പഴയ സുഹൃത്തുക്കളുടെ മനസ്സിൽ സകലകലാ വല്ലഭനായി പണ്ഢിതനായി നിലനിൽക്കുന്നു.

ട്രഷറി ബഞ്ചിൽവെച്ച് പലപ്പോഴും സ്വാമിയെ കണ്ടുമുട്ടാറുണ്ട്. മൂത്തമകൻ രാജാനന്ദ് അമേരിക്കയിൽ എഞ്ചിനിയർ, സ്വിറ്റ്സർലന്റുകാരിയായ പത്നിയുമൊപ്പം നാട്ടിൽവരവ് അപൂർവ്വം, മകൾ സുനിത ബി.എം.ഡബ്ലിയൂ കമ്പനി മാനേജർ ഫർണാണ്ടസ് സ്റ്റീഫന്റെ സഹധർമ്മിണിയായി ഇപ്പോൾ ചൈനയിലാണ്. സ്വാമിനാഥനും പത്നിയും പരസ്പരം മൂന്നു വടികളായ് വലിയ വീട്ടിൽ ഏകാന്തത പങ്കിടുന്നു. റിട്ടയേഡ് പ്രിൻസിപ്പാളായ ശാരദാമ്മക്ക് കാൽമുട്ടു വിലക്കവും എടുപ്പു വേദനയും കൂട്ടിനുണ്ട്. ഒരു പ്രഭാതസവാരിയിൽ മാട്ടായ കയറ്റത്തു വെച്ചു രണ്ടുപേരേയും കണ്ടുമുട്ടി.

ഷുഗറിന്റേയും കൊളസ്റ്റോളിന്റേയും ഏറ്റകുറച്ചിലുകളെ ചർച്ചചെയ്തു. പ്രഭാതനടത്തവും ശുദ്ധവായുവും സസ്യഭക്ഷണവും സ്വാഭാവിക ചികിത്സയാണെന്ന കാര്യത്തിൽ സമരസപ്പെട്ടു പിരിയുമ്പോൾ സ്വാമിസാറിന്റെ തോളത്തു തട്ടി പറഞ്ഞു. ഭാഗ്യവാൻ.

താൻ പറഞ്ഞത് ശരിയാണ്. മക്കളുടെ കാര്യത്തിലെങ്കിലും. സ്വാമി തുടർന്നു. എങ്കിലും ചില ഏകാന്തതകളിൽ നാം വളർന്ന ചുറ്റുപാടും കൂട്ടംകൂടി കാടു കാട്ടി നടന്നതും. ഓർക്കാനെന്തു രസമാണ്!

ഇന്നു പലരും ജീവിച്ചിരിപ്പില്ല. മക്കളോ മക്കളുടെ മക്കളോ പേരകിടാങ്ങളോ ഒക്കെയായി ലോകത്തിന്റെ പല ഭാഗത്തുമായി സന്ധുബന്ധുക്കൾ എണ്ണമറ്റതാണ്. ശിഷ്യരും സഹപ്രവർത്തകരുമായി പലരും ഓർമ്മയിൽ മിന്നി മറഞ്ഞു.

സ്വാമിസാർ ലിസ്റ്റു തയ്യാറാക്കികൊണ്ടിരുന്നു. രാജാനന്ദ് യു.എസ്.എയിൽ നിന്നും സുനിത ഫർണാണ്ടസ് ചൈനയിൽ നിന്നും നിരന്തരം മെസ്സേജ് അയച്ചു. നാട്ടുകാരെല്ലാം വരട്ടെ. ഡാഡിയുടെ ഓർമ്മയിലുള്ളവരെയെല്ലാം വിളിച്ചോളൂ. അവരുടെ നമ്പറുകൾ തന്നാൽ ഞങ്ങൾ മെസ്സേജടിച്ചോളാം.

അച്ഛന്റെ എഫ്ഡിയൊന്നും അനക്കരുത്. എല്ലാ ചിലവും ഞങ്ങൾ വഹിക്കും.

ഹൃദയം നിറഞ്ഞ പ്രൊഫസർ സംഘാടകരായ നാട്ടുകാരോട് പറഞ്ഞു. നമ്മുടെ നാട്ടുകാരേയും പഴയ ശിഷ്യന്മാരേയും സഹപ്രവർത്തകരേയും സഖാക്കളേയുമൊക്കെ ഒത്തൊരുമിച്ചു കാണുക. അത്രേ ഉദ്ദേശമുള്ളു. ഇനിയൊക്കെ നിങ്ങളുടെ ഒത്തോണം പോലാവാം.

വിശദമായ പത്രറിപ്പോർട്ടുകൾ വന്നു. പ്രഗത്ഭനായ റിട്ടയേഡ് പ്രൊഫസറും പൊതുകാര്യപ്രസക്തനും ബഹുഭാഷാ പണ്ഡിതനും സകലകലാവല്ലഭനുമായ ബഹു: സ്വാമിനാഥൻ മാസ്റ്ററുടെ നവതീയാഘോഷം...! പ്രധാന കവലകളിൽ വർണ്ണാഭമായ ഫ്ളക്സ് ബോർഡുകൾ"നാടിന്റെ പ്രൊഫസർ നവതിയുടെ നിറവിൽ ..."

പാചക വിദഗ്ദനായ പേരാങ്ങല്ലൂർ മാധവൻ നമ്പൂതിരിയെ ദേഹണ്ഡമേൽപ്പിച്ചു. സുനിതയും ഫർണാണ്ടസും മക്കൾ ഡോക്ടർ ഷീബയും ഡോക്ടർ മനോജ് സ്വാമിയും കേരളീയ വിഭവങ്ങൽ പ്രത്യേകം നിർദ്ദേശിച്ചയച്ചു. ഇരുപത്തെട്ടു കൂട്ടം വിഭവങ്ങൾ. വെജിറ്റേറിയനും നോണും. പായസം നാല്. പാലട, ശർക്കര അട, പാൽ, പഴം...

ഓ ഓ ! ഗംഭീരം. മാന്നൻ തിരുമേനി തല കുലുക്കി സമ്മതിച്ചു. " തൈരുകൂട്ടി ഊണു കഴിച്ച് ഈ സാധു നമ്പൂതിരിക്ക് ഒരു പേരു തരണം!".

പേരല്ല പൊന്നാടാ ....!. മനോജ് ഡോക്ടർ പ്രഖ്യാപിച്ചു.

സുമംഗലി കല്യാണ മണ്ഡപം വർണ്ണാഭമായി.

ശുഭവസ്ത്ര ധാരിയായ സ്വാമിനാഥൻ സാറിനെഞങ്ങൾ അലംകൃതമായ മണ്ഡപത്തിലേയ്ക്കെത്തിച്ചു. വിദേശ ഡോക്ടർമാരും എഞ്ചിനീയർമാരും അവരുടെ കൗമാരക്കാരായ ന്യൂ ജനറേഷനും വാതുക്കൽ നിന്ന് ആഗതരെ വെൽക്കം ചെയ്തു. മിസ്സിസ് ജയാനന്ദും മക്കളും സാറിനെശ്രദ്ധിച്ചു. ഡോക്ടർ ഷീബയുടെ മക്കൾ സിമ്രാനും സ്വറ്റ്ലാനയും ഗ്രാന്റ് ഫാദറിനെനോക്കി. സിമ്രാൻ മമ്മിയോട് ചോദിച്ചു.

ഈസ് ഹി ണയന്റി?

യെസ്, ഔർബി ലൌഡ് ഗോഡ് ഫാദർ!. സ്വറ്റ്ലാനയ്ക്കു ബോധ്യമായില്ല അവൾ എല്ലാവരും കേൾക്കെ പറഞ്ഞു. നോ. നോട്ട് ണയന്റി. വൺ ഹൺ ട്രഡ് ആന്റ് വൺ!

നോ. കീപ്സൈലൻസ്. ഡോക്ടർ ഷീബ താക്കീത് ചെയ്തു. ബന്ധുക്കൾ കൂട്ടമായി വന്നു. ചിലർ കസവു വേഷ്ടികൾ, സ്വർണ്ണനൂൽ വേഷ്ടികൾ, പെട്ടികൾ

തൊഴുതും എഴുന്നേറ്റും ഇരുന്നും നടുകഴച്ചു. ശാരദ ടീച്ചറും മരുമക്കളും ഇരുഭാഗത്തും താങ്ങി. പിന്നിൽ കുന്നു പോലെ കസവു തിളക്കം.

"എല്ലാവരും വരിൻ. കേക്ക് അച്ഛൻതന്നെ മുറിയ്ക്കട്ടെ." മെയ്ഡിൻ യു.എസ്.എ തിളങ്ങിയ കേക്ക് മേശപ്പുറത്ത് വെച്ച് ഡോക്ടർ രാജാനന്ദും സുനിതയും പറഞ്ഞു. ടീച്ചറും ഷീബാ ഡോക്ടറും സാറിനെമേശയ്ക്കടുത്ത് നിർത്തി കത്തുന്ന മെഴുകുതിരികൾ സിമ്രാനും സ്വറ്റ്ലാനയും ഊതി. സുനിത

കത്തി അപ്പനു കൊടുത്തു.

ഹാപ്പി ബർത്ത് ഡേ..

എല്ലാവരും കൈകൊട്ടി. മാസ്റ്റർ കേക്ക് മുറിച്ചു. മക്കൾ പല കഷമണങ്ങളാക്കി. സാറിന്ന് ഒരു പീസ് ടീച്ചറും ടീച്ചർക്ക് ഒരു കഷണം സാറും നൽകി. തുടർന്ന് ഓരോരുത്തരായി കേക്ക് കഷണങ്ങളെടുത്തു. സാറ് വാ പിളർക്കും മുമ്പ് കുട്ടികളും വലിയവരും ഹാപ്പി ബർത്ത് ഡേ പറയലും കെയ്ക്ക് കഷണങ്ങൾ തിരുകലും തകൃതിയായി. ശാരദ ടീച്ചർ പറഞ്ഞു.

മതിമതി. ഓവർ ഷുഗറാണ്.

സാരമില്ല. ഇന്നൊരു ദിവസമല്ലേ. ആരൊക്കെയോ പ്രതികരിച്ചു.

കെയ്ക്ക് കഷണങ്ങൾ വെപ്പു പല്ലുമായി വിരകി വായിൽ കുഴഞ്ഞ് കണ്ഠനാളത്തിലമർന്നു. പ്രൊഫസർ ഇടത് കൈകൊണ്ട് നെഞ്ചമർത്തി. വാ പിളർന്ന് പിറകൊട്ട് മലർന്നു.

സാർ, സാർ പലരും വിളിച്ചു.

അല്ല, ഡാഡീ. വിളികൾക്കു പ്രതികരണമില്ല.

മനോജും ഡോക്ടറും കിരണും നാഡിമിടിപ്പും ശ്വാസമിടിപ്പും പരിശോധിച്ചു. സ്വരം താഴ്ത്തി പറഞ്ഞു. സൈലന്റ് അറ്റാക്ക് ആന്റ് ഡിമൈസ്. ഇപ്പോൾ പുറത്തു പറയണ്ട.

ഹാളിൽ ശബ്ദമുയർന്നു. ആ വരിയിൽ വിളമ്പു നടക്കട്ടെ. ഈവരിയിൽ പായസം.....സദ്യ പൊടിപാറുമ്പോൾ ഇരമ്പി നീങ്ങിയ ആംബുലൻസിന്റെ ശബ്ദം അധികമാരും കേട്ടില്ല. ഊൺ ഹാളിൽ വിളമ്പുകാരുടെ മുഖരിത ശബ്ദങ്ങൾ മുഴങ്ങി.


ആ ലൈനിൽ പാലട വിളമ്പൂ. പിറകെ പഴം. ഈ ലൈനിൽ പരിപ്പ് പ്രഥമൻ. പിറകേ...!!

ഭക്ഷണം കഴിഞ്ഞ് ഏമ്പക്കമിട്ടവർ അഭിപ്രായം പറഞ്ഞു. അടിപൊളി. ഗംഭീരം.

■

കവിത

# നീയും ഞാനും




ശ്രീധരനുണ്ണി

അഹന്തയെന്ന തമസ്സുമാറി
ഹൃദന്തമാകെ വെളുപ്പു പൂശി.
അതു നേരം ഞാൻ തെളിഞ്ഞു കണ്ടു
പരം പൊരുളിൻ മഹിത രൂപം.
ശ്രുതി പിഴച്ച സ്വരമഖിലം
മതിയിൽ നിത്യ മറവിയായി.
പുതിയ ഗാനലയ മധുര-
സ്മൃതിയിലെന്നെയുണർത്തി നിർത്തി.
അതുനേരം ഞാൻ നിറന്നുകോട്ടു
പരം പൊരുളിൻ മധരനാദം
അനന്തകോടി ജഗത്തിൽ നിന്നും
ഒരുവിഭാഗ പ്രഭ വിരിഞ്ഞു.
അതുനീയെന്ന പൊരുളറിഞ്ഞു
അതുഞാനെന്ന തെളിവറിഞ്ഞു
അതു നേരം ഞാനലിഞ്ഞു തീർന്നൂ
അതിലീവിശ്വം തെളിവിയർന്നൂ

കവിത

# മഴവില്ല്



ശിവദാസൻ ചെമ്മണ്ട

ആശകൾ പൂക്കുന്ന പൂങ്കാവനം
ആകാശഗംഗയിൽ പൂത്തു നിൽപ്പൂ
വാർമഴവില്ലിന്റെ രൂപ കാന്തി
പൂമ്പാറ്റക്കൂട്ടങ്ങൾ പാറിപ്പറക്കുവാൻ
കൊതിയോടെ രതിയോടെ തുടിച്ചീടുന്നു
വർണ്ണ മനോഹര ചിത്രങ്ങൾ കണ്ടിതാ-
മയിലുകൾ കൂട്ടമായാടിടുന്നു
മേഘങ്ങൾ മെല്ലെയിളകീടുന്നു
മഴയോ ശാന്തമായിപ്പെയ്തീടുന്നു
കാടിളകി കൂടിളകിയാടിടുന്നു
പൊൻവെയിൽ മെല്ലെയുദിച്ചീടുന്നു
കണ്ണിനും കാതിനും ആനന്ദ പൊൻപ്രഭ
പൂങ്കാറ്റിലാടിയുലയുന്ന മയിലുകൾ
എല്ലാം മറന്നു കളിച്ചീടുന്നു
പൂത്തു പുളകമായ് മാനത്തെ പൊൻ നിഴൽ
പൂമ്പാറ്റക്കൂട്ടങ്ങൾ പാറിപ്പറക്കുന്നു
വർണ്ണമേഘങ്ങൾ നൃർത്തമാടുന്നു
വാനിലെ പൊൻമേനി തിളങ്ങീടുന്നു
കുന്നിൻ ചരുവിലെ പൂമര ചില്ലയിൽ
പക്ഷികൾ മെല്ലെ പറന്നീടുന്നു
കുളിരേറ്റ് നുരയേറ്റ് പൊങ്ങി മറയുന്നു
ഇരുട്ടോ മെല്ലെ മറഞ്ഞീടുന്നു
നദികളിൽ പൊൻ ദീപം തെളിഞ്ഞീടുന്നു
മാനത്തും മണ്ണിലും മിന്നി നിൽപൂ
ഏഴല്ല എഴുന്നൂറ് വർണ്ണത്തിൻ പൊൻപ്രഭ
ആകാശഗംഗയിൽ തെളിഞ്ഞീടുന്നു

ലേഖനം



സുകുമാർ
കൂർക്കഞ്ചേരി

# പരന്ന വായനയുടെ പാർവ്വണശോഭ

അതീവ സങ്കടം തോന്നിയ ഒരനുഭവമാണ് ആദ്യമേ പറയുന്നത്. ഭാഷയ്ക്കും സാഹിത്യത്തിനും വേണ്ടി നിലകൊള്ളുന്നൊരു സർക്കാർ സ്ഥാപനം പ്രമുഖരും പ്രഗത്ഭമതികളുമായ മൺമറഞ്ഞ പ്രതിഭാശാലികളെപ്പറ്റി പ്രസിദ്ധികരിക്കുന്നഗ്രന്ഥാവലിയിലേക്ക് ഒന്നോ രണ്ടോ പുസ്തകങ്ങൾ രചിക്കണമെന്ന് ഒരു സുഹൃത്ത്വഴി ആവശ്യപ്പെടുകയുണ്ടായി. ഉത്തരായനം പോലുള്ള ദാർശനിക സിനിമകൾസംവിധാനം ചെയ്ത ജി. അരവിന്ദനെയാണ് ആദ്യം എനിക്കോർമ്മ വന്നത്. എന്നാൽ അദ്ദേഹത്തെപ്പറ്റി വേറോരാൾ എഴുതുന്നുണ്ടെന്ന് പറഞ്ഞപ്പോൾ രണ്ടാമതായി പ്രൊഫസർ എം. കൃഷ്ണൻനായരുടെ പേരാണ് ഞാൻ പറഞ്ഞത്. ഫോണിന്റെ അങ്ങേതലയ്ക്കൽ നിന്നും വന്ന മറുപടി ഇതായിരുന്നു. "അതു വേണ്ട കുറേകൂടി വലിയവരേയാണ് ഉദ്ദ്യേശിക്കുന്നത്."

മലയാളത്തിലെ ആനുകാലികങ്ങളിൽ ആദ്യമായി സാഹിത്യ നിരൂപണ പംക്തി ആരംഭിക്കുകയും അത് സാധാരണക്കാരായ ഓട്ടോഡ്രൈവർമാരെകൊണ്ടുപോലും വായിപ്പിക്കുകയും ചെയ്ത ഒരാളെകുറച്ചായിരുന്നു ഈ അവഗണനഎന്നോർക്കണം.

പണ്ട് കൊല്ലത്തുനിന്നും എസ്.കെ.നായർ "മലയാളനാട്" വാരിക തുടങ്ങിയപ്പോൾ ഒപ്പം കൂട്ടിയതാണീ നിരൂപകേസരിയെ. പിന്നീട് മലയാളനാട്ടിൽനിന്നും കലാകൗമുദിയിലേക്ക് സാഹിത്യവാരഫലമെന്ന സ്ഥിരം പംക്തി മാറ്റുകയും വർങ്ങളോളം മുടങ്ങാതെ തുടരുകയും ചെയ്തു. മലയാളത്തിലെ ഒട്ടുമിക്ക ആനുകാലികങ്ങളിലും അച്ചടിച്ചു വരുന്ന സാഹിത്യ വിഭവങ്ങൾ വായിച്ച് വിമർശനാത്മകമായും സരസമായും അഭിപ്രായമെഴുതി. കൂടെ വൈദേശിക സാഹിത്യ കൃതികളിൽ നിന്നുള്ള ഉദ്ധരണികളും പ്രസക്തമായ ഖണ്ഡികകളുടെ തർജ്ജമയും രസകരമായി പ്രതിപാദിച്ചു പോന്നു. മുഖം നോക്കാതെയും സൗഹൃദബന്ധങ്ങൾ വിലങ്ങുതടിയാവാതെയുമാണ് അദ്ദേഹം നിരൂപണം നിർവ്വഹിച്ചത്. മനുഷ്യസഹജമായ വികാരവിക്ഷോഭങ്ങളും ക്ഷണഭംഗുരമോസ്ഥായിയോ ആയ ശത്രുതാ വിചാരങ്ങളുമെല്ലാം നിരീക്ഷണങ്ങളിൽ കടന്നുവരാറുണ്ട്. എല്ലാറ്റിന്റേയും ആകെത്തുക രസനിഷ്യന്ദിയോ അനുഭൂതിദായകമോ ആയിരിക്കും.

ഒരിക്കൽ തൃശൂർ രാമനിലയത്തിൽ വെച്ച് ഏതോ പ്രഭാഷണ ദൗത്യവുമായെത്തിയ കൃഷ്ണൻനായരെ കാണാൻ ചെന്നപ്പോൾ അദ്ദേഹം എന്നോടു ചോദിച്ചു:

"എന്റെ തല്ലു കിട്ടിയിട്ടുണ്ടോ?" (കഥാവിമർശനത്തിലൂടെയുള്ള തല്ലാണ് ഉദ്ദേശിച്ചത്.)

തല്ലുമാത്രമല്ല തലോടലും കിട്ടിയിട്ടുണ്ടെന്ന് ഞാൻ മറുപടി പറഞ്ഞതോർക്കുന്നു. പലപ്പോഴും ശകാരവർഷം നടത്തിയിരുന്നെങ്കിലും വാരികകളിൽ വന്ന എന്റെ പല കഥകളെക്കുറിച്ചും വളരെ നല്ല അഭിപ്രായവും അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായിട്ടുണ്ട്. (ഉദാഹരണത്തിന് "പ്രതി "എന്ന കഥ. വായനക്കാരന് സോഷ്യൽ കോൺഷ്യസ്നസ് ഉണ്ടാക്കുന്ന കഥയെന്നാണ് അദ്ദേഹം പ്രതികരിച്ചത്) (കലാകൗമുദി – ലക്കം 435).

പരിചയക്കാരുടെ രചനകളെപ്പറ്റി എഴുതുന്നത് അപകടകരമാണെന്നാണ് അദ്ദേഹം സ്വയം ഓർമ്മപ്പെടുത്താറുള്ളത്. എങ്കിലും ചിലപ്പോഴൊക്കെ അങ്ങനെയും ചെയ്തു പോന്നു. ഒരിക്കൽ ഡി. വിനയചന്ദ്രന്റെ ഒരു കവിതയെപ്പറ്റി തീവ്രമായ അനിഷ്ടത്തോടെ സാഹിത്യവാരത്തിൽ എഴുതി. പ്രകോപിതനായ കവി പിന്നീട് കുങ്കുമം വാരികയിലെ ഒരഭിമുഖത്തിൽ പേരെടുത്തു പറയാതെ കൃഷ്ണൻനായരെ വിമർശിച്ചു. തുടർന്ന് കൃഷ്ണൻ നായർ സാഹിത്യവാരത്തിൽ വിനയചന്ദ്രനെതിരെ വീണ്ടും പ്രതികരിച്ചു. കവിയ്ക്കു ശ്വാസം മുട്ടി. പ്രതികരണം എഴുതി അറിയിച്ചെങ്കിലും പത്രാധിപർ അതു പ്രതികരിച്ചില്ല. സ്വന്തം കവിതയെ അതിരറ്റു സ്നേഹിച്ച കവി വല്ലാതെ വികാരാധീനനായി. ഒപ്പം ഏതാനും എഴുത്തുകാരും കൂടി. അവരിൽ പലരും സാഹിത്യവാരഫലം ഹേതുവായി കൃഷ്ണൻനായർക്കെതിരെ അങ്കം കുറിക്കാൻ ഒരുങ്ങിയിരിക്കായിരുന്നു. അങ്ങനെകൃഷ്ണൻനായർക്കെതിരെ തികച്ചും അപമാനകരമായ വിധത്തിൽ ഒരു നോട്ടീസ് അച്ചടിച്ചു പരസ്യമായി വിതരണം ചെയ്തു. പിറ്റേന്നത്തെ പത്രങ്ങൾ സംഗതി കൊഴുപ്പിക്കുകയുണ്ടായി. അപമാനിതനും ക്ഷുഭിതനുമായ കൃഷ്ണൻ നായർ അന്നത്തെ മുഖ്യമന്ത്രി നായനാരെ ചെന്നു കണ്ടു. വാരഫലത്തിന്റെ വായന

ക്കാരൻ കൂടിയായ നായനാർ ഉടനെഅന്വേഷണത്തിന് ഉത്തര വിട്ടു. എസ്. ഗോപാലൻ കമ്മീഷ നെയും അന്വേഷണത്തിനായി നിയോഗിച്ചു. തെളിവെടുപ്പിൽ വിനയചന്ദ്രൻ കുറ്റക്കാരനെന്നു കണ്ടെത്തി. ഉദ്യോഗത്തിൽ നിന്നും സസ്പെന്റു ചെയ്യാൻ നിർദ്ദേശമായി. കാര്യങ്ങൾ ഇത്രയും ഗൗരവവതരമായപ്പോൾ നരേന്ദ്ര പ്രസാദും മറ്റും ചേർന്ന് കൃഷ്ണൻ നായരോട് പരാതി പിൻവലിക്കണമെന്ന് അപേക്ഷി ച്ചു. സ്നേഹപൂർവ്വമായ ആ സമ്മർദ്ദത്തിന് കൃഷ്ണൻനായർ ഒട്ടും മടിക്കാതെ വഴങ്ങിയെന്ന പറഞ്ഞാൽമതിയല്ലോ.വിനയ ചന്ദ്രൻ അങ്ങനെ ഉദ്യോഗത്തി ലേക്ക് തിരിച്ചുകയറി. പിന്നീട് പലപ്പോഴും പുസ്തകക്കട യിൽവെച്ച് ഇരുവരും കണ്ടുമുട്ടി. ആദ്യമൊന്നും കൃഷ്ണൻനായർ കവിയോട് സംസാരിക്കാൻ കൂട്ടാ ക്കിയില്ല. എന്നാൽ മെല്ലെമെല്ലെ വിരോധം കുറഞ്ഞുവന്നു. ഒന്നുമി ല്ലെങ്കിലും നല്ലകൃതികൾ വായി ക്കുന്ന ഒരാളല്ലേ എന്നതായി രുന്നു കൃഷ്ണൻനായരുടെ വൈരാഗ്യം കുറയുവാനുള്ള കാര ണം.

തഥാഗതൻ, സിദ്ധാർത്ഥൻ, ബുദ്ധൻ, ശാക്യമുനി ഇങ്ങനെ പല പേരുകളിൽ അറിയപ്പെട്ടി രുന്ന മഹാത്മാവിനെപ്പറ്റി കൃഷ്ണൻ നായർ എഴുതിയി രുന്ന ഒരു ലേഖനത്തിൽ അദ്ദേഹം സ്വയം നിർവ്വഹിച്ച ഒരാ ശയസംവാദത്തിലെ നിരീക്ഷണ ങ്ങൾ ഇങ്ങനെയായിരുന്നു.

ദുഃഖം എപ്പോഴുമു ണ്ടെന്ന് ഊന്നിപ്പറഞ്ഞ തത്വചിന്ത കനായിരുന്നു ബുദ്ധൻ. ബുദ്ധൻ പ്രചരിപ്പിച്ച നിർവ്വാണത്തിന്റെ അർത്ഥമെന്തെന്ന് സ്പഷ്ടമല്ല. ശൂന്യതാവാദികളായ ചിലർ അതിനെലോകത്തിന്റെ നിശ്ശേഷ ശൂന്യതയായി കാണുന്നു. ശൂന്യ തയും നാശവും ജീവിതത്തിന്റെ പരമലക്ഷ്യമായി അവർ കരുതു ന്നു. വേറെ ചിലർ പറയുന്നു നിർവ്വാണമെന്ന പദം കൊണ്ട് ബുദ്ധൻ ലക്ഷ്യമാക്കിയത് ആത്മാംശത്തിന്റേയും പ്രപഞ്ച ത്തിന്റേയും നാശത്തെയാണെന്ന്. ഒടുങ്ങാത്ത വാദപ്രതിവാദം. മനു ഷ്യന്റെ മഹത്വവും ക്ഷുദ്രതയും ഏതുതരത്തിലുള്ളതുമാവട്ടെ. മരണം അതിൽ വ്യത്യാസം കല്പിക്കുന്നില്ല. സോക്രട്ടീ സിനു വിഷം കുടിച്ചു മരിക്കേ ണ്ടിവന്നു. യേശുക്രിസ്തുവിന് കുരിശിൽ കിടന്നും. ഗാന്ധിജി വെടിയേറ്റു മരിച്ചു. ശ്രീരാമകൃ ഷ്ണ പരമഹംസൻ തൊണ്ട യിൽ കാൻസർ വന്നു മരിച്ചു. രമണ മഹർഷി രക്താർബ്ബുദ ത്താലും. ക്ഷയരോഗാണു വാണ് പ്രതിഭാശാലിയായ കീറ്റ്സിന്റെ സ്വാശകോശം നശി പ്പിച്ചത്. ലോകം കണ്ട മഹാന്മാ രിൽ സുപ്രധാനനായ ബുദ്ധൻ രക്താതിസാരം പിടിച്ചാണ് ഇവിടം വിട്ടുപോയതും. പ്രകൃ തിക്കു മഹാനെന്നും നിസ്സംഗ നെന്നുമുള്ള വ്യത്യാസമില്ല. അത് എല്ലാവരേയും ഒന്നു പോലെ ഗ്രസിക്കുന്നു. പക്ഷേ ഒരു വ്യത്യാസമുണ്ട് മഹാ ന്മാർക്ക് നിസ്സംഗനായി മരണ ത്തിന് അഭിമുഖിഭവിച്ചു നിൽക്കാൻ കഴിയും. ശരീരം ഈ ലോകത്ത് ആവിർഭവിച്ചു. അതിന് ഒരു ദിവസം മരണമു ണ്ടായേ പറ്റൂ. അതിനാലാണ് ബുദ്ധമത വിശ്വാസി ഉദ്ഘോ ഷിക്കുന്നത്; "മരണത്തിന്റെ ഹേതു രോഗമല്ല-ജനനമാണ് എന്ന്. ജനിച്ച ബുദ്ധൻ മര ണത്തെ സമാശ്ലേഷിച്ചു. പരമ സത്യം സാക്ഷാത്കരിച്ച അദ്ദേ ഹത്തിന് ഭയമില്ലായിരുന്നു. ആഹ്ലാദമുണ്ടായിതാനും. മര ണത്തിനു ഹേതു ജനനമാമെ ന്നറിഞ്ഞിരുന്ന അദ്ദേഹം ഒരി ടത്തും പതറിയില്ല. മരണം മുൻപിലെത്തിയപ്പോഴും ചലനം കൊണ്ടില്ല.

ഇത്രയും പറഞ്ഞിട്ട് കൃഷ്ണഷൻനായർ ലേഖനം അവസാനിപ്പിക്കുന്നത് ഇങ്ങനെ: "ബുദ്ധന്റെ ജീവിത സങ്കല്പവും മരണസങ്ക ല്പവും നമ്മൾ കൂടി അംഗീക രിച്ചിരുന്നെങ്കിൽ ലോകത്ത് ഇന്നത്തെ ദുരവസ്ഥ ജനിക്കി ല്ലായിരുന്നു."

സാഹിത്യ വിമർശനം അഥവാ പുസ്തകങ്ങളേയും കഥകളേയും മറ്റും എഴുതുന്ന ഒരു പംക്തി ഇത്രയധികം ജന ങ്ങൾക്കിടയിൽ വായനാശീല മാക്കിയ വേറോരു എഴുത്തുകാ രനെഎനിയ്ക്കറിയില്ലെന്ന് മല യാള കഥയ്ക്ക ആധുനികത യുടെ മുഖം നൽകിയ എം. പി. നാരായണപിള്ള പറയുകയുണ്ടാ യി. 1980കളിൽ "ട്രയൽ" എന്നൊരു മലയാള വാരികയുടെ പത്രാധിപനായിരുന്ന നാരായണ പിള്ള ഇങ്ങനേയും എഴുതി; "മല യാള സാഹിത്യത്തിലെ ഏകാന്ത പഥികനാണ് എം. കൃഷ്ണൻനാ യർ. സാഹിത്യ നിരൂപണത്തെ ജനകീയമാക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് അനന്യ സാധാര ണം. ഉള്ളിൽ തോന്നുന്നത് ഭയ ലേശമന്യേ തുറന്നെഴുതുന്ന കൃഷ്ണൻനായർക്ക് എതിർപ്പു കളും വെല്ലുവിളികളും നേരിട്ട സന്ദർഭങ്ങൾ കുറച്ചൊന്നമല്ല. അതിനെയെല്ലാം പുഞ്ചിരിച്ചു തള്ളിക്കൊണ്ട് കൃഷ്ണൻനായർ മലയാള ഭാഷയെ ചൈതന്യഭരി തമാക്കുന്നതിൽ വ്യാപൃതനായി രിക്കുന്നു."

എക്സൈസ് ഇൻസ്പ ക്ടറായിരുന്ന വി.കെ. മാധവൻ പിള്ളയുടേയും എൽ. ശാരദാമ്മ യുടേയും മകനായി 1923 മാർച്ച് 19ന് നേമത്താണ് കൃഷ്ണൻനാ യർ ജനിച്ചത്. അച്ഛന്റെ ഉദ്യോഗ സ്ഥലംമാറ്റത്തിനനുസരിച്ച് തിരു വിതാംകൂറിൽ വിവിധസ്ഥലങ്ങളി ലായിട്ടായിരുന്നു വിദ്യാഭ്യാസം. 1945ൽ ഗവൺമെന്റ് സെക്രട്ടറി യേറ്റിൽ ക്ലാർക്കായി ജോലിക്കു ചേർന്നു. അതേ വർഷം തന്നെ വിവാഹം. ഭാര്യ ജെ. വിജയമ്മ. 1946ൽ അദ്യാപകനായി ഉദ്യോഗം മാറി. 32-ാമത്തെ വയസ്സിൽ സ്ക്കൂട്ടറപകടത്തിൽ മരിച്ചു പോയ മകൻ വേണുഗോപാൽ ഉൽപ്പെടെ 5 മക്കൾ. 4 പേർ പെൺക്കുട്ടികൾ. രാധ, രമ, ഉഷ, ലേഖ.

എസ്. അശോക്കുമാർ എന്നൊരു ലേഖകൻ ഒരിക്കലെ ഴുതി;എം. കൃഷ്ണൻനാർ എന്നും ഒറ്റക്കായിരുന്നു. പ്രത്യേകമായി ഒന്നും വിൽക്കാറില്ലാത്തതു കൊണ്ട് അദ്ദേഹം ഒരിക്കലും ക്ലിക്കോ ഗ്രൂപ്പോ ഉണ്ടാക്കിയില്ല. എല്ലാവിധത്തിലുള്ള സംഘടന കളിൽനിന്നും അകന്നു നിന്നു. തിരുവനന്തപുരത്തെ സംബന്ധി ച്ചിടത്തോളം വിചിത്രമായ ഒരു പ്രതിഭാസമായിരുന്നുവത്രേ ഈ ഒഴിഞ്ഞുനിൽക്കൽ. കാരണം നഗ രത്തിലിറങ്ങിയാൽ നാം കണ്ടുമു ട്ടുന്ന മൂന്നുപേരിൽ ഒരാൾ തീർച്ച യായും ഒരു കാവ്യയശഃ പ്രാർത്ഥി യാകും. അവർ ഏതെങ്കിലും ഒരു

മേൽവിലാസത്തോട് അടുത്തു ചേർന്നു നിൽക്കുകയും ചെയ്യുന്നു. എന്നാൽ കൃഷ്ണൻനായർ ഇതിനൊരപവാദമാണ്.

വർഷങ്ങൾക്ക് മുമ്പ് പി. കെ. ബാലകൃഷ്ണന്റെ "പ്ലൂട്ടോ" എന്ന നോവലറ്റ് ഒരു സ്പാനീഷ് കൃതിയുടെ അനുകരണമാണെന്ന് കൃഷ്ണൻനായർ എഴുതി. പ്രകോപിതനായ ബാലകൃഷ്ണൻ അതിനു മറുപടി പറഞ്ഞ കൂട്ടത്തിൽ കൃഷ്ണൻനായരെ വ്യക്തിപരമായി അധിക്ഷേപിക്കാനും മറന്നില്ല. നഗരത്തിലെ ലൈബ്രറികളിൽനിന്നും പുസ്തകങ്ങൾ തലച്ചുമടായി കൊണ്ടുപോകുന്ന കൃഷ്ണൻനായർ അതൊന്നും മറിച്ചു നോക്കാറില്ലെന്നും പ്രമുഖരായ ഏതെങ്കിലും എഴുത്തുകാരുടെ കൃതികൾ മനസ്സിരുത്തി വായിച്ചിരുന്നെങ്കിൽ തന്റെ പുസ്തകം അനുകരണമാണെന്ന് വിധിയെഴുതുമായിരുന്നില്ലെന്നും പറഞ്ഞു. തൊണ്ടിയോടെ പിടിക്കപ്പെട്ട ഒരാളുടെ പ്രാണവെപ്രാളമായിട്ടേ കൃഷ്ണൻ നായർ ആ ജല്പനങ്ങളെ വിലയിരുത്തിയുള്ളു.

ലൈബ്രറികളിൽ പോകുന്നത് കൃഷ്ണൻനായർ ഒരു ദിവസംപോലും മുടക്കിയിരുന്നല്ല. അവിടെനിന്ന് മുടങ്ങാതെ പുസ്തകങ്ങൾ കൊണ്ടു പോവുകയും ചെയ്തിരുന്നു. നഗരത്തിലെ എല്ലാ പുസ്തക ശാലകളും അദ്ദേഹം സന്ദർശിക്കുകയും പുതിയ പുസ്തകങ്ങൾ വായിക്കുകയും അവയിൽ തന്റെ അഭിപ്രായം എഴുതിയിടുകയും ചെയ്യുമായിരുന്നു. പച്ചമഴികൊണ്ടുള്ള ചങ്ങമ്പുഴയുടെ ഒപ്പ് പബ്ലിക് ലൈബ്രറിയിലെ പഴയ പുസ്തകങ്ങളിൽ കാണാറുണ്ടായിരുന്നു. അതുപോലെ പച്ചമഷി കൊണ്ടുതന്നെയാണ് കൃഷ്ണൻ നായരും അഭിപ്രായം രേഖപ്പെടുത്താറുള്ളത്.

പുസ്തകങ്ങൾ വില കൊടുത്തു വാങ്ങുന്ന കൃഷ്ണൻ നായരുടെ ശീലം ഒരിക്കൽ ഒരു ജർമ്മൻ പ്രൊഫസറെ ഒട്ടൊന്നുമല്ല അത്ഭുതപ്പെടുത്തിയത്. തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി അദ്ധ്യാപകരുമായി ഇടപഴകിയിരുന്ന സായിപ്പിന് അവരാരെങ്കിലും സ്വന്തം പണം കൊടുത്ത് പുസ്തകം വാങ്ങുന്നത് അറിയാമായിരുന്നില്ല. മറിച്ച് ഉദ്യോഗം കിട്ടിയാൽ എല്ലാവരുടേയും ലക്ഷ്യം സ്വന്തമായി കാറും വീടും സമ്പാദിക്കലാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. എന്നാൽ കൃഷ്ണൻ നായരുടെ പതിവുകൾ അദ്ദേഹത്തെ വിസ്മയപ്പെടുത്തി. പാവം പട്ടിണി കിടന്നാവും പുസ്തകങ്ങൾ വാങ്ങികൂട്ടുന്നത് എന്ന സായിപ്പിന്റെ നിരീക്ഷണം എത്രയോ സത്യസന്ധമാണെന്ന് കൃഷ്ണൻനായരെ അടുത്തറയാവുന്നവർക്കെല്ലാം അറിയാമായിരുന്നു. പുസ്തകകടയിൽ ഒരു പുതിയ പുസ്തകം എത്തിയെന്നറിഞ്ഞാൽ ആദ്യം അത് വാങ്ങുന്നത് കൃഷ്ണൻനായരായിരിക്കും.

ജാപ്പനീസ് നോവലിസ്റ്റായ യസുനാരി കവബാത്തയെ മലയാളികൾ ഒരു പക്ഷേ അറിയുന്നത് അദ്ദേഹത്തിന് നോബേൽ സമ്മാനം കിട്ടുന്നതോടെയാവാം. എന്നാൽ ജപ്പാനിലുള്ള ഒരു സ്നേഹിതന് കത്തെഴുതി കവബാത്തയുടെ "സൗണ്ട് ഓഫ് ദ മൗണ്ടൻ"എന്ന നോവൽ വരുത്തുകയും അതു വായിച്ചിട്ട് മഹോന്നതമായ രചനയെന്ന് കൃഷണൻനായർ എഴുതുകയും ചെയ്തത് എത്രയോ മുമ്പത്തെ കാര്യം!

മഹത്തായ കൃതികൾ കണ്ടെത്തുന്നതിൽ കൃഷ്ണൻ നായർക്ക് ഒരു ആറാമിന്ദ്രിയം തന്നെ ഉണ്ടായിരുന്നു. ഒരെഴുത്തുകാരനെകണ്ടെത്തി അയാളുടെ രചനവായിച്ച് ഇഷ്ടപ്പെട്ടാൽ പിന്നീട് അയാളുടെ എല്ലാ കൃതികളും തേടിപ്പിടിച്ചു വായിക്കുക അദ്ദേഹത്തിന്റെ ശീലമായിരുന്നു. ഈയൊരു പതിവ് നിരവധി ശത്രുക്കളേയും സമ്പാദിച്ചുകൊടുത്തുവെന്നാണ് അറിവ്.

സാക്ഷാൽ വൈക്കം മുഹമ്മദ് ബഷീറിനെകുറ്റപ്പെടുത്താൻ ഒരൊറ്റ നിരൂപകരും ധൈര്യപ്പെടാതിരുന്നപ്പോൾ അദ്ദേഹത്തിന്റെ ബാല്യകാലസഖിയും ജന്മദിനവും നൂട്ട്ഹോംസന്റെ കൃതികളുടെ നിഴലാണെന്ന് കൃഷ്ണൻനായർ തുറന്നടിക്കുകയുണ്ടായി. നാസിസത്തിന്റെ പിന്തുണക്കാരനായിപ്പോയതുകൊണ്ട് പാശ്ചാത്യ പുസ്തക പ്രസാദകർ ഗളഹസ്തം ചെയ്ത മൗലികരചനകളായിരുന്നു നൂട്ട് ഹോംസിന്റേത്. അദ്ദേഹത്തിന്റെ വിക്ടോറിയയും ഹങ്കറും അനശ്വരങ്ങളത്രെ. ആ കൃതികളാണ് നമ്മുടെ ബഷീറിന് പ്രചോദനമായതെന്ന കൃഷ്ണൻനായരുടെ നിരീക്ഷണം ഒരു പൊട്ടിത്തെറിയുണ്ടാക്കി. പലരും വാളോങ്ങിയപ്പോൾ അശേഷം കുലുങ്ങാതെ നുട്ട്ഹോംസന്റെ കൃതികളിൽ നിന്നുള്ള വാക്യങ്ങൾ എടുത്തു നിരത്തി വെച്ച് കൃഷ്ണൻനായർ എതിരാളികളെ നേരിട്ടു.

പ്രശസ്തരായ വയലാർ രാമവർമ്മ, ഒ.എൻ.വി. കുറുപ്പ് എന്നിവരെ മാറ്റൊലിക്കവിതകളെന്നു വിശേഷിപ്പിച്ചും എം. കൃഷ്ണൻനായർ വിവാദനായകനായി. അവിടം കൊണ്ടും നിർത്തിയില്ല. ചങ്ങമ്പുഴയുടെയും ഇടപ്പള്ളിയുടെയും കവിതകളെയും വയലാറിന്റെയും ഒ. എൻ.വി.യുടെയും കവിതകളേയും താരതമ്യം ചെയ്തു കൊണ്ടെഴുതി. വയലാറും ഒ. എൻ.വി.യും മൗലികതയുള്ള ഒരൊറ്റ വരിപോലും എഴുതിയിട്ടില്ല എന്ന്.

മറ്റൊരിക്കൽ ഒരു യുവ സാഹിത്യകാരന്റെ കഥയെ വിലയിരുത്തികൊണ്ട് എഴുതി: " മതി. ഇനി ഇയാൾ എഴുതണ്ട." അധമ സാഹിത്യത്തെയും നിസ്സാരന്മാരായ എഴുത്തുകാരേയും അതിനിശിതമായി വിമർശിക്കുന്നതിൽ കൃഷ്ണൻനായർ അൽപം പോലും ദയ കാണിച്ചില്ല. ഒരിക്കൽ മുണ്ടശ്ശേരിയേയും ശരിക്കൊന്ന് പിടിച്ചുകുലുക്കി. സംസ്കൃതവും മലയാളവും ചേർന്ന മുണ്ടശ്ശേരിയുടെ അവിയൽ ഭാഷയിലുള്ള സാഹിത്യനിരൂപണങ്ങളുടെ ലാഘവത്തെ വിമർശിച്ചതിന് ആ ബി.എ. ഓണേഴ്സുകാരനെന്നാണ് മുണ്ടശ്ശേരി അദ്ദേഹത്തെ വിശേഷിപ്പിച്ചത്. എന്നാൽ കുട്ടികൃഷ്ണമാരാരുടെ നിരൂപണങ്ങളെ എന്നും ആദരവോടെയാണ് കൃഷ്ണൻ നായർ കണ്ടിരുന്നത്. സുകുമാർ അഴീക്കോടിന്റെ വാഗ്മിതയും ഗുപ്തൻനായരുടെ ഉപരിപ്ലവതയും ഒരിക്കലും അദ്ദേഹത്തിന് പൊറുക്കാനായില്ല. ജി. ശങ്കരക്കുറുപ്പു

മായി ചങ്ങാത്തത്തിലായിരുന്നപ്പോൾ പ്രശംസ ചൊരിയുകയും അകന്നപ്പോൾ ജി.യുടെ "സാഗര സംഗീതം" അനുകരണമാണെന്ന് എഴുതുകയും ചെയ്ത അഴീക്കോടിന്റെ നിരൂപണങ്ങൾ വ്യക്തിനിഷ്ഠമാണെന്നു സ്ഥാപിച്ചു. അക്കദമിക് വിമർശകനായ ഐ.എ. റിച്ചാർഡിന്റെ വഴിയേപോയ സാഹിത്യനിരൂപണത്തെ ജനകീയമാക്കുന്നതിന്റെ ഭാഗമായിരുന്നു പോലും കൃഷ്ണൻനായറുടെ ഈ ഖണ്ഡനനിലപാടുകൾ. സാഹിത്യരചനനടത്തുന്നവർ മനുഷ്യസ്നേഹികളായിരിക്കണമെന്നദ്ദേഹം വിശ്വസിച്ചു. മഹത്തായ സാഹിത്യം മഹത്തായ മനസ്സിൽ നിന്നു മാത്രമേ ഉത്ഭവിക്കൂ എന്ന സമീപനത്തിൽ ഉറച്ചു നിൽക്കുകയും ചെയ്തു.

സാഹിത്യ വാരഫലം എഴുതുന്നത് വളരെ പ്രയാസമുള്ള കാര്യമാണെന്ന് ഒരിക്കൽ ഒരഭിമുഖത്തിൽ പറയുകയുണ്ടായി. പഴയകാര്യങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കണം. ഓർമ്മയിൽ മുങ്ങിതപ്പണം. തലച്ചോറിന് വിശ്രമമേ ഉണ്ടാവില്ല. രാത്രി 11 മണിയോടെ കിടക്കുമെങ്കിലും ഉറക്കം വരില്ല. ഉറക്കഗുളികയെ ആശ്രയിക്കേണ്ടി വരും.

സാഹിത്യ രചനയ്ക്ക് ലഭിച്ച ആദ്യത്തെ പ്രതിഫലം 5 രൂപയായിരുന്നു. ആദ്യ പുസ്തകത്തിന് 500 രൂപ. ആദ്യ പ്രസിദ്ധീകരണം- ആധുനിക മലയാള കവിത. രാവിലെ 10 മുതൽ 12 വരെയാണ് എഴുതുന്നത്. ഇംഗ്ലീഷ് സാഹിത്യം ധാരാളമായി വായിച്ചു എന്ന നിലയിൽ മലയാളത്തിലെ ഒരെഴുത്തുകാരനെ കുറിച്ചും ആദരവില്ലെന്നു അദ്ദേഹം പറഞ്ഞു.

കല ഒന്നേയുള്ളു. ടെക്നിക്കാണ് മാറുന്നതെന്ന് അദ്ദേഹം പറയുമായിരുന്നു. അത്യാധുനികവും നവീനവുമായ സാഹിത്യത്തിൽ ടെക്നിക്കിന്റെ അതിപ്രസരമാണുള്ളതെന്നും അദ്ദേഹം വിശ്വസിച്ചു. അവിടങ്ങളിൽ കലയുടെ മാന്ത്രിക പ്രഭാവമില്ല. നോവൽ, കവിത എന്നി വിഭജനങ്ങൾ ബഹിർഭാഗസ്ഥങ്ങൾ. കല എന്ന അംശമാണ് കാതലായത്. ഹെർമൻ ബ്രോഹിന്റെ The death of virgil കവിതയത്രെ. കസാൻദ്സാക്കീസിന്റെ ഏതു നോവലും ഏറെകുറെ തൃപ്തിപ്പെടുത്തിയ കവി ആരാണെന്ന ചോദ്യത്തിന് അദ്ദേഹത്തിന്റെ മറുപടി കടമ്മനിട്ടയെന്നായിരുന്നു.

ചെമ്മീൻ, ഖസാക്കിന്റെ ഇതിഹാസം എന്നീ കൃതികൾ മനോഹരങ്ങളെന്ന് കൃഷ്ണൻനായർ. മനോഹരമായവക്കു തമ്മിൽ താരതമ്യമില്ല. ഒന്ന് മറ്റൊന്നിനേക്കാൾ മനോഹരമെന്ന് പറയാൻ പറ്റില്ല. ലോകത്തിലെ മികച്ച പത്തു നോവലുകൾ എടുത്താൽ യുദ്ധവും സമാധാനവും, അന്ന കരിനീന, ബ്രദേഴ്സ് കാരമസോവ്, മാജിക് മൗണ്ടൻ,ഏകാന്തതയുടെ നൂറു വർഷങ്ങൾ എന്നിവയൊക്കെ അതിൽപ്പെടുമെന്നാണ് കൃഷ്ണൻനായർ നിരീക്ഷിച്ചത്. സ്ത്രീ സൗന്ദര്യം വിശ്വവശ്യമെന്നും സുന്ദരിയുടെ ചിരിയേക്കാൾ മനോഹരമായി ഈ ലോകത്തു മറ്റൊന്നുമില്ലെന്നും ഒരിക്കൽ അദ്ദേഹം പറയുകയുണ്ടായി. ശിഷ്യരിൽ ഏറെ വാത്സല്യമുണ്ടായിരുന്നത് മലയാളം ലക്ചറർ ആയിരുന്ന ഫാദർ കുനിയന്തോടത്തിനോടായിരുന്നു.

എഴുതിനോക്കിയപ്പോൾ ഒരു രൂപം കിട്ടി. ആ രൂപം ജനസമ്മതി നേടി. സാഹിത്യവാരഫലം ജന്മമെടുത്തത് അങ്ങനെയായിരുന്നു. നിരൂപണത്തിൽ വ്യക്തിപരമായ കാര്യങ്ങൾ ചേർക്കുന്ന രീതി ഫ്രഞ്ചുനിരൂപകൻ അനത്തോൾ ഫ്രാങ്സിൽ നിന്നും സ്വീകരിച്ചതത്രെ.

ഒരിക്കൽ ഒരു വായനക്കാരൻ എം. കൃഷ്ണൻനായർക്ക് ഇങ്ങനെഎഴുതി:

"സാഹിത്യവാരഫലം ഒരുകാലഘട്ടത്തിന്റെ ചരിത്രം കൂടിയാണ്.സിനിമാ നടികൾ തൊട്ടു രാഷ്ട്രീയക്കാർ വരെ അതിൽ കടന്നുവരാറുണ്ട്. മഹാഭാരതത്തിൽ ഇല്ലാത്തതൊന്നും ഇല്ലെന്നു പറഞ്ഞതുപോലെ സാഹിത്യവാരഫലത്തിൽ ഇല്ലാത്തതൊന്നുമില്ലെന്ന് എന്നെപ്പോലുള്ളവർ മനസ്സിലാക്കുന്നു."

ശക്തിയായി തമ്മിൽ വഴക്കടിച്ച ശേഷം സ്നേഹിക്കാൻ തുടങ്ങിയവരായിരുന്നു കൃഷ്ണൻനായരും കവി ചെമ്മനം ചാക്കോയും. നാലഞ്ചു തടിയൻ പുസ്തകങ്ങൾ നെഞ്ചോടു ചേർത്ത് പിടിച്ച് ഒരു നീളൻ കാലൻകുടയും കയ്യിൽ കരുതി സായാഹ്നങ്ങളിൽ ശാസ്തമംഗലത്തുനിന്നും രാജപാതയിലൂടെ പുസ്തകശാലകൾ ലക്ഷ്യമാക്കി നടന്നിരുന്ന കൃഷ്ണൻനായരെപ്പറ്റി ചെമ്മനം ഓർമ്മിപ്പിച്ചു കണ്ടു. മഹാരാജാവിന്റെ യാത്ര കഴിഞ്ഞാൽ തിരുവനന്തപുരത്തെ പ്രഖ്യാത "സഞ്ചാരസൗന്ദര്യം" എം. കൃഷ്ണൻനായരുടെ സായാഹ്ന യാത്രകളായിരുന്നുവത്രെ. വാർദ്ധക്യത്തിൽ കാഴ്ചശക്തിക്കു മങ്ങലേറ്റ് വായിക്കാൻ വിഷമിച്ചത് ആ ജീവിതത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ ദുഃഖമായിരുന്നു. വായിക്കാതെ ജീവിക്കന്നതെങ്ങനെഎന്നദ്ദേഹം ചോദിക്കുമായിരുന്നു. മുമ്പൊരിക്കൽ ഏകപുത്രന് അപകട മരണം സംഭവിച്ചപ്പോൾ ഒരു കുഞ്ഞിനെപ്പോലെ തേങ്ങികരയുന്ന പിതാവിനെ കൃഷ്ണൻനായരിൽ കണ്ടിരുന്നതായും കവി ചെമ്മനം ഓർമ്മിച്ചിരുന്നു. മറ്റൊരിക്കൽ നേരിൽ കാണാൻ ചെന്നപ്പോൾ വികാരമില്ലാത്ത ശബ്ദത്തിൽ ഭാവങ്ങളില്ലാത്ത മുഖത്തുനിന്നും മകളുടെ വിവാഹത്തിന്റെ ദുരന്ത കഥ കേട്ടതായും അപ്പോഴാ കണ്ണുകളിൽ ഒളിക്കാൻ ശ്രമിച്ചിട്ടും ഒളിക്കാൻ കഴിയാത്ത മനുഷ്യസഹജമായ വികാര വിക്ഷോപങ്ങൾ ദർശിച്ചതായും എം. പി. നാരായണപിള്ളയും എഴുതുകയുണ്ടായി.

അസാധാരണമായ ഓർമ്മശക്തി ലോകസാഹിത്യത്തെ കൃഷ്ണൻനായർ ഹൃദയഭൂമിയിൽ ഒരു പച്ചമൈതാനംപോലെ നിലനിർത്തിയെന്ന് ചെമ്മനം. പരന്ന വായന സമകാലിക സാഹിത്യത്തിലെ നെല്ലുംപതിരും തിരിച്ചു വെയ്ക്കാൻ അദ്ദേഹത്തെ സഹായിച്ചു. സാഹിത്യ വാരഫലത്തിലൂടെ അഭ്യസ്തവിദ്യരല്ലാത്ത സാമാന്യ വായനക്കാർ സാഹിത്യകാര്യ വിശാരദരോ തല്പരരോ ആയി. മൂന്നു പതിറ്റാണ്ടിലധികം നീണ്ട സാധാരണക്കാർക്ക് വേണ്ടിയുള്ള ഒരുസാഹിത്യ സാധനപാഠം തന്നെയായിരുന്നു

സാഹിത്യവാരഫലം എന്ന പംക്തി. ഇപ്പോൾ എം. കൃഷ്ണൻനായരുടെ മരണാനന്തര ജീവിതം തഴയ്ക്കുന്നത് കൊച്ചിയിലെ കാക്കനാട് എന്ന ഗ്രാമത്തിലത്രെ. വിലപിടിപ്പുള്ള ആയിരകണക്കിന് ആപൂർവ്വ ഗ്രന്ഥങ്ങളുടെ ഉടമയായിരുന്നു എം. കൃഷ്ണൻനായർ. ആ പുസ്തകങ്ങൾ കാക്കനാട് സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ എം. എം. മോനായി എന്ന സഹൃദയൻ മുൻകയ്യെടുത്തു നിർമ്മിച്ച ഇ.എം.എസ്. സ്മാരക വായനശാല വാങ്ങുകയുണ്ടായി. കൃഷ്ണൻനായരുടെ പേരിൽ ഒരുമുറിയിൽ പ്രത്യേക വിഭാഗമായി അവ സൂക്ഷിച്ചിരിക്കുന്നു. എല്ലാ വർഷവും വായനശാലയിൽ എം. കൃഷ്ണൻനായർ ദിനം ആചരിക്കുമ്പോൾ കുടുബാംഗങ്ങളും എത്താറുണ്ടത്രെ. ഇക്കഴിഞ്ഞ ദിനത്തിൽ മക്കളോടൊപ്പം മരുമകനായ ടി.പി. ശാസ്തമംഗലവും എത്തിയിരുന്നതായി സുഹൃത്തായ ചെമ്മനം ചാക്കോ സാക്ഷ്യപ്പെടുത്തി കണ്ടു. ■

**നക്ഷത്രരാജ്യംമാസികയിൽ പരസ്യം ചെയ്യാൻ വിളിക്കുക.**
**9847649567**

(കവിത)

# വർത്തമാനം

**രമേശ് ബേപ്പൂർ**


സൗന്ദര്യത്തിന്റെ
ശരിയായ രഹസ്യചിത്രം
അണിഞ്ഞിരിയ്ക്കുന്ന
ഉടയാടകളിലും
നിറവോടെ തെളിയാൻ
ഇവൾക്കെന്തൊരു വാശി!

പ്രഭാതങ്ങൾ പകപോലെ
പീഡനങ്ങളെ മുമ്പിലേക്ക്
ഇട്ടുതരുമ്പോൾ.
സംസ്കാരവും, ചെറുത്തുനിൽപും,
കരുത്തുമൊക്കെയായി,
വേദികളെന്തുസജീവം!

ഇന്നുവരെയുള്ള ജീവിതചലനങ്ങൾ
ശരിയാണെന്നുറക്കെ പറയാൻ
അവനെവിടെ? അവളെവിടെ?
ആരോ ഒരു പിശകിനെ,
അടിവരയിടുമ്പോൾ
അയാളെ പിശാചിനോടെന്നവണ്ണം
കല്ല് എറിയുന്നതെന്തിനാണ്.

(കവിത)

# പിതൃതർപ്പണം




**ഇളവനകുട്ടികൃഷ്ണൻ നായർ**

കാലമാം നദിതൻ കരയിൽ നിൽക്കേയോർക്കു-
ന്നിന്നാണെൻ പിതാവിന്റെ ശ്രാദ്ധമൂട്ടിടും ദിനം.
അന്നാഷാഢ മാസമഴയിൽ ക്കുളിച്ചീറനുമൂടു-
ത്തസ്ഥിപ്പൊതിയുമായ് ബന്ധുക്കളോടൊപ്പം
ആഴിതൻ തീരത്തെത്തവെയോർത്തുപോയി ഞാൻ
സർവ്വമംഗളമേകിയ സൂര്യസമാനനാമെന്നച്ഛനെ.
എന്തെല്ലാമുപദേശങ്ങൾ നൽകിയതാണെനിക്കച്ഛൻ
ജീവിതപ്പാതയിൽ കാലിടറാതെ നടക്കുവാൻ.
അച്ഛന്റെ കൈയ്യും പിടിച്ചാദ്യമായി കടൽ കാണാൻ
പോയ ദിനം
ബലിക്കാക്കകൾ കൂട്ടം കൂടിപ്പറക്കും തീരം ചൂണ്ടി
അച്ഛൻ പറഞ്ഞതായ്യോർക്കുന്നു.
അവിടമാണുപിതൃക്കൾക്കു ബലികർമ്മം നടത്തേണ്ടിടം
കാലമങ്ങേനെപോയി എങ്കിലുമെത്തിഞാനീ-
കത്തുന്ന പകലിന്റെ പൊള്ളുന്ന മണൽത്തട്ടിൽ
ഈ മണൽത്തട്ടിലാരോ പിതൃതർപ്പണമേകി-
ട്ടുണ്ടെന്നു തോന്നീടുന്നി കാഴചകൾ കാണുന്നേരം
ഇലയും കറുകയും അരിയും പൂക്കളും കിടപ്പുണ്ട്
ഉയർന്നു നിന്നീടുന്ന മണൽ കൂമ്പാരത്തിന്മേൽ
കഷ്ടം ! വിജനമാണ് തീരം നനഞ്ഞ നേരത്ത്
പതിഞ്ഞ കാല്പാടുകൾ
മയക്കുന്നു മറയ്ക്കുന്നു പിന്നേയും തിരമാലകൾ

(കവിത)

# ഓണപുഞ്ചിരി




ദീപക് ജോൺ

മാഞ്ഞുവോ പുഞ്ചിരി ചുണ്ടിൽ
മനസ്സാണ് മുഖമാണെന്നോർക്കുന്നു.
നഷ്ടസ്വപ്നങ്ങൾ മാഞ്ഞുവോ.....
നിരാശയാൽ മനമുരുകിയോ........

കുറുക്കു വഴികളോരോന്നായി
തെരഞ്ഞു നടന്നു ഞാനെങ്ങും
കണ്ടിലായെങ്ങും ആനന്ദം
ലോകമെനിക്കേകിയില്ല ആനന്ദം

ഓർത്തു ഞാനാ നിമിഷങ്ങൾ
ഓണത്തപ്പന്റെ സുഖകാലം
വീണ്ടെടുത്തു ഞാനെൻ പുഞ്ചിരി
വിരിഞ്ഞു നിൽക്കുന്ന ഓരോപൂവിലും.

# ഭൂമിയുടെ ഇനം മാറ്റം;
## സുപ്രീ കോടതി വിധിയും കേരള ബജറ്റും ഭൂവുടമകൾക്ക് ഗുണകരമോ ?



**ലേഖകൻ അവനീഷ് കോയിക്കര ഹൈക്കോടതി അഭിഭാഷകനും, പ്രശസ്ത മനഃശക്തി പരിശീലകനും. സൈക്കോ- ലീഗൽ കൺസൽട്ടന്റുമാണ്.**
**മൊബൈൽ -9633462465, 9447415453**

**അവനീഷ് കോയിക്കര**

അടിസ്ഥാനനികുതി രജിസ്റ്ററിൽ (ബി, ടി, ആർ / സെറ്റിൽമെന്റ് രജിസ്റ്റർ) ഭൂമിയുടെ ഇനം മാറ്റൽ സംബന്ധിച്ച് ജലജ ദിലീപ് കേസിൽ സുപ്രീം കോടതി മാർച്ച് 10 ന് വിധി പ്രഖ്യാപിച്ചു. ഭൂമിയുടെ ഇനം മാറ്റം സംബന്ധിച്ച വൻ ചർച്ചകൾക്ക് ഇതോടെ തുടക്കമായി.

### കോടതി വിധിയുടെ നാൾവഴി.

ബി. ടി ആർ അടക്കമുള്ള റവന്യൂ രേഖകളിൽ നിലം, പുരയിടമാക്കി മാറ്റണം എന്ന ആവശ്യവുമായി ഹൈക്കോടതിയെ സമീപിച്ച കൊച്ചി സ്വദേശി ജലജ ദിലീപിന്റെ ആവശ്യം ഹൈക്കോടതി സിംഗിൾ ജഡ്ജ് അനുവദിച്ച് ഉത്തരവായി. ഇതിനെതിരെയുള്ള സർക്കാർ അപ്പീൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി. ഡിവിഷൻ ബെഞ്ചിന്റെ വിധിയ്ക്ക് എതിരെ സർക്കാർ നൽകിയ അപ്പീൽ പരിഗണിച്ച സുപ്രീംകോടതി 2015 മാർച്ച് 10ന് ഹൈക്കോടതി വിധി റദ്ദ് ചെയ്തു.

### കോടതി എന്തു പറയുന്നു.

ബി ടി ആർ അടക്കമുള്ള റവന്യൂ രേഖകളിൽ നിലം, പുരയിടമാക്കി നേരിട്ട് മാറ്റണം എന്നാണ് ഹൈക്കോടതിയുടെ രണ്ടു വിധികളും. കേരളത്തിലെ ചുവപ്പ് നാട അഴിക്കാൻ എടുക്കുന്ന കാല താമസം തിരിച്ചറിഞ്ഞാവണം ഹൈക്കോടതിയുടെ ഈ വിധി. എന്നാല് നിലവിലെ നിയമങ്ങളിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കി മാത്രം റവന്യൂരേഖകളിൽ തിരുത്തൽ വരുത്തിയാൽ മതി എന്നാണ് സുപ്രീംകോടതിയുടെ ഭാഷ്യം. നിലവിലെ നിയമങ്ങളെ ബൈപാസ് ചെയ്യരുതെന്ന് സുപ്രീംകോടതി ഉത്തരവിട്ടു.

### നിലവിലെ നിയമങ്ങൾ

1932.ൽ തിരുവിതാംകൂർ സർക്കാർ കണ്ടെഴുത്തിലൂടെ സെറ്റിൽമെന്റ് റജിസ്റ്റർ കൊണ്ടുവന്നു. സെറ്റിൽമന്റ് രജിസ്റ്റർ 1936 ൽ പ്രാബല്യത്തിൽ വന്നു. കേരളത്തിലെ ഭൂമികളുടെ അടിസ്ഥാനരേഖയായി ഇത് കണക്കാക്കാം. ഇതിൽ ഭൂമിയുടെ ഇനം വ്യക്തമാക്കിയിട്ടുണ്ട്.

1961 ൽ കേരള ഭൂമികുതി നിയമം നിലവിൽ വന്നതോടെ സെറ്റിൽമെന്റ് രജിസ്റ്ററിന് പകരം ബി ടി ആർ നിലവിൽ വന്നു. ഇതോടെ സെറ്റിൽമെന്റ് രജിസ്റ്ററിന് പ്രസക്തി ഇല്ലാതായി. ബി.ടി ആറിലും ഭൂമിയുടെ ഇനം രേഖപ്പെടുത്തിയുട്ടുണ്ട്. കേരള ഭൂനികുതി നിയമം 3 (7) വകുപ്പ് അനുസരിച്ചുള്ള അധികാരം 1973 ലെ സർക്കാർ ഉത്തരവിലൂടെ തഹസിൽദാർക്ക് ലഭിച്ചു. കേരള ഭൂനികുതി നിയമം 18)ം വകുപ്പ് അനുസരിച്ച് ബി ടി ആറിലെ തെറ്റ് തിരുത്താനുള്ള ഉത്തരവാദിത്വം ഇതോടെ തഹസിൽദാറിൽ നിഷ്പ്തമായി.

1967 ൽ കേരള ഭൂവിനിയോഗ നിയമം നിലവിൽ വന്നു. കേരളത്തിൽ ഭക്ഷ്യധാന്യങ്ങളുടെ അപര്യാപ്തത വന്നപ്പോൾ തരിശായി കിടക്കുന്ന നെൽവയലുകൾ കൃഷി ചെയ്യിക്കാൻ ഉദ്ദേശിച്ചാണ് ഈ നിയമം കൊണ്ടുവന്നത്. ഭൂവിനിയോഗ നിയമം നിലവിൽ വന്ന ശേഷം നെൽവയലുകൾ നികത്താൻ ജില്ല കളക്ടറിൽ നിന്നും അനുവാദം വാങ്ങണമായിരുന്നു.

നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നത് വ്യാപകമായപ്പോൾ അത് തടയാൻ 2008 ൽ കേരള തണ്ണീർതട നെൽവയൽ സംരക്ഷണ നിയമം കേരള നിയമസഭ പാസാക്കി. ഇതോടെ നിലം നികുത്തുന്നത് വീട് വെയ്ക്കാനും പൊതു ആവശ്യത്തിനും മാത്രമായി ചുരുങ്ങി. ഗ്രാമപ്രദേശങ്ങളിൽ 10 സെന്റ് നഗരപ്രദേശങ്ങളിൽ 5 സെന്റും വീട് നിർമ്മാണത്തിനായി നികത്താം. പൊതു ആവശ്യത്തിനെങ്കിൽ പ്രൊജക്റ്റിന് ആവശ്യമുള്ള സ്ഥലവും നികത്താം.

### ഭൂവുടമകൾ ഇനിയെന്തു ചെയ്യണം ?

സുപ്രീംകോടതി വിധിയോടെ ഭൂവുടമകൾ നീണ്ട നടപടിക്രമങ്ങൾക്ക് പിറകെ പോകേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളത്.

ബി ടി ആറിൽ നിലമായി കിടക്കുന്നത് സെറ്റിൽമെന്റിൽ രജിസ്റ്ററിൽ പുരയിടം ആണെങ്കിൽ നേരിട്ട് തഹസിൽദാർക്ക് അപേക്ഷ നൽകി ബി ടി ആറിൽ തിരുത്തൽ വരുത്താം. ബി ടി ആറിൽ തിരുത്തൽ വരുത്തുന്നതോടെ ഭൂനികുതി അടക്കുമ്പോൾ ലഭിക്കുന്ന രസീത് അടക്കം എല്ലാ റവന്യൂ രേഖകളിലും നിലം എന്നെഴുതിയത് മാറി പുരയിടം എന്നായി വരും. പിന്നീട് ന്യായവില രജിസ്റ്ററിൽ മാറ്റം വരുത്താൻ കേരള മുദ്രപത്ര നിയമം 1959 പ്രകാരം ജില്ല കളക്ടർക്ക് അപേക്ഷ നൽകണം.

കേരളഭൂവിനിയോഗ ഉത്തരവ് 1967 അനുസരിച്ചുള്ള അനുവാദം ലഭിച്ച കേസുകളിലും നേരിട്ട് തഹസിൽദാർക്ക് അപേക്ഷ നൽകി ബി ടി ആറിൽ തിരുത്തൽ വരുത്താവുന്നതാണ്.

ഡാറ്റ ബാങ്കിൽ നിലമായി രേഖപ്പെടുത്തിയതും എന്നാൽ 12–08–2008 ന് മുൻപ് നികത്തിയതുമായ കേസുകളിൽ കേരള തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമം 2008 അനുസരിച്ച് പ്രാദേശിക നിരീക്ഷണ സമിതി മുൻപാകെ അപേക്ഷ നൽകി ഡാറ്റ ബാങ്കിൽ മാറ്റം വരുത്തുകയോ ഒഴിവാക്കുകയോ ചെയ്ത് “കേരള ഭൂവിനിയോഗ ഉത്തരവ് 1967” അനുസരിച്ചുള്ള അനുവാദം ജില്ലാകളക്ടറിൽ നിന്നും വാങ്ങിയതിനു ശേഷം ബി ടി ആറിൽ തിരുത്തൽ വരുത്താൻ തഹസിൽദാർക്ക് അപേക്ഷ നൽകണം.

12–08– 2008 ന് ശേഷവും നിലമായി കിടക്കുന്ന കേസുകളിൽ “കേരള തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമം 2008 ” മാത്രമാണ് ബാധകമായിട്ടുള്ളത്. നിലം നികത്താനായി പ്രാദേശിക നിരീക്ഷ സമിതിയെയാണ് സമീപിക്കേണ്ടത്. വീട് വെയ്ക്കാനുള്ള അപേക്ഷകളിൽ ജില്ല സമിതിയും പൊതു ആവശ്യത്തിനുള്ള അപേക്ഷകളിൽ സംസ്ഥാനസമിതിയുമാണ് അന്തിമ തീരുമാനം എടുക്കുക. അതിന്ശേഷം തഹസിൽദാർക്ക് ബി ടി ആറിൽ തിരുത്താൻ അപേക്ഷ നൽകാം.

### കേരള ബജറ്റ് നിർദേശം

നികത്തിയെടുത്ത ഭൂമിയുടെ സമീപത്തെ കരഭൂമിയുടെ വിജ്ഞാപനം ചെയ്ത ന്യായ വിലയുടെ 25 ശതമാനത്തിനു തുല്യമായ തുക ഈടാക്കി റവന്യൂ രേഖകളിൽ തിരുത്തൽ വരുത്താൻ 2015 ലെ കേരള ബജറ്റിൽ നിർദ്ദേശമുണ്ട്. മേൽപറഞ്ഞ നടപടിക്രമങ്ങൾ പൂർത്തിയാക്കിയാൽ ബജറ്റ് നിർദേശ പ്രകാരമുള്ള ഫീസ് അടച്ച് ബി. ടി ആറിൽ തിരുത്തൽ വരുത്താം.

### സാധാരണക്കാരന് ഗുണകരമോ?

സുപ്രീംകോടതി വിധിയും ബജറ്റ നിർദേശവും വഴി റവന്യൂ രേഖകളിൽ തിരുത്തൽ വരുത്താനുള്ള വഴി സുതാര്യമായി. കേരള സർക്കാർ നൽകിയ സത്യവാങ്ങ്മൂലത്തിന്റെ അടിസ്ഥാനത്തിലാണ് ഇനം മാറ്റൽ വിഷയത്തിൽ സുപ്രീം കോടതി വിധി. എന്നാൽ സുപ്രീംകോടതി വിധിയുടെ മറവിൽ കേരളത്തിലെ ഭൂവുടമകളെ പിഴിയാനാണ് ബജറ്റ് നിർദേശം എന്ന ആരോപണം ഉയരുന്നു. അപേക്ഷ വേഗത്തിൽ തീർപ്പാക്കി അനുകൂല ഫലം കിട്ടാൻ ഇന്നും കോടതി തന്നെ ശരണം. ഒപ്പം തിരുത്തൽ വരുത്തേണ്ട ഭൂമിയുടെ മൂന്നിലൊന്നിന് തുല്യമായ തുക സർക്കാരിന് നൽകുകയും വേണം. അതിനാൽ സമയവും സമ്പത്തും ഉള്ളവർക്ക് മാത്രമേ ഇത് ഗുണകരമാകൂ എന്ന് പറയേണ്ടിവരും. കുറഞ്ഞ വിലയ്ക്ക് നിലം വാങ്ങി നികത്തി വിൽക്കുന്നവർക്ക് ഇത് ലാഭകരമായ ബിസിനസ് ആകുകയും ചെയ്യും,


25-ാം വിവാഹ വാർഷികം
06. 05. 2015



സി. എം. സുന്ദരൻ
ബേബി നിഷ. പി
ചോയിമഠത്തിൽ
വരട്ട്യാക്ക്, കുന്ദമംഗലം

ആശംസകളോടെ
Dr.സുമിഷ സുന്ദർ B. A. M. S., ചോയിമഠം കുടുംബാംഗങ്ങൾ
സി. എം. എസ്. ഗ്ലാസ്സ് പ്ലൈവുഡ് കോവൂർ & പൊറ്റമ്മൽ സ്റ്റാഫ്
നിസാജ് ഗ്ലാസ്സ് പാലസ്, പറമ്പിൽ ബസാർ
മറ്റു ബന്ധു മിത്രാദികൾ

ലേഖനം

# മദ്യാസക്തി മഹാരോഗം



ജോസഫ് പൂതക്കുഴി
പന്തിരിക്കര



മദ്യപാനി എന്ന പേര് വീഴുന്നത് കുറച്ചുകാലം മുമ്പുവരെ മോശമായി കരുതിയിരുന്നു. എന്നാൽ ഈ ആധുനിക കാലഘട്ടത്തിൽ മദ്യപാനം ഒരു സ്റ്റാറ്റസ് സിംബൽ ആയി മാറിയിരിക്കുന്നു. ഏതു വിശേഷാവസരത്തിലും മദ്യപാനസദസ്സുകൾ അരങ്ങേറുന്നു. ഇതുകണ്ടു വളരുന്ന യുവതലമുറയും ഈ വഴി തന്നെ. ഇതൊരു അന്തസ്സുള്ള പരിപാടിയായി തെറ്റിദ്ധരിച്ച് ഈ വഴിയെതന്നെ നീങ്ങുന്നതായി ഇന്നു നമുക്ക് കാണാൻ കഴിയുന്നു.

മദ്യത്തിന്റെ സ്വന്തം നാടായി കേരളം മാറിയിട്ട് ഏറെ നാളായി. മൂന്നു കോടി മുപ്പത്തിയഞ്ചു ലക്ഷം ജനസംഖ്യയുള്ള കേരളത്തിൽ ഒരു കോടിയോളം സ്ഥിരം മദ്യപാനികളുണ്ടെന്ന് കണക്കാക്കപ്പെടുന്നു. പഞ്ചാബിൽ 7.9 കോടി ലിറ്ററാണ് ആളോഹരി വിഹിതമെങ്കിൽ കേരളത്തിലേത് 8.4 കോടി ലിറ്ററാണ്. ഒരു വർഷം കൊണ്ട് മലയാളി കുടിച്ചു തീർക്കുന്ന മദ്യത്തിന്റെ അളവ് 26.5 ലിറ്ററാണ്. കേരളീയർ മദ്യപാനം ആരംഭിക്കുന്ന ശരാശരി പ്രായം 12 വയസ്സാണെന്നു പുതിയ പഠനങ്ങളിൽ തെളിയുന്നു. പുരുഷന്മാരേയും കുട്ടികളേയും പോലെ സ്ത്രീകളും ഇപ്പോൾ മദ്യാസക്തരോഗത്തിന് അടിമകളാകുന്നു എന്നത് ഏവരേയും ഭീതിപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യമാണ്.

ആധുനിക കാലഘട്ടത്തിലെ മനുഷ്യരെ ആസക്തികൾ വേട്ടയാടികൊണ്ടിരിക്കുകയാണ്. അമിതമായ ധനാർത്തി, ആടയാഭരണങ്ങൾ, സ്ഥാനമാനങ്ങൾ, ഭോജനപ്രിയം, ചൂതാട്ടം, മദ്യാസക്തി മുതലായവയെല്ലാം ഇന്ന് സമൂഹത്തെ പിടിച്ചു വലിക്കുന്ന ആസക്തികളാണ്. ഇവയിൽ ഏറ്റവും ഭീകരവും വിനാശകരവുമായത് മദ്യാസക്തിയാണ്, കാരണം അത് മറ്റെല്ലാതിന്മകൾക്കും കാരണമായിത്തീരും.

എന്തെങ്കിലും ഒന്നിനോടുള്ള ശാരീരികവും മാനസികവുമായുള്ള നിയന്ത്രണാതീതമായി നിർബന്ധത്തിനാണ് ആസക്തി എന്നു പറയുന്നത്.

മനസ്സിൽ രൂഢമൂലമായിരിക്കുന്ന പേടിപ്പെടുത്തുന്നതും അപകടകരവുമായ ഒരാശത്തിന്റെ ശാരീരികവും മാനസികവുമായ നിയന്ത്രാണാതീതമായ നിർബന്ധത്തിനാണ് മദ്യാസക്തി എന്നു പറയുന്നത്.

Once an alchoholic is always an alchojholic, Because alchoholism is a disease which cannot be cured but can only arrested.

മദ്യത്തിന് അടിമയായിക്കഴിഞ്ഞാൽ അതിൽ നിന്നും രക്ഷപ്പെടുക അത്ര എളുപ്പമല്ല. പ്രമേഹരോഗം പോലെ ഒരിക്കൽ വന്നാൽ അത് മനുഷ്യനെവിട്ടുമാറാതെ സ്ഥിരമായി കൂടെയുണ്ടാകും. മദ്യാസക്തി വ്യക്തി മനസ്സുവെച്ചാൽ മാറ്റിയെടുക്കാം. നിരന്തര പരിശ്രമത്തിലൂടെയും ചികിത്സയിലൂടെയും. അതിന് വീട്ടിലെ മറ്റെല്ലാ അംഗങ്ങളുടെയും സുഹൃത്തുക്കളുടെയും സഹായവും സഹകരണവും അത്യാന്താപേക്ഷിതമാണ്.

മദ്യാസക്തി രോഗമാണെന്ന് 1956ൽ അമേരിക്കൻ മെഡിക്കൽ അസോസിയേഷനും 1956ൽ തന്നെ WHO യും സ്ഥീരീകരിച്ചു. WHO ലോകമെങ്ങും ഇതിന് വേണ്ടിയുള്ള ചികിത്സാസൗകര്യങ്ങൾ ആരംഭിച്ചു 1987ൽ ഇന്ത്യയും ഇത് അംഗീകരിച്ചു. ജൂൺ 26 ലോക ലഹരിവിരുദ്ധ ദിനമായി ആചരിക്കുന്നു.

കാന്തം ഇരുമ്പിനെആകർഷിക്കുന്നതു പോലെ ആൾക്കാഹോൾ വീണ്ടും ആൾക്കാഹോളിനെആകർഷിച്ചുകൊണ്ടിരിക്കും. വെറും ഒരു രസത്തിനു വേണ്ടി, കമ്പനി കൂടാൻ വേണ്ടി മദ്യം കഴിക്കുന്നവരിൽ 20% പേർ സ്ഥിരം മദ്യാനികളായി മാറുന്നുവെന്ന് സർവ്വേകൾ കാണിക്കുന്നു. ഒരു പ്രശ്നത്തിനും പരിഹാരമല്ലാത്ത മദ്യത്തെ ഏതു പ്രശ്നത്തിനും പരിഹാരമായി മനുഷ്യൻ കാണുന്നു. ഈ കണ്ടുപിടിത്തം വിചിത്രം തന്നെ. ഈ

പോക്ക് വിനാശത്തിലേ കലാശിക്കുകയൊള്ളു. ആദ്യമൊക്കെ മനുഷ്യൻ മദ്യം കഴിക്കുന്നു. പിന്നെ മദ്യം മനുഷ്യനെകീഴ്പ്പെടുത്തികഴിഞ്ഞാൽ ആ നീരാളിപ്പെടുത്തത്തിൽ നിന്ന് അവന് സ്വയം രക്ഷപ്പെടാൻ സാധ്യമല്ല. വീട്ടുകാരോ നാട്ടുകാരോ അവന്റെ രക്ഷയ്ക്ക് എത്തിയില്ലെങ്കിൽ രണ്ടുതരം അന്ത്യമാണ് സാധാരണ കണ്ടു വരുന്നത്. ഒന്ന് മനസ്സിന്റെ സമനിലതെറ്റി അവൻ ഭ്രാന്തയായിമാറും. മറ്റൊന്ന് അവൻ ആത്മഹത്യയിൽ അഭയം പ്രാപിക്കും. മദ്യാസക്തരിൽ ആത്മഹത്യ പ്രവണത വർദ്ധിച്ചു വരുന്നു. മദ്യാസക്തി ഒരുരോഗമാണ്എന്ന് പറഞ്ഞുവല്ലോ. ഈ രോഗത്തിന് ആറ് തലങ്ങൾ ഉണ്ട്.

1) ശാരിരിക രോഗം : ലിവർ സീറോസിസ്, അൾസർ, ഹാർട്ട് അറ്റാക്ക്, മസ്തിഷക്കാഘാതം, ഉറക്കമില്ലായ്മ, വിശപ്പില്ലായ്മ, ശർദ്ദി, കൈകാൽ വിറയൽ, മാനസിക വിഭ്രാന്തി, (hallucination), നാഡിഞരമ്പുകളുടെ ശേഷിക്കുറവ്, കാഴ്ചയും കേൾവിയും കുറയൽ, സ്പർശനശേഷി നഷ്ടപ്പെടൽ മുതലായ ശാരിരിക രോഗങ്ങളും അവയവങ്ങളുടെ പ്രവർത്തനമന്ദീഭാവവും ഉണ്ടാകുന്നു. ഹൃദയം 24 മണിക്കൂറിൽ ഒരു ലക്ഷം പ്രാവശ്യം സ്പന്ദിക്കുമെങ്കിൽ രണ്ട് ഔൺസ് മദ്യം കഴിച്ചു കഴിയുമ്പോൾ ഹൃദയം 108000 പ്രാവശ്യമാണ് സ്പന്ദിക്കുന്നത്. ഈ അദ്ധ്വാനഭാരം ഹൃദയത്തിന്റെ ആയുസ്സ് കുറയ്ക്കുന്നു.

2) മാനസിക രോഗം : തലച്ചോറിനെമദ്യം അപകടാവസ്ഥയിലാക്കുന്നു. ഓർമ്മ നഷ്ടപ്പെടുന്നു. (Complete blackout) ആത്മഹത്യ പ്രവണത, ഒറ്റപ്പെടൽ അകാരണമായ ഭയം, വീട് വിട്ടു പോകാനുള്ള തോന്നൽ, സംശയം രോഗം മുതലാവ പിടിപ്പെടുന്നു. മനസ്സ് എപ്പോഴും അസ്വസ്ഥമായിരിക്കും. മനസ്സിന്റെ നിയന്ത്രണം വിട്ടു പോകുന്നു. ബുദ്ധിയും വിവേകവും നഷ്ടപ്പെടുന്നു.

3) ആധ്യാത്മിക രോഗം : ഈശ്വരവിശ്വാസം നശിക്കുന്നു. ദൈവത്തിൽ നിന്നും പരമാവധി അകലുന്നു. അമ്പലവും പള്ളിയും പ്രാർത്ഥനയും അകലത്താവുന്നു. സാധാരണ ഗതിയിൽ രോഗം വരുമ്പോൾ മനുഷ്യൻ ദൈവത്തോട് അടുക്കുന്നു. എന്നാൽ മദ്യ പാനി ദൈവത്തിൽ നിന്നും ഓടി ഒളിക്കുന്നു.

3) സാമൂഹിക രോഗം : സമൂഹം ഭയപ്പെടുന്നു. സമൂഹത്തിൽ ഒറ്റപ്പെടുന്നു. സമൂഹത്തെ വെല്ലുവിളിയ്ക്കുന്നു. സമൂഹത്തിൽ ഇരട്ടപേര് ഇട്ട് വിളിക്കുന്നു. സാമൂഹ്യ അവഗണനരോഗിയെ ക്ഷുഭിതനാക്കുന്നു. സമൂഹവുമായിട്ടുള്ള ബന്ധം അറ്റുപോകുന്നു.

5) കുടുംബ രോഗം : സാധാരണ രീതിയിൽ രോഗം വന്നാൽ രോഗിയാണ് വേദനസഹിക്കുന്നത്. എന്നാൽ മദ്യപാനിയുടെ കുടുംബാംഗങ്ങളാണ് വേദനിക്കേണ്ടി വരുന്നത്. മദ്യപാനിയുടെ ഭാര്യയുടെ മുഖഭാവം (funeral face) ആയിത്തീരുന്നു. അമ്മയുടെ ദഃഖമോ അച്ഛന്റെ ശാസനയോ ഭാര്യയുടെ ഉപദേശമോ കുട്ടികളുടെ നിസ്സഹായ അവസ്ഥയോ ഒന്നിനും മദ്യാസക്തന്റെ മനസ്സിൽ സ്ഥാനമില്ല. അയാൾക്ക് കുടിക്കണം. വീണ്ടും കുടിക്കണം എന്ന ഒരേ ചിന്ത മാത്രം.

6) സാമ്പത്തികം : 100 രൂപക്ക് ഒരാൾ ഒരു ദിവസം മദ്യപിച്ചാൽ ഒരു മാസം മൂവായിരം രൂപ. ഒരു വർഷം 36000 രൂപ. ഈ നില തുടർന്നാൽ പത്ത് കൊല്ലം കൊണ്ട് അയാൾ കുടിച്ചു തീർക്കുന്നത് മൂന്നര ലക്ഷം രൂപ. ഇരുപത് കൊല്ലമായാൽ ഏഴു ലക്ഷം രൂപ. ഒരു നല്ല വീടോ അല്ലെങ്കിൽ മകളെ വിവാഹം ചെയ്തയക്കുകയോ ചെയ്യാൻ പറ്റുന്ന ഒരു വലിയ തുക ഒരാൾ മാത്രം കുടിച്ചു നശിപ്പിക്കുന്നു.

കുടുംബത്തിന്റെ സാമ്പത്തിക നില തകിടം മറയുന്നു. മദ്യ ലഹരിയിൽ കുടുംബത്തിന്റെ സ്ഥാവര ജംഗമ സ്വത്തുക്കൾ ഒന്നൊന്നായി വിറ്റു തീർക്കുന്നു. വിൽക്കാനൊന്നുമില്ലങ്കിൽ കടം വാങ്ങുന്നു. കടം വീട്ടാൻ നിവൃത്തിയില്ലാതെ വീട് വിൽക്കേണ്ടി വരുന്നു. കുടംബം പെരുവഴിയിൽ പട്ടിണിയും ദാരിദ്യവും. കുട്ടികൾ വീടു വിട്ടു പോകുന്നു. ശിഥിലമാകുന്ന കുടുംബം.

മദ്യപരിൽ വളരെ കൂടുതലായി കാണുന്ന ഒരു മാനസിക രോഗമാണ് സംശയരോഗം. അമിത മദ്യപാനം തലച്ചോറിലുണ്ടാക്കുന്ന തകരാറുകളാണ് സംശയരോഗത്തിന് കാരണം. മദ്യപാനം ലൈംഗിക ശേഷി കുറയാൻ കാരണമായിത്തീരുന്നു. തൽഫലമായി പരാജയപ്പെടുന്ന ലൈംഗിക ബന്ധവും ഭാര്യയെ സംശയിക്കാൻ ഇടയാകുന്നു. ഭാര്യയ്ക്ക് തന്നോടുള്ള താല്പര്യകുറവ് മൂലമാണ് ലൈംഗികവേഴ്ചയിലെ പരാജയം എന്ന് അയാൾ സംശയിക്കുന്നു. ഭാര്യയ്ക്ക് മറ്റാരൊടെങ്കിലും ബന്ധമുള്ളതുകൊണ്ടാണെന്നും അയാൾ തെറ്റിധാരണ വെച്ചു പുലർത്തുന്നു. ഭാര്യയുടെ അവിഹിത ബന്ധം കണ്ടു പിടിക്കുന്നതിന് രഹസ്യമായി പിന്തുടരുന്നതും കാത്തിരിക്കുന്നതും ഭീഷണിപ്പെടുത്തുന്നതും പീഢിപ്പിക്കുന്നതും മാരകായുധവുമായി വീട്ടിന്റെ പരിസരത്ത് കാവലിരിക്കുന്നതുമൊക്കെ കുടിയന്മാരായ സംശയരോഗികളിൽ സാധാരണമാണ്. ചില സംശയരോഗങ്ങൾ മൂർച്ഛിച്ച് കൊലപാതകങ്ങളിൽ വരെ കലാശിച്ചിട്ടുണ്ട്.

മദ്യത്തിന്റേയും മയക്കു മരുന്നിന്റേയും മടുപ്പിക്കുന്ന ഗന്ധമുള്ള വൃത്തിഹീനമായ ഭർത്താവിനോടൊപ്പം ശാരീരിക ബന്ധം പുലർത്താനും പല സ്ത്രീകൾക്കും അറപ്പും വെറുപ്പുമാണ്. ഇത് സംശയ രോഗത്തിന്റെ കടുപ്പം കൂട്ടാൻ കാരണമാവുന്നു.

മറ്റു ചിലർക്ക് വേറെ തരത്തിലുള്ള സംശയ രോഗങ്ങൾ കണ്ടു വരുന്നുണ്ട്. ആരെങ്കിലും തന്നെ ഉപദ്രവിക്കാൻ വരുന്നുവെന്നോ തന്നെ അപായപ്പെടുത്തുവാൻ ശ്രമിക്കുന്നുവെന്നോ തനിക്ക് ഭക്ഷണത്തിൽ വിഷം ചേർത്ത് തരുമോ എന്നൊക്കെയുള്ള മനോവിഭ്രാന്തികൾ ഉണ്ടാകാം. എന്തുതന്നെയായാലും സംശയരോഗത്തന് അടിമയായ ഒരു ജീവിത പങ്കാളിയോടൊപ്പം ജീവിതം മുന്നോട്ടു കൊണ്ടുപോവുകയെന്നത് വളരെ വേദനാജനകമായ ഒരു കാര്യം തന്നെയാണ്. ഒന്ന് ഉള്ള് തുറന്ന് സംസാരിക്കുവാനോ കുടുംബകാര്യങ്ങൾ ചർച്ച ചെയ്യാനോ തന്റെ മനോവിഷമങ്ങൾ പങ്കുവെക്കോനോ ഉള്ള ആൾ ഇത്തരക്കാര

നായാൽ പാവം ഭാര്യ എന്തു ചെയ്യും? ഏകാന്തതയുടെ തുരുത്തുകളിലിരുന്ന് കണ്ണീർ വാർത്ത് എല്ലാം ഉള്ളിലൊതുക്കി വിധിയെ പഴിച്ച് ജീവിതം തള്ളി നീക്കുന്നു. പീഢനങ്ങളും ഒറ്റപ്പെടുത്തലുകളും കുറ്റാരോപണങ്ങളും സഹിക്കാനാവാതെ വരുമ്പോൾ സമനില തെറ്റുന്ന ചില സ്ത്രീകൾ ആത്മഹത്യയിൽ അഭയം തേടുന്നു.

ശാരീരികവും മാനസികവും ആധ്യാത്മികവും സാമൂഹികവും കുടുംബപരവുമായിട്ടുള്ള എല്ലാവശങ്ങളേയും കാർന്നു തിന്നുകയും നശിപ്പിക്കുകയും ചെയ്യുന്ന വിഷമാണ് മദ്യവും അനുബന്ധ ഘടകങ്ങളും എന്ന് ജനം തിരിച്ചറിയണം. ഈ മാറാവിപത്തുകൾ സമൂഹത്തെ ആക്രമിച്ച് നാശത്തിന്റെ ഗർത്തത്തിലേക്ക് വലിച്ചെറിയുമ്പോൾ മനഃസാക്ഷി മരവിക്കാത്തവർ കൈയ്യും കെട്ടി നോക്കി നിൽക്കാൻ പാടില്ല. ഈ സാമൂഹ്യ തിന്മകൾക്കെതിരെ പോരാടി സമൂഹത്തിന്റെ മഹത്വം വെളിവാക്കുന്ന മനുഷ്യസ്നേഹപരമായ പ്രവർത്തികൾ ചെയ്യുവാൻ സുബോധമുള്ള മനുഷ്യർക്ക് ബാധ്യതയും കടപ്പാടുമുണ്ട്.

ജനസേവനത്തിന് മുന്നിട്ടിറങ്ങേണ്ട സർക്കാറുകൾ അബ്കാരികളുടെ പിണിയാളുകളായി വർത്തിക്കുകയും മദ്യ- മയക്കുമരുന്നു ലോബികളുടെ കുത്സിത പ്രവർത്തനങ്ങൾക്ക് തടയിടാനുള്ള പ്രവർത്തനങ്ങളിൽ പരാജയപ്പെടുകയും ചെയ്യുന്നതു കാണുമ്പോൾ സാധാരണ പൗരന് ജനാധിപത്യത്തിലുള്ള വിശ്വാസതയ്ക്ക് മങ്ങലേല്ക്കുന്നു. സമൂഹത്തിന്റെ സ്വസ്ഥതയും ശാന്തിയും സന്തോഷവും ഇല്ലാതാക്കി അനേകായിരങ്ങളെ ബുദ്ധിഭ്രമങ്ങളിലേക്കും ശാരിരികമായ മാരക രോഗങ്ങളിലേക്കും മരണത്തിലേക്കും തള്ളിവിട്ട് തങ്ങളുടെ ബാങ്ക് ബാലൻസ് വർദ്ധിപ്പിക്കുന്ന ആധുനികതയുടെ രാക്ഷസീയ ജന്മങ്ങളുടെ കടന്നു കയറ്റത്തിനും അതിപ്രസരണത്തിനും മാനസാന്തരം സംഭവിക്കേണ്ടത് ഇന്നിന്റെ അടിയന്തിര ആവശ്യമാണ്. സാധാരണക്കാരന്റെ ചില്ലിക്കാശുവരെ വാങ്ങി തടിച്ചുകൊഴുക്കുന്ന രാക്ഷസന്മാർക്കെതിരെ ശക്തമായിപോരാടാൻ ആത്മാർത്ഥതയും മനുഷ്യ നന്മയിൽ മഹത്വം ദർശിക്കുന്ന സാമൂഹ്യപ്രവർത്തകരുടെ ജനകീയ മുന്നേറ്റ പ്രവർത്തനങ്ങൾ ഉണ്ടാവണം. തിന്മയ്ക്കെതിരെ ശബ്ദമുയർത്താനും ശക്തമായി പ്രതികരിക്കുവാനുമുള്ള ധാർമ്മിക മൂല്യബോധവും കർമ്മധീരതയുമുള്ള ഒരു യുവജനമുന്നേറ്റം ഈ രംഗത്തുണ്ടാവണം. എങ്കിൽ മാത്രമേ ഈ നാട് രക്ഷപ്പെടുകയുള്ളു.

തെറ്റായ മദ്യനയവുമായി സംസ്ഥാന സർക്കാരോ പ്രാദേശിക ഭരണസമിതികളോ ജനജീവിതം നാശോന്മുകമാകുന്ന രീതിയിൽ മുന്നോട്ടു പോയാൽ നേരത്തെ സൂചിപ്പിച്ച തരത്തിലുള്ള ശക്തമായ പ്രതികരണങ്ങളുമായി ജനമുന്നേറ്റ സംരംഭങ്ങൾ ഉണ്ടാവണം. ഈ ദിശയിൽ ഇനിയും ശക്തിപ്പെടുത്തുവാൻ സാധ്യതയുള്ളത് സ്ത്രീ ശാക്തികരണ പ്രവർത്തനങ്ങളാണ്. ഏകദേശം 52% വരുന്ന സ്ത്രീകളും കുട്ടികളുമാണ് മദ്യപന്മാരുടേയും മയക്കുമരുന്നടിമകളുടേയും ക്രൂരതാണ്ഡവങ്ങൾക്കിരയാവുന്നത്. ഇവരും മദ്യപിക്കാത്ത 10% പുരുഷന്മാരും ചേർന്നാൽ സമൂഹത്തിലെ 75% പേരും മദ്യരഹിതരും മധ്യവിരുദ്ധരുമാണ്. ഒരാൾ മദ്യപിക്കുന്ന ശരാശരി കുടുംബത്തിലും ഈ അനുപാതത്തിലാണ് കാര്യങ്ങൾ നീങ്ങുന്നത്.

ഒരാൾ ലഹരിക്കടിമപ്പെടുമ്പോൾ അതിന്റെ പീഢനങ്ങൾക്കിരയാവുന്നതും അതിന്റെ ദോഷഫലങ്ങൾ അനുഭവിക്കുന്നതും കുടുംബത്തിലുള്ള മദ്യ രഹിതർ ഉൾപ്പെടെയുള്ളവരാണ്. പിന്നെ സംഭവിക്കുന്നത് ഒരു കുടുംബത്തിന്റെ പൂർണ്ണമായ തകർച്ചയാണ്. കുടുംബനായകനോ കുടുംബത്തിലെ മറ്റാരെങ്കിലുമോ ലഹരിക്കടിമപ്പെടുമ്പോൾ ആ കുടുംബം മുഴുവനായി അതിന്റെ ദുരന്തഫലങ്ങൾ ഒന്നിനു പിറകേ ഒന്നായി അനുഭവിക്കുകയാണ്. അതുകൊണ്ടാണ് ലഹരിക്കടിമപ്പെട്ടവൻ ആ രോഗത്തിന്റെ വേദനഅറിയുന്നില്ല. മറിച്ച് ആ കുടുംബത്തിലെ മുഴുവൻ ആളുകളും ഇയാൾ മൂലം വേദനഅനുഭവിക്കുന്നു. അറിവും ആത്മബലവും ചിന്താശേഷിയും കാര്യപ്രാപ്തിയുമുള്ള സന്നദ്ധ സംഘടനകളും സാമൂഹ്യപ്രവർത്തകരും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ വെറും 25% വരുന്ന ലഹരിയുപയോക്താക്കളുടെ മദ്യപാനാസക്തി കുറച്ചു കൊണ്ടുവരുവാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല. ഈ നിയന്ത്രണ പ്രക്രിയിൽ വിശാലമായ ബോധവൽക്കരണം നടക്കണം.

എല്ലാതരം മദ്യങ്ങളും മരുന്നുകളും ഉൾപ്പെടെയുള്ള ലഹരിവസ്തുക്കളും വിഷമാണെന്നും വർജ്ജിക്കപ്പെടേണ്ടതാണെന്നും അവകൾ മനുഷ്യന്റെ അനന്തസാധ്യതകളേയും നന്മയേയും ഇല്ലാതാക്കാൻ കഴിയുന്നതുമാണെന്നള്ള സത്യം സമൂഹം ഇനിയും തിരിച്ചറിയേണ്ടിയിരിക്കുന്നു. സാമാന്യ ജനത്തിന് ഈ തിരിച്ചരിവുണ്ടാക്കാൻ ഉപയുക്തമായ ലഘുലേഘകൾ, ബാനറുകൾ, പോസ്റ്ററുകൾ, സെമിനാറുകൾ, ഭവനസന്ദർശനങ്ങൾ,വാഹനപ്രചരണ- കാൽനടജാഥകൾ മുതലായവ ആസൂത്രണം ചെയ്ത് നടപ്പാക്കണം.

മദ്യം ഉപയോഗിക്കാത്ത സുമനസ്സുകൾ മദ്യപാനികളോട് ദയാപൂർവ്വം പെരുമാറുകയും അവരെ ആ ദുശ്ശീലത്തിൽനിന്ന് നന്മയിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള സഹിഷ്ണതാ മനോഭാവത്തോടുകൂടി പെരുമാറുകയും ചെയ്താൽ തീർച്ചയായും അവരിൽ മാനസിക വ്യതിയാനമുണ്ടാക്കാൻ കഴിയും. നമ്മുടെ ഭവനങ്ങളിൽ വിവാഹം, മരണം, ജനനം, ഗൃഹപ്രവേശം മുതലായ സന്ദർഭങ്ങളിൽ മദ്യം വിളമ്പുന്ന ശീലമുണ്ടെങ്കിൽ അത് മനുഷ്യ നന്മയെ കരുതി ഉപേക്ഷിക്കാൻ നാം സന്മനസ്സു കാണിക്കണം. നമ്മുടെ പ്രവർത്തി മൂലമോ പ്രലോഭനത്താലോ മറ്റൊരു വ്യക്തിക്ക് രോഗവും അനാരോഗ്യവും കുടുംബത്തകർച്ചയും ഉണ്ടാക്കില്ല എന്ന് നാം ദൃഢപ്രതിജ്ഞ എടുക്കണം.

"സകല തിന്മകളുടേയും പെറ്റമ്മയും പോറ്റമ്മയുമാണ് മദ്യ" മെന്നും "ഞാൻ ഒരുദിവസം ഭാരതത്തിന്റെ സർവ്വാധിപതിയാവുകയാണെങ്കിൽ ആദ്യം ചെയ്യുക ഭാരതത്തിലെ മുഴുവൻ മദ്യ ഷാപ്പുകളും പ്രതിഫലം നൽകാതെ അടച്ചു പൂട്ടുന്നതായിരിക്കു" മെന്നള്ള നമ്മുടെ രാഷ്ട്രപിതാവായ മഹാത്മഗാന്ധിയുടെ വാക്കുകൾ നമുക്ക് മറക്കാതിരിക്കാം. ■

കഥ

# കാണാപ്പുറങ്ങൾ



**ബി.കെ. ഇബ്രാഹിം**
**മൂർക്കനാട്**



ഭാര്യയോടൊപ്പം ഉച്ചയൂണിന് തീൻമേശയ്ക്ക് മുന്നിലിരുന്നതാണ്.

ഭാര്യ ഭക്ഷണം കഴിക്കുന്നതിനിടയിൽ പലതും പറഞ്ഞു ചിരിക്കുന്നു. അവൾ അങ്ങനെയാണ്.പല കഥകളും തമാശകളും ഭക്ഷണം കഴിക്കുമ്പോഴായിരിക്കും പൊട്ടിക്കുക.

സമാധാനത്തിൽ ഭക്ഷണം കഴിച്ചുകൂടേ നിനക്ക്.

ഞാൻ അവളോട് പലപ്പോഴും പറയാറുള്ളതാണ്. ഭർത്താക്കന്മാർ പറയുന്നത് അനുസരിക്കാതിരിക്കുക എന്നുള്ളത് പുതുതലമുറയുടെ ഫാഷനാണല്ലോ?...

പെട്ടെന്നാണ് അവൾക്ക് തരിപ്പിൽപ്പോയത്. അവൾ മൂർദ്ധാവിൽ രണ്ടുകൈകളും വെച്ച് ശ്വാസം കിട്ടാതെ കണ്ണുകൾ മേലോട്ട് ഉയർത്തി.

ഞാനവളുടെ പുറത്ത് കൈ അമർത്തി തലോടി.

“എന്തുപറ്റി നിനക്ക്?”

അവൾ ഒന്നും പറയാതെ തുറിച്ചു നോക്കി.

ചോറ് വായയിൽ നിന്നും ഉള്ളിലേക്ക് ഇറങ്ങുന്നില്ല. നെഞ്ചിന്നകത്ത് കനം പോലെ എന്തോ തങ്ങിനിൽക്കുന്നു. വെള്ളമിറങ്ങുമ്പോൾ താങ്ങാനാവാത്ത വേദന....... അവൾ ഭക്ഷണം മതിയാക്കി.

ഞാൻ അവളെ ഓട്ടോറിക്ഷയിൽ സർക്കാർ ആശുപത്രിയിൽ എത്തിച്ചു.

മദ്യഷോപ്പുകൾക്ക് മുന്നിൽ കാണുന്ന ക്യൂവിനേക്കാളും വലിയ ക്യൂവാണ് ഞാനിവിടെ കണ്ടത്.

അവൾ വേദനകൊണ്ട് പുളയുകയാണ്. ക്യൂ തെറ്റിച്ച് പരിഭ്രമത്തിൽ ആൾക്കാരെ തള്ളിമാറ്റി ഡോക്ടറുടെ ഇരിപ്പടത്തിലേക്ക് ഞാൻ ചെന്നു.

ഡോക്ടർ എന്നെ കണ്ടയുടൻ ദേഷ്യത്തോടെ ചോദിച്ചു.

എന്താ ക്യൂ തെറ്റിച്ച് വന്നത്

സാറെ ഭാര്യക്ക് തീരെ സുഖമില്ല. അവൾ വേദനകൊണ്ട് കരയുകയാണ് അവളെ ഒന്ന് വേഗം പരിശോദിച്ചാൽ ഉപകാരമായിരുന്നു.

ഞാൻ സങ്കടത്തോടെ പറഞ്ഞു.

ഡോക്ടർ എന്നെ ആപാദചൂഡം നോക്കി ശേഷം പരിഹാസത്തോടെ പറഞ്ഞു.

എന്താ നിനക്ക് കൊമ്പുണ്ടോ? ക്യൂ നിൽക്കുന്ന മറ്റുള്ളവരെ നീ കണ്ടില്ലേ.... പോയി ക്യൂവിൽ നിൽക്കൂ...

എന്താണ് ചെയ്യേണ്ടത് എന്നറിയാതെ ഞാൻ വിഷമിച്ചു. ഞാൻ ഭാര്യയേയും കൂട്ടി പ്രയാസത്തോടെ അവിടെ നിന്നും ഇറങ്ങി.

ഭാര്യ വേദനസഹിക്കാനാവാതെ അലറുകയാണ് ആരും ഞങ്ങളെ ശ്രദ്ധിക്കുന്നില്ല. വല്ലാത്തൊരു ലോകം.

എല്ലാവർക്കും അവരവരുടെ കാര്യം മാത്രം.

ഞാൻ ഒട്ടും താമസിയാതെ വാഹനത്തിൽ ഭാര്യയെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചു.

ഇരുന്നൂറ് രൂപ ഫീസ് നൽകി ഡോക്ടറുടെ പരിശോധന മുറിയിൽ അവളെ എത്തിച്ചു.

ഡോക്ടർ അവളെ പരിശോധിച്ചു വേദനമാറാനുള്ള ഇൻജക്ഷൻ നൽകി. അൽപസമയത്തിനകം വേദനയുടെ കാഠിന്യം കുറഞ്ഞു.

വലിയ അസുഖമൊന്നും കാണുന്നില്ലല്ലോ... ചിലപ്പോൾ ഗ്യാസിന്റെ കുഴപ്പം കൊണ്ടും വേദനയുണ്ടാകും. ഡോക്ടർ കുറെ പാരസറ്റാമോൾ ഗുളികയും അന്റാസിഡ് ഗുളികയും നൽകി ഞങ്ങളെ പറഞ്ഞുവിട്ടു.

അർദ്ധരാത്രി അവൾക്ക് വേദനപൂർവ്വാധികം ശക്തിയായി തിരിച്ചുവന്നു. വേദനകൊണ്ട് ഞരമ്പുകൾ പിടക്കാൻ തുടങ്ങി. നെഞ്ചകം പിളരുന്നത് പോലെ

അസഹ്യമായ വേദനയാൽ ശരീരം വിയർത്തൊലിച്ചു വല്ലാത്ത ദാഹം... വെള്ളം കുടിക്കാൻ കഴിയുന്നില്ല. വെള്ളം തൊണ്ടയിൽ കെട്ടികിടക്കുന്നു. അവൾ തീരുമാനിച്ചു. "അവൾ മരിക്കാൻ പോകയാണെന്ന്".

അവൾ ഉറക്കെ കരഞ്ഞു കൊണ്ട് പറഞ്ഞു "ഇക്കാ ഞാൻ മരിക്കാൻ പോകയാണ്..... ഞാൻ മരിക്കാൻ പോകയാണ്....അവൾ പറഞ്ഞു കൊണ്ടേയിരുന്നു.

എനിക്ക് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. "അവൾ മരിക്കാൻ പോകയാണ്" എന്റെ മനസ്സും പറയാൻ തുടങ്ങി. ഒട്ടും താമസിച്ചില്ല ഞാൻ ടാക്സി വിളിച്ചു നഗരത്തിലെ ആശുപത്രി ലക്ഷ്യം വെച്ച് യാത്രയായി.

വാഹനത്തിൽവെച്ച് മടിയിൽ തലവെച്ച് അവൾ പല ഒസ്യത്തുകളും പറയാൻ തുടങ്ങി. ദുഃഖം കൊണ്ട് എന്റെ നെഞ്ചകം പിളരുന്നതുപോലെ തോന്നി.

എങ്ങോട്ടാണ്...മെഡിക്കൽ കോളേജിലേക്കോ അതോ മദർ ഇന്റെർനാഷണൽ ഹോസപിറ്റലിലേക്കോ?...

ഡ്രൈവർ യാത്രയ്ക്കിടയിൽ ചോദിച്ചു.

എന്താണ് പറയേണ്ടതെന്നറിയാതെ ഞാൻ കുഴങ്ങി.

സർക്കാർ ആശുപത്രിയിലെ തിക്തഅനുഭവം എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുകയാണ്. ഇനി മെഡിക്കൽ കോളേജിലും അങ്ങനെസംഭവിച്ചാൽ?

എന്റെ മനസ്സ് വ്യക്തമായി ചിന്തിക്കാൻ സാധിക്കാത്ത പരുവത്തിൽ ആശയകുഴപ്പത്തിന്റെ ചുഴിയിലകപ്പെട്ടു.

അവസാനം ഞാൻ പറഞ്ഞു.

വണ്ടി മദർ ഇന്റെർനാഷണൽ ഹോസ്പിറ്റലിലേക്ക് വിടൂ

വേദനയ്ക്ക് അൽപം ആശ്വാസം കിട്ടിയതിനാൽ അവൾ നിദ്രയിലാണ്ടു. വണ്ടി ഹോസ്പിറ്റലിന്റെ മുന്നിലെത്തി. അപ്പോഴേക്കും പ്രൗഡഗംഭീരമായി ഞങ്ങളെ സ്വീകരിക്കാൻ സ്ട്രച്ചറുമായി ഹോസ്പിറ്റൽ ജീവനക്കാർ എത്തിയിരുന്നു.

അവൾ ധൃതിയിൽ ഭാര്യയെ നിരീക്ഷണ മുറിയിൽ എത്തിച്ചു. ഞാൻ ഡ്രൈവറെ പറഞ്ഞ്വിട്ട് നിരീക്ഷണ മുറിയിലേക്ക്പോയി.

നഗരത്തിലെ അറിയപ്പെടുന്ന സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലാണ് മദർ ഇന്റർനേഷണൽ പോസ്പിറ്റൽ.

ഏഴ് നിലകളുള്ള പഞ്ചനക്ഷത്ര സൗകര്യങ്ങളോട് കൂടിയ ഹൈടെക് സമുച്ഛയം. കോടിക്കണക്കിന് രൂപ വില പിടിപ്പുള്ള അത്യാധുനിക ഉപകരണങ്ങൾ, ആധുനിക ചികിത്സാ സംവിധാനങ്ങൾ. ഉയർന്ന വിദേശ ബിരുദമുള്ള പ്രഗൽഭരായ ഡോക്ടർമാർ. വിസിറ്റേഴ്സിന് സിനിമ കാണുന്നതിനുള്ള സംവിധാനങ്ങൾ, സ്വാദിഷ്ട ഭക്ഷണം ലഭിക്കുന്ന സൗകര്യമുള്ള ഭക്ഷണശാല. ശിതീകരിച്ച ഒ.പി മുറികൾ കുട്ടികൾക്ക് കളിക്കാൻ പാർക്കുകൾ. കുളിക്കാൻ സ്വിമ്മിങ്ങ് പൂൾ. ദൈവവിശ്വാസികൾക്ക് പ്രാർത്ഥിക്കാൻ വിശാല പ്രാർത്ഥനാഹാൾ. അങ്ങനെപലതും.

ഡോക്ടർ അവളെ വിശദമായി പരിശോദിച്ചു. പല പല ടെസ്റ്റുകൾക്ക് കുറിപ്പ് കൊടുത്തു.

ഞാൻ ഓരോ ടെസ്റ്റിനും വലിയ സംഖ്യ ബില്ലടയ്ക്കുകയായിരുന്നു.

അവളെ ഹൃദ്രോഗ പരിശോധനയ്ക്ക് വിധേയമാക്കി. ഇ.സി.ജി., ടി.എം.ടി., ആൻജിയോഗ്രാം അങ്ങനെകുറെ ടെസ്റ്റുകൾ. പിന്നെ അനുബന്ധ രക്തപരിശോധനതുടർന്ന് ക്യാഷ് ബില്ലുകളുടെ നിലയ്ക്കാത്ത പ്രവാഹമായിരുന്നു.

അവളെ പരിശോധിച്ച ഡോക്ടർമാരുടെ സാക്ഷ്യപത്രം വന്നു. അവൾക്ക് ഹൃദ്രോഹമില്ല.

പിന്നെ എന്ത് രോഗമാണ് അവൾക്ക്.?... എന്തു ചെയ്തിട്ടും വേദനമാറുന്നില്ലല്ലോ....

എന്താണ് രോഗമെന്ന് ഡോക്ടർമാർക്ക് മനസ്സിലായില്ലെന്ന് തോന്നുന്നു.... അവൾ ഒരു പരീക്ഷണ രോഗിയായി മാറുകയാണ്?....

അങ്ങനെയാണ് അവളെ ഇ.എൻ.ടി വിഭാഗത്തിലേക്ക് ഡോക്ടർ റഫർ ചെയ്തത്.

ഇ.എൻ.ടി ഡോക്ടർമാരുടെ വിശദമായ പരിശോധനകൾ, ടെസ്റ്റുകൾ, സ്കാനിംഗ്, എല്ലാം മുറക്ക് പൂർത്തിയായി, റിസൾട്ട് വന്നു. പരിശോദിച്ച ഡോക്ടർമാരുടെ സാക്ഷ്യപത്രപ്രകാരം അവൾക്ക് യാതൊരു കുഴപ്പവുമില്ല. എന്ത് ചെയ്യാനാണ്.?... ഇപ്പോഴും അവളുടെ വേദനയ്ക്ക് ഒരു കുറവുമില്ല.

അവസാനമവളെ എൻഡോസ്ക്കോപിക് ടെസ്റ്റിന് വിധേയമാക്കി. രോഗം കണ്ടുപിടിച്ചു. അന്നനാളത്തിന് വിലങ്ങായി മീൻ മുള്ള് തറച്ചിരിക്കുന്നു. അത് വൃണമായി തീർന്നിട്ടുണ്ട്. അയിലയുടെ ബലമുള്ള മുള്ള്

ഡോക്ടർ മുള്ള് എന്നെ കാണിച്ചു.

ശേഷം ഡോക്ടർ ഗൗരവത്തോടുകൂടി എന്നോട് പറഞ്ഞു.

അന്നനാളത്തിൽ ഇൻഫെക്ഷൻ വരാൻ സാധ്യത കൂടുതലാണ്. അതിനാൽ ഒന്നു രണ്ടു ദിവസം ആശുപത്രിയിൽ കഴിയേണ്ടി വരും.

തുടർന്ന് അവൾ അഡ്മിറ്റായി. റൂം വാടക പതിനായിരം രൂപ അപ്പോൾ തന്നെ കെട്ടിവെച്ചു.

ഡോക്ടർമാരും, നേഴ്സ്മാരും മാറി മാറി വന്ന് അവളെ പരിശോദിച്ചു. മരുന്നിന് കുറിപ്പുകളെഴുതി. രണ്ടു ദിവസം കഴിഞ്ഞ് ഡിസ്ചാർജിന്റെ സമയമായപ്പോൾ ബില്ലുകൾ മൊത്തമായി പരിശോധിച്ച് തുക കണക്കാക്കി. ഒരു മീൻമുള്ള് വരുത്തിയ വിനയ്ക്ക ചിലവായത് എഴുപത്തയ്യായിരം രൂപ. ലക്ഷത്തിൽ പറഞ്ഞാൽ മുക്കാൽ ലക്ഷം രൂപ. പണം പോയാലും രോഗം കണ്ടുപിടിച്ചല്ലോ എന്നാശ്വസിച്ചു ഡിസ്ചാർജ് വാങ്ങി വീട്ടിലേക്ക് തിരിച്ചു.

വീട്ടിലെത്തിയപ്പോൾ ഞാൻ ഭാര്യയോട് ചോദിച്ചു.

മീൻമുള്ള് നീയറിയാതെ എങ്ങനെഅന്നനാളത്തിലെത്തി

എനിക്കറിയില്ല ഇക്കാ... മുള്ള് വെള്ളത്തിൽ അബദ്ധത്തിൽ വീണതായിരിക്കും... ഞാൻ അയിലതല ഈമ്പാറുണ്ട്... അതിന്റെ രസമൊന്ന് വേറെയാണ്.... അപ്പോൾ മീൻമുള്ള് അന്നനാളത്തിൽ തറച്ചിരിക്കാം....

ഇനി മുക്കാൽ ലക്ഷം രൂപ സ്വരൂപിച്ച് അയിലതല ഈമ്പിയാൽ മതി... ഞാൻ തമാശ

രൂപത്തിൽ അവളോട് പറഞ്ഞു.

അന്ന് മുതൽ പിന്നെ അവൾ മത്സ്യം കഴിക്കാറില്ല.

ഭൂമിയുടെ അച്ചുതണ്ടിൽ നിന്നും മാസങ്ങൾ പലതും കൊഴിഞ്ഞു വീണു.

ഹോസ്പിറ്റലിൽ ജോലി നോക്കിരുന്ന നാട്ടുകാരി നേഴ്സിനെകാണാൻ ഒരു ദിവസം ഇടയായി.

ആശുപത്രിയിലെ കഴുത്തറപ്പൻ ബില്ലിനെപ്പറ്റി ഞാൻ പറഞ്ഞപ്പോൾ നേഴ്സ് മനസ്സ് തുറന്നു.

ഇത്രയിത്ര രൂപ വരുമാനമുണ്ടാക്കണമെന്ന് ആശുപത്രി ജീവനക്കാർക്കു, ഡോക്ടർമാർക്കും ടാർജറ്റുണ്ട്. മാസത്തിലെ അവസാനത്തെ ദിവസമാണ് ടാർജറ്റ് പൂർത്തിയാക്കുന്നത്. അന്ന് വരുന്ന രോഗികളുടെ കഴുത്തറക്കുക എന്നത് പതിവ് രീതിയാണ്. അന്നത്തെ ദിവസം ആർക്കും മനഃസാക്ഷി ഉണ്ടാവില്ല.


നിങ്ങളുടെ ഭാര്യയ്ക്ക് അന്നനാളത്തിൽ മീൻമുള്ള് തറച്ചതാണെന്ന് ആദ്യം പരിശോധനയിൽ തന്നെ മനസ്സിലായതാണ്. പിന്നെ നടന്നതെല്ലാം ഒരു തരം നാടകമായിരുന്നു.

ഈ രാജ്യത്ത് സത്യവും നീതിയും ധർമ്മവും ഒന്നും നടപ്പില്ലെന്ന് എന്റെ മനസ്സ് എന്നെ ഉണർത്തുകയായിരുന്നു. ഇത് ദൈവത്തിന്റെ സ്വന്തം നാടോ അതൊ പിശാചുക്കളുടെ നാടൊ?... അപ്പോഴാണ് റോഡരികിൽ കൂട്ടിയിട്ടിരുന്ന കരിയിലകൂട്ടത്തെ ശക്തിയോടെ വന്ന ചുഴലിക്കാറ്റ് ആകാശവീഥിയിലേക്ക് കൂട്ടികൊണ്ടുപോകുന്ന കാഴ്ച എന്റെ ശ്രദ്ധയിൽ പെട്ടത്. പ്രതികരിക്കാനാകാത്ത കരിയിലക്കൂട്ടങ്ങൾ. ■













ചേർത്തലയിൽ വെച്ചു നടന്ന സംസ്ഥാന പവർ ലിഫ്റ്റിങ്ങ് ചാമ്പ്യൻഷിപ്പിൽ "സ്ട്രോങ്ങ്മാൻ ഓഫ് കേരള "(Strong man of Kerala 2014–2015)ആയി തെരഞ്ഞെടുക്കപ്പെട്ട സി. ജയരാജ് (കാലിക്കറ്റ് ബാർബെൽ ക്ലബ്ബ്)

എം.വൺ 59 വിഭാഗത്തിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ അനിൽകുമാർ എം.പി. (കാലിക്കറ്റ് ബാർബെൽ ക്ലബ്ബ്)

സബ്ബ് ജൂനിയർ ഗോൾസ് 43 കേറ്റഗറിയിൽ വെള്ളി മെഡൽ കരസ്ഥമാക്കിയ ശ്രുതി എം. പി.



## രാവൺ - അവസാനഭാഗം


അത്ഭുതകരമാണ്
എന്റെ ജീവിതം

കോഴിക്കോട് ടൗൺഹാളിൽ
നടനശ്രീ കലാക്ഷേത്ര
ഡാൻസ് സ്ക്കൂൾ അവതരിപ്പിച്ച
നൃത്ത ശിൽപ പരമ്പര

രാവൺ - അവസാനഭാഗം
രാവണ കഥാപാത്രത്തിൽ ടി. എസ്. അനിയൻ

ലേഖനം

# അഗ്നികുണ്ഡം



സാം തോമസ്



ഒരു ജനാതിപത്യ റിപ്പബ്ളിക്കായ ഇന്ത്യ...... ഹൈമവത ഭൂമി 3287, 263ച:കി മി . വിസ്തീർണ്ണതയിൽ ഏതാണ്ട് 99,8100 000 ജനസംഖ്യയുള്ള ഇൻഡ്യാരാജ്യത്തിലെ 38,863 ച: കി വിസ്തീർണ്ണതയുള്ള നമ്മുടെ കേരളം....... സ്വാതന്ത്ര്യലബ്ധിക്കുശേഷം വളരെയോറെ പുരോഗമിച്ചിരിക്കുന്നു സംശയമില്ല.

Progress is the mother of problems, അതെ.. പുരോഗതി പ്രശ്നങ്ങളുടെ ജനനിയെന്നു പറയുന്നത് എത്ര ശരിയാണെന്ന് തോന്നും വിധം ഒരോ ദിവസവും അവസാനിക്കുന്നതും മറ്റൊന്ന് ആരംഭിക്കുന്നതും വിചിത്രവും നികൃഷ്ടവും കഠോരവുമായ ഒത്തിരി ഒത്തിരി കാഴ്ചകൾ സംഭവങ്ങൾ കണ്ടും കേട്ടും അനുഭവിച്ചിമാണ്......

നേരിടുകയല്ലാതെ ഒഴിഞ്ഞുമാറാൻ ഈ ജീവിതം ഇനി നമ്മെ അനുവദിക്കുമെന്ന് തോന്നു ന്നില്ല.

സമ്പന്നതയുടേയും അന്ധമായ വിഭാഗീയ ജാതി-മതവിശ്വാസാചാരങ്ങളുടേയും ആധിക്യ ത്തിൽ മറ്റുള്ളവരുടെ വേദനകൾക്ക് മീതെ കയറി നിന്ന്കൊണ്ട് ആർത്തട്ടഹസിച്ച വിജയഹള്ാദം മുഴക്കുന്നവർ ഭീഷണമായ കിരാതത്വത്തിൽ സ്വന്തം മതാനുഷ്ഠാനങ്ങളുടെ ലക്ഷ്യം ആത്മീ യോല്ക്കർഷമാണെന്ന് വിശ്വസിക്കകൂടി ചെയ്യു മ്പോൾ വിശ്വാസാചാരങ്ങളിൽ വന്നുഭവിച്ചിള്ള വികലത അത്യന്തം ആപൽക്കരമായിക്കൊണ്ടിരി ക്കുന്നു എന്നതാണ് വസ്തുത.

വിഭാഗിയ ജാതി, മത, രാഷ്ട്രീയ സംഘട്ടനങ്ങളിൽ ഉണ്ടാകുന്ന അനർത്ഥങ്ങൾ ജനങ്ങളുടെ അവിശ്വാസത്തിനും ഭയത്തിനും കാരണം സൃഷ്ടിച്ചിട്ടുള്ളത് അടിസ്ഥാനരഹിത മായിരിക്കാം- അല്ലായിരിക്കാം എന്നാൽ അതിന് പാത്രിഭൂതരാകുന്നവരെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യമെന്നുള്ളതാണ് സത്യം.

ഏതൊരു പൗരനും സ്വാതന്ത്യം ആത്മസാക്ഷാത്കരമാണ്. ഓരോരുത്തർക്കും അവനവന്റേതായ കഴിവുകളും ശരിയും തെറ്റും, ശക്തിയും അതിനനുസൃതമായ ജീവിതസാദ്ധ്യ കളുമുണ്ട്. ഒരു വ്യക്തി മറ്റൊരു വ്യക്തിക്ക് തുല്യനുമല്ല......

നിറത്തിലും, ആകൃതിയിലും, വലുപ്പത്തിലും, ഭംഗിയിലും മണത്തിലും, പലയിനം പൂക്കൾ വിടർന്ന നില്ക്കുമ്പോളാണ് ഒരു പൂന്തോട്ടം എന്ന് നാം അതിനെ വിശേഷിപ്പി ക്കുന്നത്.

വൈവിധ്യമുള്ളവരും പല രാജ്യക്കാരും, ദേശക്കാരും പല ഭാഷകളും സംസ്കാരങ്ങളും സമാവർത്തിത്വത്തോടെ ഐക്യതയിൽ കഴി യുമ്പോൾ മാത്രമാണ് സ്വാതന്ത്ര്യത്തിന്റെയും സാഹോദര്യത്തിന്റെയും ഒരുമയുടേയും യഥാർത്ഥ ആത്മ സാക്ഷാത്കാരമുണ്ടാകുന്നത്....

ഈശ്വരന്റെ പേരിൽ മതത്തിന്റെയും ദേവലായങ്ങളുടേയും വൃതാനുഷ്ഠാനങ്ങളുടേയും പേരിലുള്ള തർക്കളും അഭിപ്രായ വ്യത്യാസങ്ങളും സംഘട്ടനങ്ങളും ഉണ്ടാകുന്നത് ലക്ഷ്യവൈരുധ്യം കൊണ്ടുതന്നെയാണ്. ഈശ്വരനുമായി യാതൊരു ബന്ധവും ഈകുട്ടർക്കില്ലന്നുള്ളത് അതിലെറെ വൈരുദ്ധ്യം.

സൃഷ്ടികളിൽ പരമോൽകൃഷ്ടമായ മനുഷ്യൻ ഇന്ന് സൃഷ്ടിയല്ല. അവൻ സൃഷ്ടാവാ യി മാറിയിരിക്കുന്നു. മറ്റ് സകലസൃഷ്ടികളെയും എന്തിനേറെ.... ഈശ്വരനെപോലും അടക്കി ഭരി ക്കാൻ ശ്രമിക്കുന്നു. അത്തരക്കാരോട് അമിത ആദ രവും വിനയവും കാട്ടി ചെറുതും വലുതുമായ കാര്യസാദ്ധ്യതകൾക്ക് വേണ്ടി പ്രീണിപ്പിക്കാനും, ബഹുമാനിക്കാനും മെനക്കെട്ടുനടക്കുന്നവർ വ്യക്തിസ്വാതന്ത്ര്യത്തിൻ മേലുള്ള കടന്നുകയറ്റം അവർക്ക് അനുവദിച്ചുകൊടുത്ത് സ്വന്തമായി ഒരു തീരുമാനമോ സ്വന്തം അഭിപ്രായങ്ങൾ പ്രകാപ്പി ക്കുവാനോ കഴിയാത്തനിലയിൽ കൊട്ടുന്ന താള ത്തിന് ഒത്തു തുള്ളുന്നവരായി തീർന്നിരിക്കുന്നു.

കൺമുമ്പിൽ കാണുന്ന നഗ്നസത്യങ്ങളെപ്പോലും അംഗീകരിക്കാൻ അവർ മടിക്കുന്നു. മനുഷ്യ സമുദായത്തിന്റെ സ്വാസ്ഥ്യത്തിനും ഉൽകർഷത്തിനും പരമമായ അടിസ്ഥാനം സത്യവും നിതീയും അച്ചടക്കവും ഹൃദയ ശുദ്ധിയും വികാസ വുമാണ് സർവ്വോപരി ഈശ്വര വിശ്വാസവുമാണ്.

ആവിധമല്ലാത്തഅവസ്ഥയിലെ സ്വാതന്ത്ര്യമാണ്- മനുഷ്യന്റെ ഏറ്റവും വലിയ അസ്വാതന്ത്ര്യം, ജീവിതത്തിൽ ഒരു മതവും വിശ്വാസവും വേണമെന്നുള്ളതു പോലെ സ്നേഹ ബന്ധങ്ങളും ആത്മബന്ധങ്ങളും ആവശ്യമാണ്. എന്നാൽ അത് ഈശ്വരാധിഷ്ഠതമായിരിക്കണം. അത് വഴി ആത്മസംരക്ഷകമായ ബോധം അവനിൽ ഉണ്ടാവുകയും വേണം. അതുണ്ടായാൽ ഈശ്വരനെയല്ലാതെ മറ്റാരെയും ഭയപ്പെടേണ്ടതില്ല. ബഹുമാനം അർഹിക്കുന്നവർക്ക് അവ നൽകുകയും വേണം.

തൊഴിൽ ഭാരമൊന്നുമില്ലാതെ ലക്ഷങ്ങൾ ശമ്പളം കൈപറ്റുന്നവർ വീണ്ടും വീണ്ടും വേതനം വർദ്ധവിന് വേണ്ടി മുറവിളിക്കുട്ടുമ്പോൾ സംഘടനാശേഷിയില്ലങ്കിലും അവർക്കൊപ്പം തന്നെ വിദ്യാഭ്യാസ യോഗ്യകയും തത്തുല്യമായ പരീക്ഷാ യോഗ്യതയുമുള്ളവർ ജീവിതമാർഗ്ഗം കാണാതെ തൊഴിലിന് വേണ്ടി നട്ടം തിരിയുന്ന കാഴ്ച.

അതുപോലെ - അസംഖ്യം കോടി ജനങ്ങൾ കുടിവെള്ള മില്ലാതെ തൊഴിലും കൃഷി ഭൂമിയുമില്ലാതെ ഉപജീവനത്തിന് നരകിക്കുമ്പോൾ സുഖസൗകര്യങ്ങളുടെ പട്ടുമെത്തയിൽ കിടന്ന് സമ്പാദ്യമൊക്കെ എന്തു ചെയ്യേണ്ടുവെന്നറിയാതെ വിഷമചക്രത്തിലകപ്പെട്ടു കഴിയുന്ന മറ്റൊരു വിഭാഗം.......

പുകയുന്ന ഒരഗ്നികുണ്ഡം പോലെ ഈ വൈരുദ്ധ്യം സ്ഫോടനാത്മകമായ അവസ്ഥയിലേക്കാണ് നീങ്ങുന്നത്.

മരണത്തേക്കാൾ ഭികരമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് ബ്രഹ്മാണ്ഡത്തെ അടിമുടി വിറകൊള്ളിക്കുന്ന നിഷ്ഠൂര നിയമങ്ങൾ നിരപരാധികൾക്കെതിരെ നടപ്പിലാക്കുന്ന ഭീകര സംഘടനകൾ, ആശാന്തിയുടെ രക്തസിക്തമായ ബലി പീഠത്തിൽ അനുനിമിഷം നരമേധം നടത്തികൊണ്ടിരിക്കുന്നു. അൽഖായിദയാകട്ടെ ഹമാസ് ഭികര സംഘടനയാവട്ടെ... കോഴിയെ കൊല്ലുന്ന ലാഘവത്തോടെ കഴുത്തറുത്തും ബന്ധനസ്ഥരാക്കി പെട്രോളൊഴിച്ചു ചുട്ടുകരിക്കുന്നതും ഒരു സിനിമാ പ്രദർശനം പോലെ ടിറ്റർ സന്ദേശം വഴി കാട്ടി നിർവൃതിയട യുന്നു.

ഇതിനെതിരെ ശബ്ദിക്കാനും നടപടി കൈകൊള്ളാനും ലോകരാഷ്ടരങ്ങൾക്കാവില്ലേ... ഇൻഡ്യ ഉൾപ്പെടെ 183 രാഷ്ട്രങ്ങൾ ഉൾക്കൊള്ളുന്ന ഐക്യരാഷ്ട്ര സംഘടന ഇത്തരം നിർണ്ണായക സന്ദർഭങ്ങളിലല്ലേ—ഇടപെടേണ്ടത്.

വേദനിക്കുകയും വേദനിപ്പിക്കുകയും, നശിക്കുകയും നശിപ്പിക്കുകയും മാത്രമാണോ ഈ ഭീകരരുടെ ലക്ഷ്യം. ഇവർ മനുഷ്യർ തന്നെയോ?

അഹോ വൃത്തിയിൽ വിശപ്പിനാഹാരത്തിനായിട്ടുള്ള ഹിംസയല്ലാതെ മറ്റൊരു ഉപദ്രവവും ചെയ്യാത്ത മൃഗങ്ങൾ.... ഇതര വർഗ്ഗത്തിൽപ്പെട്ട മൃഗങ്ങളുടെ കുഞ്ഞുങ്ങളെ മുലയൂട്ടുകയും സംരക്ഷണം നൽകുകയും ചെയ്യുന്നത്. മനുഷ്യർ കണ്ടുപഠിക്കേണ്ടതാണ്. ആത്മാവുണ്ടെന്ന് അവകാശപ്പെടുന്ന മനുഷ്യരേ അല്ലേ -മൃഗങ്ങൾ എന്ന് സംബോധന ചെയ്യേണ്ടത്.?

ഹ്രിംസ ജന്തുക്കളായ -മനുഷ്യരെ മൃഗങ്ങൾ കൂട്ടമായി വന്നു ആക്രമിക്കുന്ന കാലം വിദൂരമല്ലാന്ന് വേണം കരുതാൻ

മദ്യലഹരിപദാർത്ഥങ്ങൾക്കടിപ്പെട്ട മനോരോഗികളുടെനാടായി മാറിയിരിക്കുന്നു. നമ്മുടെ കേരളം

മദ്യപാനവും അടിപിടിയും കൊല്ലും കൊലയും പീഢനങ്ങളും വർദ്ധിപ്പിക്കാനുതകുന്ന അശ്ലീലലതകൾ സിനിമ, ടിവി, സീരിയലുകൾ വഴി മനുഷ്യർക്കെങ്ങിനെനശിക്കാമെന്നും, നശിപ്പിക്കാമെന്നം പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. പ്രകമ്പനങ്ങൾ സൃഷ്ടിക്കുന്ന ചാനൽ വാർത്തകൾ വഴിയായും സ്ത്രീ പുരുഷബന്ധം, പിതൃപുത്ര ബന്ധം ഗുരു ശിഷ്യ ബന്ധം അധികാരികളോടും നിയമപാലകരോടും കോടതികളോടും കാട്ടേണ്ട സാമന്യ മര്യാദയും മറ്റും എത്രമാത്രം അവഹേളനപരമായിട്ടാണ് ചിത്രീകരിച്ച കാട്ടുന്നത്. അതൊക്കെ ഇന്നത്തെ തലമുറ അനുകരിക്കുന്നുണ്ടെങ്കിൽ ആർക്ക് ആരെ കുറ്റപ്പെടുത്താനാവും.

ആരാണീ ചാനലുകളെയൊക്കെ നിയന്ത്രിക്കുന്നത് എണ്ണാനറിഞ്ഞുകൂടാത്ത ഗണിത ശാസ്ത്രജ്ഞരെ പോലെയാണ് ഇവയ്ക്ക നേതൃത്വം വഹിക്കുന്നവരുടെ നിലപാട്.

അപൂർവ്വമയി ചില ഭരണക്കർത്താക്കൾ മാത്രമേ മനുഷ്യ സമുദായത്തിന്റെ ശാന്തിയും സമാധാനവും ജീവിത സാഹചര്യങ്ങളും അഭിലഷിച്ച് അതിനനുസൃതമായി പ്രവർക്കുവാൻ സന്നദ്ധതകാട്ടിയുള്ളൂ.

നിരാശയുടേയും ഭയത്തിന്റെയും ഉൾകണ്ഠയുടേയും നടുവിൽ നിന്നുകൊണ്ടുള്ള മനുഷ്യജീവിതം മരണത്തേക്കാൾ ഭീകരമാണെന്ന് പറയേണ്ടിയിരിക്കുന്നു.

ഈഭൂമിയിൽ സ്വാതന്ത്യമായി സഞ്ചരിക്കാനും-നിർഭയം കിടന്നുറങ്ങാനും സ്വൈര്യ ജീവിതം ഉറപ്പുവരുത്തുവാനും സാഹചര്യം സൃഷ്ടിക്കുന്ന കഴിവുറ്റ എല്ലാ വിഭാഗം ജനങ്ങളുടേതുമായ ഒരു സർക്കാർ ഉണ്ടാക്കണം അഴിമതി രഹിതമായ ഐശ്വര്യപൂർണ്ണമായ സൽഭരണത്തിനായി .......

ചൈത്രമാസം വിളവെടുപ്പു കാലം കൊയ്ത്തും മെതിയും പൊലിപ്പാട്ടുമായി മേട മാസത്തിലെ ഉത്സവലഹരിയിൽ വിഷു കടന്നു വരുന്നതുപോലെ-ഉണ്ടാകട്ടെ....നമുക്ക് സ്വീകരിക്കാം....

അങ്ങനെയുള്ള ഭരണകർത്തൾക്ക് വിഭാഗിയത ഇല്ലാതെ സകല വിധ പിന്തുണയും നൽകിപൊതുജനനന്മക്കായിഒരുമിച്ച് പ്രവർത്തിക്കുമ്പോൾ മാത്രമായിരിക്കും. സ്വാതന്ത്ര്യത്തിന്റെ ഫലം പൂവണിയുക. ഒരുമ തന്നെ പെരുമ

അതാകട്ടെ പുതിയ മുദ്രാവാക്യം. ■

# റോഡുകൾ കുരുതിക്കളമാക്കാതിരിക്കുക,

# ഒരിറ്റ് ശ്രദ്ധ,
# ഒരു പാട് ആയുസ്സ്

ഖാദർ കെ തേഞ്ഞിപ്പലം

റോഡപകടങ്ങൾ ദിനേനഎന്നോണം വർദ്ധിച്ചു വരികയാണ്. റോഡിൽ പിടഞ്ഞു മരിക്കുന്ന വാർത്തകളാണ് നാം കാണുകയും കേൾക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിന് പരിഹാരമുണ്ടാകില്ലെ എന്നതാണ് മനസാക്ഷിയുള്ള ഓരോരുത്തരുടെയും ചോദ്യം . ഉത്തരം നൽകേണ്ടത് നാം ഓരോരുത്തരുമാണ്. സർക്കാർ ഭാഗത്തു നിന്ന് പോരായ്മകളുണ്ട്. അതിലേറെ വണ്ടി ഓടിക്കുന്നവന്റെ ഭാഗത്തും യാത്രക്കാരന്റെ ഭാഗത്തും ശ്രദ്ധയും കാര്യബോധവും ഉണ്ടാവേണ്ടതുണ്ട്. ഇത് തെറ്റുമ്പോഴാണ് അപകടങ്ങൾക്ക് ഇടയാക്കുന്നത്. അപകടങ്ങൾക്ക് കാരണങ്ങൾ ഒട്ടേറെയുണ്ട്. റോഡുകളുടെ അപര്യാപ്തത, വാഹനങ്ങളുടെ പെരുപ്പം, നിയമലംഘനങ്ങൾ, അശ്രദ്ധ, മദ്യപിച്ച് വാഹനം ഓടിക്കൽ, അജ്ഞത, ഉദ്യോഗസ്ഥ വിഭാഗത്തിന്റെ അലംഭാവം, അമിതവേഗത തുടങ്ങി എണ്ണിപ്പറയാവുന്ന ഓട്ടേറെ കാരണങ്ങളുണ്ട്. ഇവയിൽ എതെങ്കിലും ഒന്നു നമുക്ക് സ്വീകരിക്കാൻ പറ്റാത്തതായി ഇല്ല. ഇവ സ്വീകരിച്ചാൽ തന്നെ ഒരു പരിധിവരെ റോഡപകടങ്ങൾ കുറക്കുവാൻ കഴിയും.. എത്രപേർ ഇത് പാലിക്കാൻ തയ്യാറാവുന്നുണ്ട്.

2011 മുതൽ 2020 വരെ റോഡ് സുരക്ഷ ദശവർഷമായി ആചരിക്കുവാൻ 2010 മാർച്ച് 2 ന് മോസ്ക്കോയിൽ ചേർന്ന ലോകരാജ്യങ്ങളുടെ സമ്മേളനത്തിൽ വെച്ച് ലോകാരോഗ്യ സംഘടന തിരുമാനമെടുത്തിരുന്നു. ഇതിന്റെ ഗൗരവവും പ്രാധാന്യവും കണക്കിലെടുത്തതു കൊണ്ടാണ് ലോകാരോഗ്യ സംഘടനഇങ്ങനെഒരു തീരുമാനമെടുത്തിരുന്നത് എന്ന് നാം ഓർക്കേണ്ടതാണ്. 1872 ആഗസ്റ്റ് 17 ന് ലണ്ടനിലാണ് ആദ്യമായി ഒരു കാറപകടം ഉണ്ടായത്. ഒരു സ്ത്രീ ഓടിച്ച കാറാണ് അപകടത്തിൽപ്പെട്ടത്. കാർ ഡ്രൈവ് ചെയ്ത സ്ത്രീയും കാറിലുണ്ടായിരുന്ന പുരുഷനും അപകടത്തിൽ മരണപ്പെട്ടു. ബ്രിട്ടീഷ് പാർലിമെന്റിൽ വലിയ ഒച്ചപ്പാടുണ്ടാക്കി. സംഭവം അന്വേഷിക്കാൻ ബ്രിട്ടീഷ് ഗവർമെന്റ് അന്വേഷണ കമ്മീഷനെ വെച്ചു. കമ്മീഷൻ റിപ്പോർട്ടനുസരിച്ച് മൂന്ന് കാരണങ്ങൾ കൊണ്ടാണ് അപകടം ഉണ്ടായത്. 1 ഡ്രൈവർ അമിതമായി മദ്യപിച്ചിരിക്കുന്നു. 2 അമിതവേഗത്തിലാണ് വണ്ടി ഓടിച്ചത്.



3. വണ്ടിയോടിക്കുന്നതിലുള്ള അജ്ഞത. അപകടം ഒഴിവാക്കുന്നതിന് ഡ്രൈവർ ഉൾപ്പെടെ എല്ലാ തലത്തിൽപ്പെട്ടവർക്കും ബോധവർക്കരണം നടത്തുകയാണ് വേണ്ടതെന്നും കമ്മീഷൻ നിർദ്ദേശിച്ചു. ഇതിനെതുടർന്നാണ് ലോക മെമ്പാടും റോഡപകടങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തിവരുന്നത്. ലോകാരോഗ്യ സംഘടനയും ലോകബാങ്കും ഇറക്കിയ കണക്കനുസരിച്ച് 2004 ൽ മാത്രം വാഹനാപകടങ്ങളിൽ 12 ലക്ഷം ആളുകൾ മരിച്ചിട്ടുണ്ട്.500 ലക്ഷം ആളുകൾക്ക് പരിക്ക്പറ്റിയിട്ടുണ്ട്. ഇപ്പോൾ ഇതിലേറെ മരണവും അപകടങ്ങളും വർദ്ധിച്ചിട്ടുണ്ടാവും, 2020 ആകുമ്പോളേക്കും 80 % വർദ്ധനവാണ് പ്രതീക്ഷിക്കുന്നതെന്നു ഐക്യരാഷ്ട്ര സഭയുടെ റിപ്പോർട്ടുകളിൽപറയുന്നു. അവികസിത രാജ്യമായ ഇന്ത്യ ഉൾപ്പെടെ രാജ്യങ്ങളിൽ അപകടങ്ങൾ വർദ്ധിക്കുമ്പോൾ അമേരിക്കയിലും യൂറോപ്പിലും ആസ്ത്രേലിയയിലും 27% കുറഞ്ഞു വരുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. വാഹനങ്ങളുടെ എണ്ണത്തിലും ഉപയോഗത്തിലും കുറവായ ഇന്ത്യയിൽ 2008 ലെ കണക്കനുസരിച്ച്

1,18,239 പേരുടെ ജീവൻ റോഡപകടത്തിൽ നഷ്ട പ്പെട്ടതായി എൻ. സി. അർ. ബി റിപ്പോർട്ടിൽ പറയുന്നു.4,15,800 റോഡപകടങ്ങളിൽ 4,69,100 പേർക്കു പരിക്ക് പറ്റിയിട്ടുണ്ട്. ലോകത്ത് റോഡപ കടങ്ങളിൽ മരിക്കുന്നവർ കൂടുതലും ഇന്ത്യ യിലാണ്. 2011 ൽ കേരളത്തിൽ 4000 ത്തോളം പേർ അപകടങ്ങളിൽ മരിക്കുകും 45000 അപകട ങ്ങളിലായി 55,000 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 1993 മുതൽ 2010 വരെയുള്ള കണക്കനുസരിച്ച് 45467 അപകട ങ്ങളിലായി 73697 പേർക്കു പരിക്കും 4478 പർ മരണപ്പെടുകയും ചെയ്തിട്ടുണ്ട് 2001ലെ കണക്ക നുസരിച്ച് കേരളത്തിൽ 65 ലക്ഷം വാഹനങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 600 കോടി രൂപയാണ് കേരള സർക്കാർ അപകടത്തിൽപ്പെടുന്നവർക്കായി ചിലവിടുന്നത്. 2008 ലെ കണക്കനുസരിച്ച് ഇന്ത്യ ഗവർമെന്റ് പരിക്ക് പറ്റിയവർക്കായി 55000 കോടി രൂപയാണ് ചെലവിടുന്നത്. ഇന്ത്യയിൽ ഓരോ ആറ് മിനുറ്റിലും ഒരാൾ വീതം റോഡിൽ ചോര ചിന്തിമരിക്കുന്നു. കേരളത്തിൽ ദിവസേന10 പേർ വീതം റോഡപകടത്തിൽ മരിക്കുന്നു.

ഇത്രയും ബീഭത്സവും ഭയാനകവുമായ വസ്തുതയെ നിസ്സാരവൽക്കരിക്കുന്നത് തികഞ്ഞ അൽപ്പത്തവും അജ്ഞതയുമാണ് എന്ന് ഓർക്കേണ്ടതുണ്ട്. അൽപ്പനേരത്തെ അശ്രദ്ധ കൊണ്ട് സംഭവിക്കുന്നത് വലിയ ദുരന്തമാണ്. ലോകത്തുണ്ടായ യുദ്ധങ്ങളെക്കാളും പ്രകൃതി ദുരന്തത്തെക്കാളും മാരകമായ രോഗങ്ങളെക്കാളും മരണങ്ങൾ സംഭവിക്കുന്നത് റോഡപകടങ്ങൾ കൊണ്ടാണ്.

അപകടത്തിൽപ്പെടുന്നവർക്ക് ഉടനടി വൈദ്യസഹായം ലഭിക്കുവാൻ ആവശ്യമായ സംവിധാനം ഏർപ്പാടുചെയ്യണം. നിരത്തുകളുടെ നിലവാരം വാഹനസുരക്ഷ നിലവാരവും ഉയർത്തുക. സുരക്ഷാ വിദ്യാഭ്യാസം സാർവ ത്രികമാക്കുക. റോഡ് സുരക്ഷ സംസ്ക്കാരം വളർ ത്തിയെടുക്കുക. എന്നിവ അനിവാര്യമായ കാര്യങ്ങളാണ്. റോഡ് നിയമം ഡ്രൈവർമാരും പൊതുജനങ്ങളും പാലിക്കുക. അശ്രദ്ധയും അമിത വേഗവും അജ്ഞതയും ഒഴിവാക്കുക. ട്രാഫിക്ക് നിയമങ്ങൾ പാലിക്കുക, റോഡുകളുടെ അപര്യാ പ്തത പരിഹരിക്കുക. ഇതെല്ലാം കാര്യക്ഷമ മാക്കാൻ കഴിഞ്ഞാൽ ഒരു പരിധിവരെ റോഡ പകടങ്ങൾ കുറക്കാൻ കഴിയും. ■


**നക്ഷത്രരാജ്യം മാസിക മാനേജ്മെന്റ് "മാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ**

**ശാസ്താസ്**
(Near K.S.R.C Stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്
കോഴിക്കോട്

**ഹരീഷ്കുമാർ പി**
കലാകൗമുദി, ആകാശ് ബുക്ക്സ്,
കന്യാപരമേശ്വരി ടെമ്പിളിന് എതിർവശം
തളി റോഡ്, കാലിക്കറ്റ് - 2

**കോളിറ്റി സ്റ്റേഷനറി**
7/940, കോർട്ട് റോഡ്
രണ്ടാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കട്- 673 001
ഫോൺ: 2721358

**കെ. ആർ. ബ്രദേഴ്സ്**
എസ്. എം. സ്ട്രീറ്റ്
കോഴിക്കോട് - 673 001
ഫോൺ : 2720565

**അളകാപുരി സ്റ്റേഷനറി,**
കോഴിക്കോട്
പാളയം

**മലബാർ സ്റ്റേഷനറി,**
മിംസ് ആശുപത്രിക്ക് എതിർവശം
കോഴിക്കോട്

**ലക്കി ബുക്ക്സ്**
ന്യൂ ബസ്സ് സ്റ്റാന്റ്
കൊയിലാണ്ടി
ഫോൺ ; 9846544326

**നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ,**
പുതിയ ബസ്സ് സ്റ്റാന്റിനടുത്ത്,
(മഞ്ചേരി)

**ശ്രീദേവി ബുക്ക് സ്റ്റാൾ,**
കോടതിക്കടുത്ത്, (മഞ്ചേരി)
**തിരൂരങ്ങാടി ബുക്ക് സ്റ്റാൾ,** പുതിയ ബസ്സ് സ്റ്റാന്റ്,
(മഞ്ചേരി)

**കരിമ്പ് ജ്യൂസ്കട**
പഴയ ബസ്സ് സ്റ്റാന്റ്, (മഞ്ചേരി)

**യൂണിക്ക് ബുക്ക് സ്റ്റാൾ,**
കോടതിക്കടുത്ത്, (മഞ്ചേരി)
**ബേക്കറി** ശ്രീകൃഷ്ണ തിയേറ്റർ ഗെയ്റ്റ്,
(മഞ്ചേരി)

**അപെക്സ് ബുക്ക് സ്റ്റാൾ,**
ബസ്സ് സ്റ്റാന്റ്, (രാമനാട്ടുകര)

**അക്ഷര ബുക്ക്സ്** (രാമനാട്ടുകര)
**എം. കെ. ബുക്ക്സ്** (രാമനാട്ടുകര)
**ബുക്ക് ലാന്റ്,** (രാമനാട്ടുകര०
**കുട്ടിയാപ്പു സ്റ്റേഷനറി,** (രാമനാട്ടുകര)
**മലയാളി ഫാൻസി,** ഫറോക്ക്
**ചന്ദ്രൻ സ്റ്റേഷനറി,** ഫറോക്ക്
**രാജൻ സ്റ്റേഷനറി,** (പൊയിൽകാവ്)
**കോയ സ്റ്റേഷനറി,** പൂക്കാട്
**ഇ. എൻ. ജി. സ്റ്റോർ,** സ്റ്റേഷനറി, പന്തീരാങ്കാവ്


# നാല്പത് വയസ്സിലും നാഷണൽ ഫുട്ബോളർ



ഭാസിമലാപ്പറമ്പ്



ക്രിസ്റ്റി റാംപോൺ




ജറി ഒലവി ലിട്ട് മാനൺ

ആയുസ്സിന്റെ നാല് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇപ്പോഴും ഫുട്ബോളിലെ സജീവ താരങ്ങളാണ് യു. എസ്. എ. യിലെ വനിതാ ഫുട്ബോളർ ക്രിസ്റ്റി റാംപോണും ഫിൻലണ്ടിന്റെ ജറി ലിട്ട് മാനണും. ജൂൺ 24 ന്ന് നാല്പതു വയസ്സ് തികയുന്ന ക്രിസ്റ്റി റാംപോൺ "ഫിഫാ വനിതാ ലോക കപ്പ് കനഡ 2015 " ന്റെ വേദിയിൽ വെച്ചാണ് ജന്മദിനാഘോഷം നടത്തുന്നത്. ഇതുവരെ 304 തവണ ദേശീയ ടീമിന്നു വേണ്ടി ജർസി അണിഞ്ഞ് നാലു ഗോളുകൾ നേടിയ ഈ ഡിഫന്റർ ലോക വനിത ഫുട്ബോളിൽ വൻ റിക്കാർഡുകളുടെ ഉടമ കൂടിയാണ്.

1971 ൽ ഫിൻലണ്ടിൽ ജനിച്ച് 1989 മുതൽ 2010 വരെ ദേശീയ ജർസി അണിഞ്ഞ ജറി ഒലവി ലിട്ട് മാനൺ അയാക്സ് ആംസ്റ്റർഡാം, ബാർസിലോണ, ലിവർപൂൾ തുടങ്ങിയ പ്രശസ്ത ക്ലബ്ബുകളുടെ ജർസിയണിഞ്ഞ ശേഷം സ്വന്തം മണ്ണിലെ പ്രശസ്തരായ എച്ച്. ജെ. കെ. ഹെൽസിങ്കിയുടെ "കളറിൽ" ഇപ്പോഴും സജീവ രംഗത്തുതന്നെ

യു. എസ്. എ യിലെ ഫോർട്ട് ലൌഡർ ഡെയ്ലിൽ ജനിച്ച ക്രിസ്റ്റി റാംപോൺ കൊച്ചുനാളിൽതന്നെ ഒരു "മൾട്ടി സ്പോർട്സ്" താരമായിരുന്നു- ബാസ്ക്കറ്റ് ബോളിലും ഹോക്കിയിലും ഫുട്ബോളിലും ഒരുപോലെ കഴിവു തെളിയിച്ച കന്യക! യു.എസ്.എയുടെനാഷണൽ ഫുട്ബോൾ കോച്ച് ടോണി ഡിസിക്കോയാണ് ക്രിസ്റ്റിയെ"ഒരു മുഴുവൻസമയ"ഫുട്ബോളറായി മാറ്റിയെടുത്തത്. അങ്ങിനെ ഹൈസ്ക്കൂൾ ജീവിതത്തിൽ ബാസ്ക്കറ്റ് ബോളിൽ 2190(രണ്ടായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്) പോയിന്റ് നേടി റിക്കാർഡിട്ട ക്രിസ്റ്റി മൊൺമൗത്ത് യൂണിവേഴ്സിറ്റിക്കു വേണ്ടി അനേകം റിക്കാർഡുകൾ സൃഷ്ടിച്ചുവെങ്കിലും ഒടുവിൽ ഫുട്ബോളാണ് പ്രധാനവേദി എന്ന് കണ്ടെത്തുകയായിരുന്നു. കനഡ 2015ൽ യു. എസ്. എ. ക്കു വേണ്ടി 40 ാം വയസ്സിലും മൈതാനത്തിറങ്ങുന്ന ക്രിസ്റ്റിക്കു പറയുവാൻ ഒരു കാര്യം മാത്രമാണുള്ളത് :

" ഫുട്ബോൾ ജീവിതത്തെ ധന്യമാക്കുന്നു; ജീവിതത്തിന് ലക്ഷ്യബോധം പ്രധാനം ചെയ്യുന്നു."

ക്രിസ്റ്റിയുടെ ജീവിത രേഖ ഇതുവരെ :

പേര് : ക്രിസ്റ്റി റാംപോൺ
ജനനം: 1975 ജൂൺ 24, ഫോർട്ട് ലൌഡർ ഡെയ്ൽ, യു. എസ്. എ.
പൊസിഷൻ : ഡിഫന്റർ
ക്ലബ്ബ് : 1979 –: സെൻട്രൽ ജർസി സ്പ്ലാഷ്
1998–: ന്യൂ ജർസി ലേഡി സ്റ്റാലിയോൺസ്
2001 – 2003 –: ന്യൂയോർക്ക് പവർ
2009 – 2010 –: സ്കൈബ്ളൂ എഫ്. സി.
2011 –: മാജിക് ജാക്ക്

2013ന് ശേഷം –: സ്‌ക്കൈബ്ലൂ എഫ്.സി.
ദേശീയ ജർസി : 304 (4 ഗോൾ)

**ജറി ഒലവി ലിട്ട് മാനൺ**

ഫിൻലണ്ടിലെ ലഹ്ടി നഗരത്തിൽ ജനിച്ച ലിട്ട് മാനൺ കൊച്ചു ബാലനായിരിക്കുമ്പോൾ ഐസ്ഹോക്കിയിലും ഫുട്ബോളിലുമായി നാളുകൾ കഴിച്ചു.

അച്ഛനും അമ്മയും ഫുട്ബോളർ തന്നെ ആയിരുന്നതുകൊണ്ട് തന്റെ ജന്മനിയോഗവും ഫുട്ബോൾ തന്നെ എന്ന തീരുമാനമെടുക്കുകയും രാജ്യത്തിന്റെ ഏറ്റവും മികച്ച കളിക്കാരിലൊരാളായി ഉയരുകയുമായിരുന്നു. രാഷ്ട്രം മുഴുവൻ അറിയപ്പെടുന്ന യുവ ഫുട്ബോളറായി വളർച്ച തേടി. പിൽക്കാലത്ത് നാട്ടിലെ ഏതൊരു കൊച്ചു കളിക്കാരനോടും ജറി ലിട്ട് മാനണെ അറിയുമോ എന്ന ചോദ്യത്തിന് "ജറിയോ? അറിയാതെയോ? ഭാവിയിൽ ഒരു ജറി ആകുവാൻ വേണ്ടിയാണ് ഞങ്ങൾപന്ത് തട്ടുന്നത്.."എന്നാണ് എല്ലാവരുടേയും മറുപടി. അത്രമാത്രം നാടിന്റെ അഭിമാന പാത്രമായി ഉയർന്നിരിക്കുന്നു ജറി ലിട്ട് മാനൺ.

ലിട്ട് മാനന്റെ ഇതുവരെയുള്ള ജീവിത രേഖ ഇങ്ങിനെ:

പേര് : ജറി ഒലവി ലിട്ട് മാനൺ.
ജനനം :1971 ഫിബ്ര :20, ലഹ്ടി(ഫിൻലണ്ട്)
പൊസിഷൻ:അറ്റാക്കിങ്ങ് മിഡ് ഫീൽഡർ, സ്ട്രൈക്കർ.
ക്ലബ്ബ് : 1987–1990 :– ലഹ്ഡെൻ റെയ്പാസ്.
1991–1992:–എച്ച്. ജെ. കെ. ഹെൽസിങ്കി (ഫിൻലണ്ട്)
1992–1999 :–അയാക്സ് ആംസ്റ്റർ ഡാം (ഹോളണ്ട്)
1999–2001 :–എഫ്.സി. ബാർസിലോണ(സ്പെയിൻ)
2001–2002 :–ലിവർപൂൾ( ഇംഗ്ലണ്ട്)
2005–2007 :–മാൽമോ(സ്പെയിൻ)
2008–2010 :–എഫ്. സി. ലഹ്ടി (ഫിൻലണ്ട്)
2010–2015 :– എച്ച്.ജെ. കെ. ഹെൽസിങ്കി(ഫിൻലണ്ട്)
നേട്ടങ്ങൾ: പ്ലയർ ഓഫ് ദി ഇയർ, ഫിൻലണ്ട്(9 വർഷം)
പ്ലയർ ഓഫ് ദി ഇയർ, ഹോളണ്ട് : 1993
ദേശീയ ജർസി : 137 തവണ
(നാഷണൽ റിക്കാർഡ്) 32 ഗോൾ

## അഭിപ്രായങ്ങളും ആക്ഷേപങ്ങളും

ബഹുമാനപ്പെട്ട നക്ഷത്രരാജ്യം മാസിക മാനേജിംഗ് എഡിറ്റർക്ക്
സാർ,

ഇക്കാലങ്ങളിൽ സിറ്റിക്കടുത്തുള്ള സാധാരണ പ്രദേശങ്ങളിൽ കണ്ടുവരുന്ന ഒരു കൗതുക കാഴ്ചയാണ് ഇങ്ങനെയൊരു അഭിപ്രായമോ ആക്ഷേപമോ എഴുതാൻ എന്നെ പ്രേരിപ്പിക്കുന്നത്.

ഇന്ന് ഏത് പ്രദേശങ്ങളിൽ ചെന്ന് നോക്കിയാലും അവിടെ ഒരു പറ്റം റിയൽ എസ്റ്റേറ്റ് ബ്രോക്കർമാരെ കാണാം. "കുട നന്നാക്കാനുണ്ടോ" എന്നു ചോദിച്ചു നടക്കുന്ന പഴയ കാലത്തെ കുടനന്നാക്കാനിറങ്ങിയവരെ പോലെയാണ് ഇവരുടെ സ്വഭാവം. ഏതെങ്കിലും വസ്തു വിൽക്കാനുള്ളതല്ലെങ്കിൽ പോലും സ്ഥലത്തിന്റെ അതിരുകൾ കണ്ടാൽ മോട്ടോർ സൈക്കിൾ നിർത്തി അതെല്ലാം നോക്കി അഭിപ്രായം പറഞ്ഞു കൊണ്ടിരിക്കുന്ന ഇത്തരം സാധാരണ ജനങ്ങളെ ദ്രോഹിക്കുന്നവരായി പ്രവർത്തിക്കുന്ന ഇവരെ നിലക്കു നിർത്താൻ മാർഗ്ഗങ്ങളൊന്നുമില്ലന്നാണോ? പ്രഭാതം മുതൽ പ്രദോഷം വരെ ഓരോപ്രദേശങ്ങളിൽ കൂടിയും മോട്ടോർ ബൈക്കിലോ ആക്ടിവയിലോ ചുറ്റി കറങ്ങുന്ന ഇത്തരക്കാരെയാണോ റിയൽ എസ്റ്റേറ്റ് മാഫിയ ശിങ്കിടികൾ (ആരാന്റെ വസ്തു എങ്ങിനെയെങ്കിലും വിൽപ്പിച്ച് തനിക്കും കുടുംബത്തിനും തിന്നാനുള്ള അന്നം തേടുന്ന ജനദ്രോഹി) എന്നു പറയുന്നത്. ഇത്തരക്കാർ ഒരു പ്രദേശത്ത് കാലാകാലങ്ങളിലായി സ്ഥിരതയോടെ കുടുംബമായി ഒരു വീട്ടിൽ ജീവിച്ചുകൊണ്ടിരിക്കുന്നവർക്കു വിനയാകില്ലേ എന്നു ആലോചിക്കണം. അസമയങ്ങളിൽ പോലും ഗവ. ഓഫിസുകളിൽ അധികാരത്തോടെ വന്നിരുന്നു തന്റെ കാര്യങ്ങൾ ചെയ്യിക്കുന്ന ഇവരെ നിലക്ക് നിർത്താൻ കാലാകാലങ്ങളിലായി നേരായ വഴിയിൽ സഞ്ചരിക്കുന്നതിനു ബ്രോക്കർ ടോക്കനും അംഗീകാരവുമുള്ള ഞങ്ങളെപോലുള്ളവർക്ക് സാധിക്കുകയില്ലേ? ഇത്തരം അന്യരുടെ സ്വത്തു വിൽപ്പിക്കാൻ കണ്ണുനട്ടു നാടുനീളെ സഞ്ചരിക്കുന്നവരെ കുറിച്ച് എഡിറ്റോറിയൽ എഴുതി സർക്കാർതലത്തിൽ വിവരങ്ങൾ എത്തിക്കാൻ നക്ഷത്രരാജ്യം മാസികക്കു സാധിക്കുയില്ലേ? അന്യായമായി ഇര തേടുന്ന ഇവരുടെ കുതന്ത്രങ്ങളിലൂടെ പുരയിടവും സ്വത്തും നഷ്ടപ്പെട്ട് ഇനിയൊരു കുടുംബം തെരുവിലെത്താതിരിക്കട്ടെ.

സ്നേഹപൂർവ്വം
(ഒരു റിയൽ എസ്റ്റേറ്റ് ബ്രോക്കർ)

കവിത

# ജീവിതസൗഖ്യം



രവീന്ദ്രൻവൈദ്യർ കൊടാപ്പള്ളി


പോകണം, പോകണം, മേറെ ദൂരം
യാത്ര തീരുംവരെ, യാത്ര തന്നെ,
ജീവിതമാകും കടൽ കടക്കാൻ
ഏറെപ്പണിയുണ്ടറിഞ്ഞുവെക്കൂ

ഇന്നത്തെയാത്രക്കു വേണ്ടകാര്യം
ഇന്നുതന്നെ നീ പഠിച്ചിടേണം
ജന്മമെടുത്ത നാൾ തൊട്ടുതന്നെ
ചില്ലറ കാര്യം ഗ്രഹിച്ചീരുന്നു
പിന്നെയക്ഷരവും സംഖ്യകളും
നീണ്ട പഠനവിഷയമുണ്ട്
ഏകാഗ്രചിത്തനായ് ശാസ്ത്രവിജ്ഞാനങ്ങൾ
ആർജ്ജിച്ചു യാത്ര തുടർന്നു കൊള്ളു!

പോകണം, പോകണം, മേറെ ദൂരം
യാത്ര തീരും വരെ യാത്രതന്നെ
ജീവിതമാകും കടൽ കടക്കാൻ
ഏറെപ്പണിയുണ്ടറിഞ്ഞു വെക്കൂ
ലക്ഷ്യമടുക്കും കരയടുക്കും
പിന്നെത്തെ ജീവിതം സൗഖ്യമാകും

# അഭയം

വാസു അരീക്കോട്



വാസു അരീക്കോട്


എവിടെയുണ്ടിനീയഭയമെനിക്ക്
ആരുതരുമിനിയഭയം,
ഭരതന്റെ പുണ്യഭൂമിയിലോ
വാഴുന്നോർക്കു സത്രാജിത്തിന്റഹങ്കാരവും*
*തീർപ്പിനു ചെന്ന കൃഷ്ണനെതല്ലിയപോൽ
നല്ലതുപറഞ്ഞാൽ കേൾക്കാൻ മടിയാണ്.
വിഘടനവാദക്കാരും ഭീകരരും-പിന്നെ
മതഭ്രാന്തരുമൊരുമിച്ചു നിൽക്കുന്നിവിടെ,
സുണ്ടൂരിൽ മഹാത്മാവിൻ മക്കളെ
നീചമാം രീതിയീലാക്രമിച്ചതും
ദേവരാളയിൽ തീയിലിട്ടുകൊന്നതും
കാലമുപേക്ഷിച്ച സതിയുടെ പേരിലോ?
ചോദിക്കാൻ മറ്റൊരു കൃഷ്ണനില്ല
ഭാരതത്തിൽ ഭാരതീയരെ കാണ്മാനില്ല
    വയ്യെനിക്കിനി വയ്യയല്പവും,
    ശാന്തി സമാധാനം നേടുവാനായ്
    ഗിരി ശൃംഗങ്ങളിൽ തപം ചെയ്യുവാനായ്
    പോകുന്നതാണെത്രയുമുത്തമം.

*സൂര്യദേവൻ നല്കിയ സ്യമന്തക മണി കയ്യിലുള്ളതിനാൽ.
*സ്യമന്തകമണി രാജഖജനാവിലേക്ക് നല്കണമെന്നത്.

ചെറുപ്പം മുതൽ സംഗീതവും കവിതകളും വളരെ ഇഷ്ടമാവുകയും കവിതാരചനയിലും പാരായണത്തിലും സ്ക്കൂൾ സാഹിത്യസമാജങ്ങളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. പഠിക്കുന്ന സമയത്ത് ചില ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ കവിതകൾ പ്രസിദ്ധീകരിച്ചു വന്നു. ജീവിത പ്രയാസങ്ങളാൽ പഠിക്കുമ്പോൾ തന്നെ അച്ഛന്റെ കൂടെ ജോലിക്കു പോയി. കവിതയും സംഗീതവും ഉള്ളിലൊതുക്കി കൂടിയ അക്കാലങ്ങളിൽ മാനസിക സുഖം വരുമ്പോൾ കഥകളും കവിതകളും കുറേ എഴുതിക്കൂട്ടി. പക്ഷെ അവയൊന്നും പ്രസിദ്ധീകരണത്തിന് അയക്കാനും എഴുത്തുകാരുമായി ബന്ധപ്പെടാനും കുറച്ചു കാലം സാധിച്ചില്ല. പിന്നീട് വയലിൻ പഠിക്കാൻ പോയി. കൂട്ടുകാർ, മറുത, ചാറ്റിങ്ങ്, എന്നും പ്രിയപ്പെട്ടവൾക്ക് എന്നി സിനിമകൾക്ക് വേണ്ടി ഗാനങ്ങൾ രചിച്ചിട്ടുണ്ട്. മൗനനൊമ്പരം, മലയാള കവിത 2014, കാവ്യമേഘങ്ങൾ എന്നി കവിത സമാഹാരങ്ങൾ പ്രസിദ്ധികരിച്ചു. ഇപ്പോൾ പല ആനുകാലിക പ്രസിദ്ധികരണങ്ങളിലും കവിത രചനകൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

Short Story

# FLUFF AND FACT
## (Fiction)



C.K. RAGHAVAN



Rajan is a highly rich young man living in Calicut city. He owns several commercial establishments in and around Calicut city. At present approximate worth of his assets comes around rupees 500 crore. Now he has a strong wish to get fame and influence among his people and in society. So he planed to launch an English monthly magazine. In the month of January 2015, the magazine entitled "The Honesty" has been started it's publication . The inagural function was conducted in a very grand manner spending lakhs of rupees.Actualy Rajan had fully aware of the fact that nowadays in the age of T.V. and internet, print publication is a money loosing programme, especialy in the case of newcomers. Many of his friends had already warned him about the risk of not getting enough sales. But Rajan firmly belived that launching a magazine is one of his life long ambition. So he didnot worry at all about the financial burden comming in the way. Many prominent personalities including state ministers were present at the inagural ceremony. More than one thousand people had attended the inagural function. Every attender had been given a copy of the magazine at free of cost. I had also attended the function and received one copy of magazine "The Honesty". The magazine seemed very elegantly designed one with multy coloured pictures, printed in very glossy papers completly. Inside the magazine there were many articles written by well known writers. In the next month second edition of the magazine came out on 10th February. I also purchased one copy from a book shop. I read the articles in the magazine. Now I noticed an extra-ordinary claim on the front page of the magazine. It was this "one of the largest circlulated magazine in the world". For quenching the curiosity created in my mind to know more about the claim, I went to meet Mr: Rajan, he himself is the editor of the magazine. On entering the editor's chamber I wished good morning to the editor. He instructed me to sit on the chair opposite to him. I sat on the chair. I explained the reason behind my visit. " Sir excuse me, I have already read your magazine's February edition. Now request you to clear my doubt regarding your claim that your magazine "The Honesty" is one of the largest circulated magazine in the world."

With a hiding smile on his face he started to narrate his position " Uncle you please listen to me carefully, then your doubt will be ended". After saying this, he stopped for a while - Then he continued his talk.

"on one day in last month I reached Kolkatha by train. From there I travelled to Tokyo. Then Tokyo to Newyork. I spend 2 days in Newyork. Then I came to London. Finaly I returned to Kolkatha via Delhi. All these journeys were by air. So I encircled the earth. After a pause he continued his briefing, looking at my wondering face". During my travel I had carried all the 500 copies of the February edition also with me. Really speaking, my magazine might be the most circulated magazine in the world. But I do not claim to that extent". "I am planing to repeat my air travel along the same route in this month and in the comming months also." Now he finished his words. I thanked the editor. I left the place thinking that some times truth and reality are not same but different.

# യുവർ ഓൺ കമ്മ്യൂണിക്കേഷൻ

കോഴിക്കോട് - 673012, **മൊബൈൽ നമ്പർ : 9037880835**

## ഇനിയും ഗ്യാസ് കണക്ഷൻ കിട്ടിയില്ലേ ?



പ്രശ്നം എന്തുതന്നെ ആയാലും വീട്ടു ആവശ്യത്തിനുള്ള സബ്സിഡിയോടു കൂടിയ ഗ്യാസ് കണക്ഷൻ എടുത്തുകൊടുക്കുന്നതാണ്. മുകളിൽ കാണുന്ന നമ്പറുമായി ബന്ധപ്പെടുക.

## പവർകട്ടിന് ഗുഡ്ബൈ



പ്രശസ്ത ഐകോൺ കമ്പനിയുടെ 4 വർഷ റീപ്ലയിസ്മെന്റ് ഗ്യാരണ്ടിയുള്ള ഇൻവെർട്ടറുകൾ, വീടുകൾ, ഓഫീസ്, ഹോട്ടൽ തുടങ്ങിയ ഏതു സ്ഥലത്തേക്കും ദീർഘകാല തവണ വ്യവസ്ഥയിൽ ആദ്യ ഗഡുവിൽ തന്നെ മുൻകൂറായി സാധനം ലഭിക്കുന്നു. ആവശ്യമുള്ളവർ 9037880835 എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്ട്രർ ചെയ്യേണ്ടതാണ്.

## ഗ്യാസ് സ്റ്റൗ



വികസനത്തിന്റെ കൊടുങ്കാറ്റ് ഇപ്പോൾ പഴയ സ്റ്റൗവിന്റെ രൂപത്തിലും. നിങ്ങളുടെ ഏത് സ്റ്റൗവിനും 700 രൂപവരെ മുഖവില നൽകുന്നു. പകരമായി പ്രശസ്ത ഇന്റർനാഷണൽ കമ്പനികളുടെ സ്റ്റീൽ, ഗ്ലാസ് ടോപ്പ് തുടങ്ങിയ മോഡലുകൾ എം.ആർ.പി. വിലയിലും കുറഞ്ഞ വിലയ്ക്ക് നിങ്ങളുടെ വീട്ടിൽ നേരിട്ട് എത്തിക്കുന്നതാണ്. രണ്ട് വർഷത്തെ ഹോം സർവ്വീസ് ഓൺലൈൻ ബുക്കിംഗ് വഴി നേരിട്ട് ലഭിക്കുന്നതാണ്.

**Cont : 9037880835**

---

## GLAMOUR GENTS WEAR

**Naluparambil Complex, Mankave, Calicut - 7**

**9847756569**

***Pants, Jeans, Shirt, T-Shirts etc....***

---

## India's No - 1
## AKSHAYA WATER PROOFING

**29/851, Kottoli, Mavoor Road,Kozhikode - 673016**

***Mob : P.P. Pradeep - 9447312616, 9037940457***

***Email: aakshayawaterproof@gmail.com***

**ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം ഗ്യാരണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു.**

---

## ന്യൂകാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്

**മൂരിയാട് റോഡ്**

**പുതിയപാലം, കോഴിക്കോട്**

**കാർ സ്പ്രേപെയിന്റിങ്ങ്, ബോഡി വർക്സ്, എഞ്ചിനീയറിംഗ് വർക്ക്സ്**

**ഫോൺ : മണി 9846386998**

---

## Highness Cool

**Refrigeration & Air Conditions**

**NEAR POST OFFICE, MANKAVE, CALICUT-7**

**(Service for Airconditioner, Refrigerator)**

***washing Machine, Spray Painting, etc.)***

***Mob: 9349810003***

---

## *Sree Lakshmi Enterprises*

**24/1410-D, Thalikulangara, Mankave,**
**Calicut - 673 007Ph: Off: 9847140046**
**Mob: Ramesh : 9847005566**

**Dealers in**
**Johnson & Johnson, PEDI GREE (Dog & Cat Food)**

---

## P.V. ENTERPRISES


**DEALERS IN ELECTRICAL & PLUMBING MATERIALS**

17/1894/A6, Abba Arcade Building,
East Kottaparamba,
G.H. Road, Kozhikdoe-1.

**Ph:0495 4025101, 3042762 Mob: 9387338100**

ലേഖനം

# പെരുവണ്ണാമൂഴി വന്യജീവി സംരക്ഷണകേന്ദ്രം അടച്ചുപൂട്ടൽ ഭീഷണി നേരിടുമ്പോൾ



വിനോദ്കുമാർ ദാമോദർ

ഏതൊരു വേദിയിലും ഇന്ന് ചർച്ചചെയ്യപ്പെടുന്ന ഒരു പ്രധാനവിഷയമാണ് പരിസ്ഥിതി-വന്യ ജീവി സംരക്ഷണം. എന്നാൽ പ്രായോഗികമായി പ്രവർത്തിക്കാൻ അവസരം വരുമ്പോൾ പറയുന്നതുപോലെ പ്രവർത്തിക്കുന്നവരായി ആരേയും കാണാറില്ല എന്നതാണ് യാഥാർത്ഥ്യം. അത് സർക്കാറിൽ നിന്നായാലും പരിസ്ഥിതി വന്യജീവി സ്നേഹീകളിൽനിന്നായാലും പ്രവർത്തികൾ നേരെ മറിച്ചാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇതിന് ഒരുപാടു ഉദാഹരണങ്ങൾ നമ്മൾ കണ്ടിരുന്നെങ്കിലും അവസാനമായിട്ടാണ് പെരുവണ്ണാമൂഴി വന്യജീവി പുനരുദ്ധാരണ കേന്ദ്രത്തിൽ അരങ്ങേറിയത്.



പെരുവണ്ണാമൂഴി വന്യജീവി പരിപാലനകേന്ദ്ര കവാടം

മറ്റു പല വന്യജീവി സങ്കേതങ്ങളിൽ നിന്നും തികച്ചും വ്യത്യസ്ഥമായിട്ടാണിവിടെ കണ്ടത്. കക്കയം വന്യജീവി സങ്കേതത്തിന് തൊട്ടടുത്തു സ്ഥിതി ചെയ്യുന്ന വന്യജീവി സംരക്ഷണ കേന്ദ്രം വർഷങ്ങളായി പലകാരണങ്ങളിലായി പൂട്ടൽ ഭീഷണി നേരിടുന്നു. (CZA) കേന്ദ്ര സൂ അതോറിട്ടിയുടെ കാഴ്ച ബംഗ്ലാവ്നിയമങ്ങൾ(1991) പാലിക്കപ്പെട്ടിട്ടില്ല യെന്ന കാരണത്തിലായിരുന്നു ആദ്യം പൂട്ടൽഭീഷണി. ഈ നിയമങ്ങൾ വന്യ ജീവി സുരക്ഷയ്ക്കായി സൂ അതോറിറ്റി ഇന്ത്യയിലെ കാഴ്ച ബംഗ്ലാവുകൾ നിയന്ത്രിക്കുന്നതിനായി രൂപകൽപ്പനചെയ്തതായിരുന്നു. ഈ പേരിൽ പൂട്ടൽ ഭീഷണി നിലനിൽക്കുന്നു.

ഈ കഴിഞ്ഞ ദിവസം പ്രസിദ്ധ നടൻ സൽമാൻഖാൻ വർഷങ്ങളായി നീളുന്നു തന്റെ പേരിലുള്ള ബ്ലാക്ക് ബക്ക് എന്ന മാനിനത്തിലുള്ള വന്യമൃഗത്തിനെകൊന്ന കേസ് സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് സുപ്രീം കോടതിയെ സമീപിച്ചപ്പോൾ ആ ആവശ്യം തള്ളിയ കോടതി വന്യ ജീവി സംരക്ഷണ നിയമങ്ങൾ അയവു വരുത്തുവാൻ സാധിക്കില്ല എന്ന സൂചനയാണ് നൽകിയത്. ആ ഒരു നിലയിൽ ഒരു വന്യജീവി സംരക്ഷണ കേന്ദ്രം അടച്ചു പൂട്ടുവാനുള്ള നീക്കം വനം വന്യ ജീവി വകുപ്പുതന്നെ ശക്തമായരീതിയിൽ എതിർക്കേണ്ട സ്ഥിതിവിശേഷമാണ് കാണേണ്ടതെങ്കിലും ഒരു രാഷ്ട്രീയ പ്രതിഛായയാണവിടെ കണ്ടുവരുന്നതെന്നാണ് വന്യജീവി സംരക്ഷണ പ്രവർത്തകർ പറയുന്നത്. കക്കയം വന്യജീവി സങ്കേതത്തിനടുത്തുതന്നെപുഴക്കരയിൽ സ്ഥിതി ചെയ്യുന്ന ഈ കേന്ദ്രം വനത്തിൽ നിന്നും പരിക്കേൽക്കുന്ന ചെറു വന്യ ജീവികൾക്കൊരു ആശ്വാസകേന്ദ്രമായി നിലകൊള്ളുന്നു. പലപ്പോഴും ഈത്തരത്തിലുള്ള വന്യമൃഗങ്ങളെ പാർപ്പിക്കുവാൻ ഇടമില്ലാതെപലവന്യജീവി സങ്കേതങ്ങളും നില നിൽക്കുമ്പോൾ ബംങ്കളൂരുവിനടുത്ത ബണ്ണാർഘട്ട് നാഷണൽ പാർക്കിനടുത്തുള്ളതുപോലെ ഒരു കേന്ദ്രം പെരുവണ്ണാമൂഴിയിയിൽ നമുക്കുള്ളതിനെതിരെ പലതരം ഭീഷണി നേരിടുന്നത് തികച്ചും ആശ്ചര്യകരമാണ്.


ഇപ്പോഴത്തെ പുതിയ പ്രശ്നം ഇവിടം ലാഭകരമല്ല യെന്ന വാദമാണ്. വന്യജീവി പുനരുദ്ധാരണ കേന്ദ്രങ്ങൾ ലാഭത്തിനുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളല്ല. അവ വന്യജീവികളെ സംരക്ഷക്കുകയെന്ന

# HASBI TOURS & TRAVELS




**Meenchanda, Areekkad, Calicut - 27**
**Mob: Sahir - 9895999100**
**9895350141**





# Yes Key Electricals & Engineering Works

**Puthiyapalam, Calicut**

Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikrema Rectifiers etc.

കൂടാതെ എല്ലാവിധ ഇലക്ട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്ത്കൊടുക്കുന്നു.

NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunilkumar Mob: 9847390950
Ph: 0495-2702073, Resi: 9048594525



# GEEYEL SONS

**Mob: 7736120499, 9349344534**

ENGINEERING WORKS

**Palazhi Road, Near Ollur Temple Bus Stop, Kozhikode**




*Tarmixing plant,*
*Road Roller,*
*Concrete Mixer mechian etc.*
*All kinds of Engineering works*



# PUMP HOUSE



Since 1960 MAHENDRA PUMPS
Performance. Value. Trust

**Authoriserd Dealer Mahendra, Tecmo, Samudra, Oswal, Falcon Pumps**
**All Kinds of Plumbing Materials & Spares.**

Simla Building, Kandamkulam Cross Road, Calicut - 2
Mob : V. K. Udayan - 9387779769, 0495 2701931

എക്സ്ചേഞ്ച് സൗകര്യം ലഭ്യമാണ്



# MANAMKULAM ENTERPRISES

Chalappuram P.O., Calicut-673 002, Kerala

**Ph: Off: 2302884, Res: 2301916 Mohammed Ashraf: 9847755130**

**WHOLE SALE DEALER OF ANCHOR PLYWOOD**

Dealers: Plywoods, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc.





# MANAMKULAM TIMBERS

Chalappuram P.O., Calicut-673 002, Kerala

Whole sale and Retail dealer of All types of Timber logs & sizes, Nilotika sizes available

**Ph: Abdul Nazer - 9847010745**
**Mohemed Faizel - 9847133878**





വന്യജിവികളെ ചികിത്സക്കായി പിടികൂടുവാനുപയോഗിക്കുന്ന കൂട്



വയനാട് കാടുകളിൽ നിന്നും പിടികൂടി തൃശ്ശൂർ കാഴ്ച ബംഗ്ലാവിലുള്ള കടുവ

ആവശ്യം നിറവേറ്റാനാണ്. ഈത്തരത്തിലുള്ള കേന്ദ്രങ്ങൾ കേരളത്തിൽ ത്തന്നെ തീരെ ഇല്ലെന്നിരിയ്ക്കേ അടച്ചു പൂട്ടാൻ പറയുന്ന ഈ ഒരു കാരണം ഒരു ഒഴിവുകഴിവു മാത്രമാണെന്ന് പറയാം. പലപ്പോഴും പല മേഖലയിൽ നിന്നും രക്ഷപ്പെടുത്തിയ വന്യമൃഗങ്ങളെ തൃശുർ കാഴ്ച ബംഗ്ലാവിലേയ്ക്ക് മാറ്റേണ്ടി വരുന്നതായി പറയുന്നുണ്ട്. അവിടെ മൃഗങ്ങളുടെ എണ്ണം വളരെ കൂടിയിട്ടുണ്ട്പോലും. പിന്നെയുള്ളത് തിരുവനന്തപുരത്തെ സൂവോളജിക്കൽ പാർക്കാണ്. കേരളത്തിന്റെ തെക്കേ അറ്റത്തു സ്ഥിതിചെയ്യുന്ന ഈ സുവോളജിക്കൽ പാർക്ക് വരെ പലപ്പോഴും പരിക്കേറ്റ മൃഗങ്ങളെ എത്തിയ്ക്കാനുള്ള സമയമുണ്ടാവില്ല. ഈ ഒരു നിലയിൽ പെരുവണ്ണാമൂഴി വന്യജീവി പുനരുദ്ധാരണ കേന്ദ്രം പരമാവധി സൗകര്യത്തോടെ തുടർന്നു പോരേണ്ടതാണ്.

(CZA) കേന്ദ്ര സൂ അതോറിറ്റിയുടെ കണക്കനുസരിച്ച് ഇന്ത്യയിൽ 64 കാഴ്ച ബംഗ്ലാവുകളും 194 ഇടത്തരം കാഴ്ചബംഗ്ലാവുകളുംമുണ്ട്. ഇവ കൂടാതെ വന്യജീവി പുനരുദ്ധാരണ കേന്ദ്രങ്ങളും മറ്റുതരത്തിലുള്ള വന്യജീവി സംരക്ഷണ കേന്ദ്രങ്ങളും നിലവിലുണ്ട്.

കേന്ദ്ര സൂ അതോററ്റി നിലവിൽ വന്നു കഴിഞ്ഞതിൽപിന്നെ പല കാഴ്ച ബംഗ്ലാവുകളുടേയും നില മെച്ചപ്പെടത്തുവാൻ സാധിച്ചിട്ടുണ്ട്. തിരുവനന്തപുരം സുവോളജിക്കൽ പാർക്ക് ഇന്ന് ഒന്നാന്തരം കാഴ്ചബംഗ്ലാവെന്ന നിലയിലേക്ക് നീങ്ങിയിട്ടുണ്ട്. പ്രകൃതിദത്തമായ അന്തരീക്ഷത്തിലാണ് കാഴ്ച ബംഗ്ലാവിലെ വന്യജീവികളുടെ വിഹാരം. അവിടത്തെ മൃഗങ്ങളുടെ കാഷ്ടം ഉപയോഗിച്ച് വളമുണ്ടാക്കുന്ന ഒരു പദ്ധതിയും അവർ നടപ്പിലാക്കി വരുന്നുണ്ട്. ഇതൊരുവൻ വിജയമായി സൂവോളജിക്കൽ പാർക്ക് അധികൃതർ അവകാശപ്പെടുന്നു.

പെരുവണ്ണാമൂഴിയിലെ കാര്യമെടുത്താൽ സൂ അതോറ്റിയുടെ നോട്ടീസ്സ് വർഷങ്ങൾക്ക് മുൻപ് ലഭിച്ച കേന്ദ്രം അടച്ചു പൂട്ടൽ ഒഴിവാക്കാൻ വേണ്ടി ചില നടപടികൾ സ്വീകരിച്ചു വരികയായിരുന്നു. പൂട്ടലൊഴിവാക്കാനുള്ള വികസനത്തിന്റെ ആദ്യപടി എന്ന നിലയിൽ ഇക്കാലയളവിൽ കാഴ്ച ബംഗ്ലാവിന്റെ കീഴിലല്ല കേന്ദ്രം പ്രവർത്തിക്കുന്നതെങ്കിലും തുടർച്ചയായി ഈ കേന്ദ്രത്തിൽതന്നെ വയ്ക്കേണ്ടി വരുന്ന മുതല തുടങ്ങിയവയ്ക്കു വേണ്ടി എപ്പോഴും ലഭിയ്ക്കുവാൻ ശുദ്ധജലം തുടങ്ങിയ സൗകര്യങ്ങൾ ഇപ്പോൾ കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്രത്തിന് ചുറ്റും ശക്തമായ രീതിയിലുള്ള മതിലുകൾ നിർമ്മിച്ചു കഴിഞ്ഞു. പരിക്കേൽക്കുന്ന മൃഗങ്ങളെ പരിശോധിയ്ക്കാൻ ഡോക്ടർക്കു പ്രത്യേകം മുറിയും നിർമ്മിച്ചു കഴിഞ്ഞു. സന്ദർശകർക്കാവശ്യമായ കുടിവെള്ളവും ടോയ്‌ലറ്റ് സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രദേശം വൃത്തിയാക്കൽ തുടങ്ങിയവ ചെയ്യുവാൻ ആഴ്ചയിൽ ഒരു ദിവസം ഒഴിവു ദിനമാക്കി. ഇനിയും അത്യാവശ്യമായ സൗകര്യങ്ങൾ കൂട്ടുവാൻ വേണ്ടതായ ശ്രമങ്ങളും തുടരുന്നുണ്ട്.

ഈ അവസരത്തിൽ വന്യജീവി പുനരുദ്ധാരണ കേന്ദ്രം നേരിടുന്ന അടച്ചുപൂട്ടൽ ഭീഷണി അനുചിതം തന്നെ. വന്യജീവി സ്നേഹികൾ ഇതിനെശക്തിയുക്തം എതിർക്കുന്നു.

■

**മുസ്ലീം യൂത്ത് ലീഗ് നല്ലളം ടൗൺ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ സിറ്റി ട്രാഫിക് പോലീസ് സഹകരണത്തോടെ മേയ് 29 വെള്ളി വൈകു. 4 മണിക്ക് നല്ലളം ബസാറിൽവെച്ച നടത്തിയ ശിൽപ്പശാലയിൽ ജനാബ് മായിൻഹാജി നല്ലളം പ്രദേശത്ത് നാലര പതിറ്റാണ്ടു കാലം ബസ് സർവ്വീസ് നടത്തികൊണ്ടിരിക്കുന്ന ഹസ്ബി ട്രാൻപോർട്ട് സ്ഥാപകനും മാനേജിംഗ് ഡയരക്ടറുമായ ഹസ്സൻഹാജിയെ പൊന്നാട അണിയിച്ചു ആദരിച്ചു.**

(കഥ)

# പഴമ



ഗോകുലൻ ചേവായൂർ



ഈയിടെയാണ് മകൻ മൂന്ന് പുത്തൻ കസേരകൾ കൊണ്ടു വന്നത്. അത് വരെ കോലായിൽ സ്ഥാനം പിടിച്ചിരുന്ന പഴയ കസേരകൾ വീട്ടിനുള്ളിലെ വെളിച്ചം കുറഞ്ഞ ഒരിടത്തേക്കു മാറ്റിയിട്ടു കൊണ്ടാണ് പുത്തൻ കസേരകൾക്ക് സ്ഥാനം കണ്ടെത്തിയത്.

പഴയവയ്ക്ക് ആയുസ്സ് കൂടുതലുണ്ടെന്നത് സത്യം തന്നെ. പണിയുടെ മേന്മയും മരത്തിന്റെ ഉറപ്പും കാരണം വാർദ്ധക്യ ലക്ഷണമൊന്നും കണ്ടുതുടങ്ങിയിട്ടില്ല. ഇപ്പോഴും കർത്തവ്യം ഭംഗിയായി നിർവ്വഹിക്കുന്നു. എത്രയോ പേരെ സുരക്ഷിതമായി ഇരുത്തിയവയാണ് പിന്നാമ്പുറത്തെ ഇരുട്ടിലേക്ക് മാറ്റിയിട്ടത്.

എനിക്കുണ്ടായ വിഷമത്തിൽ പങ്കുചേർന്നു കൊണ്ട് ഭാര്യയും സങ്കടപ്പെട്ടു.

"എന്നാലും കോലായിൽ നിന്നും അവ മാറ്റിയിടെണ്ടായിരുന്നു. വല്യകോലായിൽ ഒരിടത്ത് അവയും കിടക്കിണത് കൊണ്ട് എന്തെ ഒരു കുഴപ്പം".

"പുതിയ തലമുറയ്ക്ക് പഴയതൊക്കെ പിടിക്ക്വോ?" ഞാൻ ഉടനെപ്രതിവചിച്ചു.

കസേര ഒന്നിന് ആയിരത്തി ഇരുനൂറ് രൂപയുണ്ടെന്ന് അറിഞ്ഞപ്പോൾ ഞെട്ടിപ്പോയി. പുതുഫാഷന്റെ പൊലിമ എടുത്തു പിടിച്ചിട്ടുണ്ടെങ്കിലും ഉറപ്പ് ഏഴയലത്തുകൂടി വന്നിട്ടില്ല. ഒരു കോലിൽ കമിഴ്ത്തി വെച്ച പാത്രം പോലത്തെ ഒരു സാധനം. രണ്ട് വടിയുടെ താങ്ങിൽ കൈകൾ വച്ച് മലർന്നിരിക്കുമ്പോൾ പുറം താങ്ങാൻ നട്ടെല്ല് പോലെയുള്ള ഒരു സാധനത്തിന്റെ മുകൾ അറ്റത്ത് കുഞ്ഞുങ്ങൾക്ക് ഉള്ള തലയിണ പോലെത്തെ ഒരു സാധനം ഘടിപ്പിച്ചിരുന്നു. എഴുന്നേൽക്കാതെ തിരിഞ്ഞു കൊണ്ട് തെക്കും വടക്കും കിഴക്കും പടിഞ്ഞാറുമൊക്കെ കാണാം. കാല് നിലത്ത് മുട്ടാതെ ഉയർത്തി വയ്ക്കാനും സാധിക്കും

പുതുമയ്ക്ക് എത്ര പണവും ചെലവഴിക്കാൻ മടി കാണിക്കാത്ത പുത്തൻ തലമുറയ്ക്ക് പണത്തിന്റെ മൂല്യം മനസ്സിലാകാതെ പോകുന്നു. സമപ്രായക്കാരുടെ ഇംഗിതത്തിനൊത്ത് പോകാൻ ശ്രമിക്കുകയാണ്. ഒപ്പക്കാർക്കിടയിൽ തുല്യത നേടുവാനുള്ള നെട്ടോട്ടം. കാലത്തിനൊപ്പം കണ്ണില്ലാതെ ഓടുന്നു. പുത്തൻ കസേരയുടെ മുകളിലിരുന്നപ്പോൾ ബാലൻസ് തെറ്റിപോകുമോ എന്ന് ഞാൻ ഭയന്നു.

പുത്തൻ കസേര കോലായിൽ ആധിപത്യം സ്ഥാപിച്ചതോടെ ഭാര്യയുടെ കോലായിലെ ഇരിപ്പ് കുറഞ്ഞു. വല്ലപ്പോഴും ഇരുന്നാൽ തന്നെ വെറും തറയിൽ ഇരിക്കാറാണ്.

പുതുമയോട് താതത്മ്യം പ്രാപിക്കുവാനുള്ള സങ്കോചമോ, പേടിയോ എന്താണ് കാരണമെന്ന് അവർ പറഞ്ഞില്ല.

മൂന്ന് മാസക്കാലം കോലായിൽ പ്രതാപത്തോടെ ഇരുന്ന കസേരയിൽ ഒന്നിന്റെ അന്ത്യം ഉണ്ടായത് ഭാര്യയുടെ അമ്മാവന്റെ സപ്തതി ദിവസമാണ്.

പുറത്തേക്ക് ഇറങ്ങാൻ നേരത്ത് ഭാര്യയുടെ സാരിതുമ്പ് കൊളുത്തി കസേര തലകീഴായി മറഞ്ഞു. ഏച്ചു കൂട്ടി നന്നാക്കാനാവാത്ത പരുവത്തിൽ അത് എടുത്ത് ആക്രികടക്കാരൻകൊണ്ടു പോയി.

കാലദോഷം ബാധിച്ചത് പോലെ ദിവസങ്ങൾക്കകം രണ്ടാമത്തവനും വികലാംഗനായി. മൂന്നാല് മാസത്തിനിടയിൽ കസേര രണ്ടും അസ്ഥിപഞ്ജരമായിട്ടും മകന്റെ ഭാഗത്തു നിന്നും ഏറെയൊന്നും വിഷമം കണ്ടില്ല.

മൂന്നാമത്തെ കസേരയും ആക്രിക്കച്ചവടക്കാരന്റെ തട്ടകത്തിലെത്താൻ അധികകാലമൊന്നും വേണ്ടിവന്നില്ല. ഭാരം താങ്ങാനുള്ള ഉറപ്പ് ഇല്ലാതെ ഉലഞ്ഞുപൊട്ടി അതും കോലായിൽ നിന്നും മാറ്റപ്പെട്ടു.

പുതിയതൊന്നും ഇല്ലാതാകുകയും പഴയവ പിന്നാമ്പുറത്ത ഒതുക്കി മാറ്റുകയും ചെയ്തപ്പോൾ കോലായ് കസേരയില്ലാതെ ശൂന്യമായ ഒരു ദിവസം വൈകിട്ട് ഞാൻ വീട്ടിൽ തിരിച്ചെത്തിയപ്പോഴാണ് അതിശയം കണ്ടത്.

പഴയ കസേര കോലായിൽ മുമ്പ് വെച്ച യഥാസ്ഥാനത്ത് നിലയുറപ്പിച്ചിരിക്കുന്നു.

ആരിത് ചെയ്തു എന്ന് ഞാനാരോടു തിരയ്ക്കാൻ പോയില്ല. ചെയ്ത താരായാലും നല്ല കാര്യമെന്ന് മനസ്സിൽ പറഞ്ഞു. തിരിച്ചറിവ് ഉണ്ടായിട്ടുണ്ടാകും.

നമ്മുടെ മോനാണ് ഇത് ചെയ്തത്." ഭാര്യ സ്വകാര്യമായി പറഞ്ഞു. "ഉം" ഞാനൊന്ന് മൂളുക മാത്രം ചെയ്തു. പഴയവയ്ക്കും മൂല്യമുണ്ടെന്ന് പറഞ്ഞില്ല.

■

കവിത

## പൂരാണം തേടുന്ന സമസ്യകൾ



കെ.പി. സായി പ്രഭ

പൂമണം പോലെ
നേർത്ത വേദനയായ് - നിൻ
ക്കുശലങ്ങളും - പിന്നെ
ഫലിതങ്ങളും.
വിസ്മൃതിയിലാണ്ടുപോയ്,
ചിമ്മിയകണ്ണുകളെത്തേടി
ഉൾവലിഞ്ഞുപോയ്.
അരുതേ മനസ്സേ
തേങ്ങീടല്ലെ
കണ്ണീർ പൊഴിച്ചീടല്ലെ
വഴിതെറ്റിയിറങ്ങിയൊര-
ന്യമാം ആത്മാവിനെയോർത്ത്
ഭയത്താൽ ഇരുട്ടിനെ-
ക്കുമിഞ്ഞു കൂട്ടീടല്ലെ,
പൂരണം തേടുന്ന
സമസ്യകളായ് തൂർന്നീടല്ലെ
മയങ്ങും സന്ധ്യകളെ
പിൻതുടർന്നീടല്ലെ.

കവിത

## ഛായാചിത്രം



സബിതകോടി

പുഴയൊഴുകുമീ എന്നിലെ ദുഃഖം
ഒരിക്കലും നിലയ്ക്കാത്ത ജലധാരയെന്നപോൽ
ഒഴുകുന്ന പുഴയും എന്നിലെ ദുഃഖവും
ഒന്നായ് ചേർന്നലിഞ്ഞൊഴുകിയ വേളയിൽ
ശാന്തസുന്ദരമൊഴുകും പുഴയുടെ തീരത്ത്
ഒരുസാന്ത്വനമായ് ഞാൻ ചെന്നെത്തിയന്നേരം
ഒരു വിളിപ്പാടകലെനിന്നെന്നിലേക്കെത്തി
ഒരു മധുരസ്മരണതൻ നൊമ്പര കാറ്റും
ആ സായാഹ്നത്തിൻ ചാരുതയേകുമീ കുങ്കുമ നിറവും
കുങ്കുമ സൂര്യന്റെ സ്വർണ്ണനിറത്തിലലിഞ്ഞ പുഴയിലെ
വെള്ളത്തിലലിഞ്ഞ എൻ ഛായാചിത്രത്തിലായ്
തിരയിളക്കത്തിന്റെ അവ്യക്തതയിലിളകി മറഞ്ഞ
എൻ ഛായാചിത്രം നിശ്ചലമാകുകയോ
എന്നറിയാതെയെൻ ആർദ്രമാം മിഴികൾ
പുഴയിലേക്കുറ്റു നോക്കവേ നിശ്ചലയായി ഞാൻ!
തിരയറിയാതെ തീരമറിയാതെ ഒഴുകി ഞാൻ
ഓളങ്ങൾക്കുള്ളിലായ് ഇളകിമറിഞ്ഞയെൻ രൂപം
നിശ്ചലയായ പുഴയിലെ ഓളങ്ങൾക്കുള്ളിൽ നിന്ന്
ഉറ്റു നോക്കി എന്നെ ഒരപരിചിതയെപ്പോൽ
തീഷ്ണ ഭാവത്തടെ ജ്വലിക്കുന്ന മിഴികളോടെ
പാറിപറന്ന മുടിയിഴകൾ കണ്ണിനെമറച്ചു
പൊടുന്നനെപെയ്തൊരു മഴയിലിതാ
എൻ ഛായാചിത്രം അലിഞ്ഞില്ലാതായി
ഞാൻ എന്ന രൂപത്തെ അദൃശ്യമാക്കിയ
ആ ഒരു മഴയും വേനലിൻ സാന്ത്വനമായ്
അങ്ങനെആ മഴയിൽ ചിലതില്ലാതായി
എന്നാൽ ചിലതെല്ലാം തളിരിട്ടു മൊട്ടിട്ടു
പ്രകൃതിതൻ സ്നേഹം മഴയായ് മണ്ണിലലിഞ്ഞു

കവിത

## മിഴിയിലെ ഒരുതുള്ളി



പ്രശാന്തി ചൊവ്വര

ഇടർച്ചയിൽ വീണു നെഞ്ചു കോർത്തപ്പോൾ
കാലിടറി വീണപ്പോൾ
ജാലകത്തിലൂടെ കിട്ടിയ പ്രകാശം നേർത്തു വന്നു
മുഖത്തെ ചായക്കൂട്ടുകൾ പലതും ഒഴുകി ഒലിച്ചു
വാക്കുകളിൽ നിന്നും പിളർന്ന
വാക്കുകളുടെ വക്കുകൾ പലതുവിണ്ടുകീറി
പതുക്കം പറച്ചിലുകൾ ഒലിച്ചിറങ്ങിയപ്പോൾ
മിഴികളിലെ ഉപ്പുനീരൊഴിച്ചു മുഖം കഴുകി
പകലുകളും രാവുകളും ഒന്നായി
എന്നാൽ ഉടലിൽ നിന്നുമുളച്ച കാനാക്കൾ
ഊഷ്മള ശ്വാസങ്ങളെ പാലൂട്ടി
അത് എന്റെ അസ്ഥികൾക്കിടയിലെ
സാഫല്യമായിരുന്നു.

കവിത

## തിരുവാതിര



ടി.എം. മടക്കൽ

ആണ്ടിലെ ധനുവിന്റെ കുളിരിലായ് വന്നിടും
'ആതിര' വന്നതും പോയതുംമറിഞ്ഞുവോ -?
തുലാവർഷ മിദിപ്പിനാൽ പുളയുന്ന നദികളും
ധനുവിൻ നിലാവിന്റെ ആലസ്യ ലഹരിയിൽ
തിരുവാതിരക്കുളിക്കായൊരുങ്ങീടുകിലും-
തണുപ്പേറും പുഴയിലെ നീരാട്ടു കുളിയില്ല-
ആർദ്രതയൂറുന്ന ഈണങ്ങളില്ലാതെയും
ഇത്തിരുവാതിര പോയതറിഞ്ഞുവോ-?
മധുരിക്കും പതിനേഴിൽ, പനിനീർ കുളങ്ങളിൽ
മുങ്ങിക്കുളിച്ചുകൊണ്ടീറൻ കസവിന്റെ
പുടവയും ചുറ്റി പടിയേറീടുന്നൊരു, മങ്കമാരോയില്ല.
മകയിര കളിയുടെ ആർദ്രത ഇല്ലാതെ
വ്രതശുദ്ധി ദിവ്യോർജ്ജമാക്കി; നിലാവിൽ
ലഹരിയും നുണഞ്ഞു; പട്ടിൽ പൊതിഞ്ഞതും
പൂമേനി പൂ ചൂടി നടുമുറ്റം നിറഞ്ഞാടും
പൊൻതിരുവാതിര പോയതറിഞ്ഞുവോ-?
പതി ഭക്തിയാൽ ഉതിർകൊണ്ട കണ്ണുനീർ-
ചൂടിനാൽ പതികന് പുനർജന്മം നൽകിയ
രതീദേവി മാനസം പാടി പുകഴ്ത്തുവാൻ
കന്യകർ ചുണ്ടിലായ് തിരുവാതിര പാട്ടിന്റെ
"പാർവ്വണേന്ദുമുഖിപാർവ്വതീ....."ഇല്ലാതെ
തിരുവാതിര വന്ന് പോയതറിഞ്ഞുവോ-?
കാലപ്രയാണത്തിൻ മറക്കുള്ളിലെവിടെയോ
പതുങ്ങീയിരിപ്പാണ് ഇന്നീ 'ആതിര'
പെൺശരീര കാന്തിയും ദൃഢചലനതാളവും
ചാരുതയും ശബ്ദമാധുര്യവും നൽകിയും
ആ 'തിരുവാതിര' പോയ് മറഞ്ഞെവിടെയോ?
കാലപ്രവാഹത്തിലെവിടെയോ എപ്പഴോ-
നഷ്ട്ടപ്പെട്ടൊരു അനുഷ്ഠാനമായ "ആതിര"
മാറിയ സത്യത്തെ അറിയുന്നോ നമ്മളും?
ഇതൊക്കെയും കണ്ട് നെടുവീർപ്പ് തീർക്കുന്ന
മുത്തശ്ശിയോ വെറും പഴഞ്ചനാണിന്ന്
പുതുമകൾ പുൽകുമീ പരിഷ്കൃതക്കൂട്ടങ്ങൾ
ജീൻസും ടീഷർട്ടും പുത്തനൊരു ചേലയായ്
തിരുവാതിരയിലെ 'പുഴുക്കിനും' പകരമായി
ബിയറും കഴിച്ചു കൊണ്ടാടി തിമർക്കുന്ന
തിരുവാതിരക്കിനി വരവേൽപ്പു നൽകിടാം
പഴയകാലത്തിന്റാതിര മറന്നിടാം.

# രാശിഫലം

1191 ചിങ്ങമാസം മുതൽ 1191 കർക്കിടകം വരെയുള്ള
ഒരു വർഷം നക്ഷത്ര ഫലങ്ങൾ



**കോവൂർ വേണുഗോപാല പണിക്കർ**

മേടക്കൂറ് : (അശ്വതി, ഭരണി, കാർത്തിക1/4)

സാഹചര്യങ്ങൾ വിപരീതമായതിനാൽ സ്വയം നിശ്ചയിച്ച വിവാഹത്തിൽ നിന്നും പിന്മാറും. അസാധാരണ വ്യക്തിത്വമുള്ളവരുമായി ആത്മബന്ധത്തിനു അവസരമുണ്ടാകും. കാര്യകാരണ സഹിതം സമർപ്പിച്ച അപേക്ഷകൾക്ക് അനുകൂല പ്രതികരണങ്ങൾ ഉണ്ടാകും വ്യവസ്ഥകൾക്കതീതമായി പ്രവർത്തിക്കാൻ സാധിച്ചതിനാൽ ആശ്ചര്യമുണ്ടാകും. ബന്ധുവിന്റെ വിയോഗം പൂർവ്വകാല സ്മരണകൾ ഓർക്കാൻ വഴിയൊരുക്കും അസാധ്യമെന്നു തോന്നുന്ന പലതും നിഷ്പ്രയാസം സാധിക്കും കഫ-നീർദോഷ രോഗ പീഡകൾ വർധിച്ചതിനാൽ അവധിയെടുക്കാൻ ഇട വരും. അനുചിത പ്രവർത്തികളിൽ നിന്നും സുഹൃത്തിനെരക്ഷിക്കാൻ സാധിച്ചതിനാൽ കൃതാർഥനാകും.

എടവക്കൂറ് : (കാർത്തിക3/4, രോഹിണി, മകയിരം1/2)

പരിധിയിൽ കവിഞ്ഞ സുഹൃത്തുക്കളോടുള്ള ആത്മബന്ധത്തിൽ നിന്നും അബദ്ധ വന്നു ചേരും. വ്യവസ്ഥകൾക്കതീതമായി പ്രവർത്തിക്കാൻ സാധിച്ചതിനാൽ ലാഭശതമാനം വർധിക്കും. പഠിപ്പിച്ച വിഷയത്തിനോടനുബന്ധമായ ഉദ്യോഗത്തിനു നിയമനാനുമതി ലഭിക്കും. ജീവിതഗതിയെ മാറ്റിമറിക്കുന്ന പലതും വന്നുചേരുമെങ്കിലും യുക്തിപൂർവ്വം ചിന്തിച്ചു പ്രവർത്തിച്ചാൽ അതിജീവിക്കാൻ സാധിക്കും. വ്യക്തിതാൽപര്യപ്രകാരം പ്രവർത്തിക്കാൻ നിർബന്ധിതയാകുമെങ്കിലും നിയമങ്ങളും വ്യവസ്ഥകളും ഒഴിവാക്കരുത്. കൂടുതൽ സ്വകാര്യവും വിസ്തൃതിയുമുള്ള വീട് വാങ്ങാൻ പ്രാഥമിക സംഖ്യകൊടുത്തു കരാറെഴുതും. ഭക്ഷ്യവിഷബാധയേൽക്കാതെ സൂക്ഷിക്കണം. വരവും ചെലവും തുല്യമായിരിക്കും.

മിഥുനക്കൂറ് : (മകയിരം1/2, തിരുവാതിര, പുണർതം 3 1/4)

പുത്രന്റെ സമീപനത്തിൽ ആശ്വാസം കണ്ടെത്തും. മംഗളകർമ്മങ്ങളിൽ സർവാത്മനാ സഹകരിക്കുന്നതിനാൽ ആത്മസംതൃപ്തിയുണ്ടാകും. വിദേശയാത്രയ്ക്ക് സാങ്കേതിക തടസ്സങ്ങൾ അനുഭവപ്പെടും. സ്ഥിതിഗതികൾ വിലയിരുത്തി പൊതുജനാവശ്യം പഠിച്ചുചെയ്യുന്ന പ്രവർത്തികൾ വിജയപഥത്തിലെത്തിക്കാൻ സാധിക്കും. അശ്രദ്ധകൊണ്ടു വാഹനാപകടമുണ്ടാകും. സംശയങ്ങൾ സ്ഥിതീകരിച്ചതിനാൽ സാമ്പത്തിക വിഭാഗം കൈകാര്യം ചെയ്യുന്ന വിഭാഗത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. നിഷേധാനാത്മകമായ മേലധികാരിയുടെ സംസാരശൈലിയിൽ മനോവിഷമം തോന്നും. ആഭരണം മാറ്റി വാങ്ങാനിടവരും. മുടങ്ങി കിടപ്പുള്ള വഴിപാടുകൾ ചെയ്തു തീർക്കാനിടവരും.

കർക്കിടകം : (പുണർതം1/4, പൂയ്യം, ആയില്യം)

സഹോദര സുഹൃത്ത് സഹായത്താൽ പുതിയ തൊഴിലിനുള്ള അവസരമുണ്ടാകും. ആരോഗ്യ സംരക്ഷണത്തിനുള്ള ഭാഗമായി ഭക്ഷണ ക്രമീകരണം വേണ്ടിവരും. ഗൃഹനിർമ്മാണ പ്രവർത്തികൾ ആരംഭിക്കും. കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ദാമ്പത്യസൗഖ്യവും ഉണ്ടാകും. ഗർഭം ധരിക്കാനുള്ള സാഹചര്യം ഉണ്ടാകും. സേവനമനസ്ഥിതി നല്ലതാണെങ്കിലും അനാവശ്യമായി അന്യരുടെ കാര്യങ്ങളിൽ ഏർപ്പെടൽ അപകീർത്തിയുണ്ടാക്കും. ശത്രുക്കളുടെ ഉപദ്രവങ്ങളെ അതിജീവിക്കാൻ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കാൻ സാധിച്ചതിനാൽ മേലധികാരികളിൽ നിന്നും അനുമോദനങ്ങൾ വന്നുചേരും. വിവാദങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറും.

ചിങ്ങക്കൂറ് : മകം - പൂരം - ഉത്രം 1/4

ഏറ്റെടുത്ത ചുമതലകൾ നിശ്ചിത കാലയളവിനുള്ളിൽചെയ്തുതീർക്കാൻ സാധിക്കുന്നതിനാൽ ആശ്വാസമാകും.തൊഴിൽ മേഖല കലകളോടു ബന്ധപ്പെട്ട് ദൂരദേശ യാത്ര വേണ്ടിവരും. പുരോഗതിയില്ലാത്തതിനാൽ വീട് വിൽക്കാൻ തയ്യാറാകും. ഊഹകച്ചവടത്തിൽ ലാഭമുണ്ടാകും. കാര്യക്ഷമതയും നിഷ്കർഷവും വർദ്ധിച്ചതിനാൽ ഔദ്യോഗികമായി പുതിയ അവസരങ്ങൾ വന്നുചേരും. നറുക്കെടുപ്പിലും സമ്മാനപദ്ധതികളിലും വിജയിക്കും. വിദഗ്ധോപദേശം സ്വീകരിക്കാതെ ഒരു പ്രവർത്തിയിലും പണം മുടക്കരുത്. മാതാപിതാക്കളുടെ ആവശ്യങ്ങൾ നിറവേറ്റാൻ സാധിച്ചതിനാൽ കൃതാർഥനാകും. സൗഹൃദ സംഭാഷണത്തിൽ പുതിയ കർമ്മമേഖലകളിൽ തുടങ്ങുന്നതിനുള്ള ആശയമുദിക്കും.

കന്നിക്കൂറ് : ഉത്രം 3 1/4 അത്തം - ചിത്ര 1/2

ഭർത്താവിനോടൊപ്പം താമസിക്കാൻ അന്യസംസ്ഥാന- വിദേശയാത്ര പുറപ്പെടും. ധനകാര്യ സ്ഥാപനത്തിന്റെ സഹായത്തോടുകൂടി പട്ടണത്തിൽ പണി ചെയ്തു വരുന്ന വീട് വാങ്ങാൻ തീരുമാനിക്കും. സഹപ്രവർത്തകർ തമ്മിലുള്ള തർക്കങ്ങളിൽ നിഷ്പക്ഷ മനോഭാവം സ്വീകരിക്കുകയാണ് നല്ലത്. പ്രായാധിക്യമുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ സാധിച്ചതിനാൽ കൃതാർഥരാകും. വ്യാപാര - വിപണന- വിതരണ മേഖലയിൽ വിദേശ സാധ്യതക

ളെപ്പറ്റി വിലയിരുത്താം. മേലാധി കാരി ഏല്പ്പിച്ച ജോലികൾ ചെയ്തുതീർക്കാൻ പലപ്പോഴും രാത്രി കാലങ്ങളിൽ പ്രവർത്തി ക്കേണ്ടതായിവരും. സജ്ജന സംസർഗത്താൽ സദ് ചിന്തകൾ വർദ്ധിക്കും ലക്ഷ്യബോധത്തോ ടുകൂടിയ പ്രവർത്തനശൈലി പുതിയ അവസരങ്ങൾക്ക് വഴി യൊരുക്കും.

തുലാക്കൂറ് : ചിത്ര 1/2 ; ചോതി – വിശാഖം 3/4

പുനരാലോചനയിൽ വിദേശ ബന്ധമുള്ള വ്യാപാര വിപണനരംഗങ്ങളിൽ നിന്നും പിന്മാറും. കടം കൊടുത്ത സംഖ്യ തിരിച്ചു ലഭിക്കും. സമ്മാനപദ്ധതി കളിലും നറുക്കെടുപ്പിലും വിജ യിക്കും സംസർഗത്താലും ഈശ്വരപ്രാർത്ഥനകളാലും ദുഷ്ചിന്തകൾ ത്യജിച്ച് സദ്ചിന്ത കളിൽ മനസ്സ് വ്യാപരിക്കും. കൂടു തൽ വിസ്തൃതിയുള്ള വീട് വാങ്ങാൻ പ്രാഥമിക സംഖ്യ കൊടുത്ത് കരാറെഴുതും. വർങ്ങൾക്ക് ശേഷം സഹപാ ഠിയെ കാണാനും മുൻകാല സ്മരണകൾ പങ്കുവയ്ക്കാനുംഅ വസരമുണ്ടാകും. സഹായ മനഃ സ്ഥിതി നല്ലതാണെങ്കിലും വഞ്ച നയിൽ അകപ്പെടാതെ സൂക്ഷിക്ക ണം.

വൃശ്ചിക്കൂറ് : വിശാഖം 1/4 അനിഴം – തൃക്കേട്ട

ആരോഗ്യം തൃപ്തികര മായിരിക്കുമെങ്കിലും വീഴ്ചകളു ണ്ടാവാതെ സൂക്ഷിക്കണം. ഉദ്യോഗത്തിനോടനുബന്ധമായി ഉപരി പഠനത്തിനു ചേരും. കൂടു തൽ സൗകര്യങ്ങളുള്ള വാടക വീട്ടിലേക്ക് മാറിതാമസിക്കാൻ സാദ്ധ്യത വരും. വരവും ചെലവും തുല്യമായിരിക്കും. ജന്മ നാട്ടിൽ നല്ല ഉദ്യോഗം ലഭിച്ചതി നാൽ വിദേശ ഉദ്യോഗം ഉപേക്ഷി ക്കും. കുടുബജീവിതത്തിൽ സന്തുഷ്ടിയും സമാധാനവും ഐശ്വര്യവും ഉണ്ടാകും. ചിരകാ ലാഭിലാഷമായ വിദേശയാത്ര ഉടൻ സഫലമാകാൻ സാദ്ധതയു ണ്ട്.

ധനുക്കൂറ് : ഉത്രാടം 1/4 പൂരാടം – മൂലം

തൊഴിൽമേഖലയോട നുബന്ധപ്പെട്ടു ദൂരദേശ യാത്ര വേണ്ടിവരം. സമർപ്പിച്ച പദ്ധ തിക്ക് അംഗീകാരം ലഭിക്കും അവധിയെടുത്ത് കുടുംബസ മേതം പുണ്യ തീർത്ഥയാത്ര പുറപ്പെടും. വൈദ്യുതി പ്രവാഹ ത്തിലെ വ്യതിയാനത്താൽ ഗൃഹോപകരണങ്ങൾക്ക് കേടു പാടുകളുണ്ടാകും. അനവസര ങ്ങളിലുള്ള വാക്കുകൾ അബദ്ധ ങ്ങൾക്കു വഴിയൊരുക്കും. നിയ മാനുസൃതമല്ലാത്ത പ്രവർത്തി കളിലേർപ്പെടാൻ മേലുദ്യോഗ സ്ഥനിൽ നിന്നും പ്രേരണയു ണ്ടാകുമെങ്കിലും യുക്തിപൂർവ്വം ഒഴിഞ്ഞുമാറുകയാണ് നല്ലത്. സഹാനുഭൂതിയും സഹായമനഃ സ്ഥിതിയും ആവാമെങ്കിലും വഞ്ചനയിൽ അകപ്പെടാതെ സൂക്ഷിക്കണം.തീവ്രമായ പ്രയ ത്നത്താൽ ആസൂത്രിത പദ്ധതി വിജയിപ്പിക്കാൻ സാധിക്കും

മകരക്കൂറ് : ഉത്രാടം 3 1/4 – തിരു വോണം – അവിട്ടം 1/2

നിയന്ത്രണങ്ങൾക്കു വിധേയമായി ഉപരിപഠനത്തിനു ചേരും. അനാവശ്യചിന്തകളാൽ ആധിവർദ്ധിക്കുന്നതിനും ഉറക്ക മില്ലായ്മക്കും സാധ്യതയുണ്ട്. വിശാല മനഃസ്ഥിതിയുള്ളവരു മായുള്ള ആന്മബന്ധംസങ്കു ചിത മനോഭാവം ഉപേക്ഷി ക്കാൻ ഉപകരിക്കും. പൗത്രന്റെ വിശേഷചടങ്ങിൽ പങ്കെടുക്കാ നിടവരും. തൊഴിൽ രംഗങ്ങളി ലുള്ള അനിഷ്ടസംഭവങ്ങൾ പരിഹരിക്കാൻ പുരോഹിതൻ നിർദ്ദേശിക്കുന്ന പ്രത്യേക ഈശ്വര പ്രാത്ഥനകൾ നടത്തും. ജീവിത പങ്കാളിയുടെ ആശ്വാസ വചനങ്ങൾ ആന്മധൈര്യം ഉണ്ടാക്കും. ആരോഗ്യം തൃപ്തി കരമായിരിക്കുമെങ്കിലും വീഴ്ചക്കു സാദ്ധ്യതയുണ്ട്. ഉദ്യോഗമമ്പേഷിച്ചുള്ള വിദേശ യാത്ര വിഫലമാകും.

കുംഭക്കൂറ് : പൂരുരുട്ടാതി 3/4 – ചതയം – അവിട്ടം 1/2

സ്വന്തം കാര്യങ്ങൾ നീക്കിവെച്ച് അന്യരുടെ കാര്യങ്ങ ളിൽ ഒരു പരിധിയിലധികം ഏർപ്പെടുന്ന പ്രവണത അവസാ നിപ്പിക്കാൻ നിർബന്ധിതമാകും. സ്ഥാനമാനങ്ങളും അനുകൂല്യ ങ്ങളും വർദ്ധിക്കുന്ന ഉദ്യോഗ ത്തിനാൽ വിശേഷപ്പെട്ട ദേവാ ലയദർശനവും വഴിപാടുകളും നടത്താനിടവരും. പ്രവർത്തി മേഖലകളിൽ നിന്നും സാമ്പ ത്തിക പുരോഗതി കൈവരും. ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി ഭക്ഷണ ക്രമീകര ണവും യോഗാസനകളും ശീലി ക്കും. വാഗ്ദത്വങ്ങളിൽനിന്നും ഒഴിഞ്ഞു മാറുകയാണ നല്ലത്.

മീനക്കൂറ് : പുരുരുട്ടാതി 1/4 ഉത്ര ട്ടാതി – രേവതി

സാമ്പത്തീക പുരോ ഗതി കൈവരുമെങ്കിലും അനാ വശ്യ ചിന്തകളാൽ ആധിവർദ്ധി ക്കുന്നതിനും ഉറക്കമില്ലായ്മക്കും സാധ്യതയുണ്ട്. വിശാല മനഃ സ്ഥിതിയുള്ളവരുമായുള്ള ആന്മ ബന്ധം സങ്കുചിത മനോഭാവം ഉപേക്ഷിക്കാൻ ഉപകരിക്കും. പൗത്രന്റെ വിശേഷചടങ്ങിൽ പങ്കെടുക്കാനിടവരും. തൊഴിൽ രംഗങ്ങളിലുള്ള അനിഷ്ടസംഭവ ങ്ങൾ പരിഹരിക്കാൻ പുരോഹി തൻ നിർദ്ദേശിക്കുന്ന പ്രത്യേക ഈശ്വര പ്രാത്ഥനകൾ നടത്തും. ജീവിത പങ്കാളിയുടെ ആശ്വാസ വചനങ്ങൾ ആന്മധൈര്യം ഉണ്ടാ ക്കും. ആരോഗ്യം തൃപ്തികരമാ യിരിക്കുമെങ്കിലും വീഴ്ചക്കു സാദ്ധ്യതയുണ്ട്. ഉദ്യോഗമമ്പേ ഷിച്ചുള്ള വിദേശയാത്ര വിഫല മാകും.

■

(കവിത)

# നിദ്ര

**പി. വി. സോമശേഖരൻ**

ഓർത്തെടുത്തോമനിക്കുവാൻ
ഒരുപാട് ഓർമ്മകൾ ബാക്കി
നിൽക്കുമ്പോൾ
രാവേറെ ചെന്നിട്ടന്തേ നിദ്രയെന്ന
വാരിപുണരാതെ മാറിനിൽക്കുന്നു
നിലാവിൻ നീല മഞ്ചത്തേരിൽ
മേഘവർണ്ണ ഉടയാട ചുറ്റി
തുളസിർക്കതിർചൂടി കഥകളി മുദ്ര
വിളയും
കണ്ണിൽ തുളുമ്പുന്ന മോഹവുമായി
പടികടന്നെത്തുന്ന സ്വപ്നസുന്ദരിയെ
കണ്ടുകൊതിതീർക്കുവാൻ നേരമായ്...
ഒരുമാത്രയൊരുമാത്ര മടിച്ചുനിൽക്കാതെ
നിദ്രേ ഓടിയോടി വന്നെന്നെ വാരി
പുണരുക
കുന്നിമണിച്ചെപ്പിനുള്ളിൽ കുന്നോളം
സ്വപ്നങ്ങൾ ബാക്കിനിൽക്കുമ്പോൾ
രാവേറെ ചെന്നിട്ടന്തേ... നിദ്രയെന്ന
വാരിപുണരാതെ മാറി നിൽക്കുന്നു?!

# ബാബൂസ് ബേക്കറി

മായിൻ ബസാർ(കൊമ്മേരി), ഗോവിന്ദപുരം & കാവിൽത്താഴം

**ഹോൾ സെയിൽ & റീട്ടെയിൽ**

പാർട്ടി ഓർഡറുകൾ, ബർത്ത് ഡേ കേക്ക് ഓർഡറുകൾ സ്വീകരിക്കുന്നു



Prop: Surendran

ഫോൺ :9847350061

## സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണ്ണിച്ചർ







**അർപണ സെന്റർ, കോവൂർ, കോഴിക്കോട്, ഫോൺ: 0495 2353022**

**സി.എം. സുന്ദരൻ – 9388412430**

*ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർഡോർ, ഹാർഡ്വേർ, കിച്ചൺ ക്യാബിനറ്റ്, അക്വേറിയം, ഗ്ലാസ്സ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്*





സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ, ഫോൺ: 3299956

**എല്ലാവിധ ഇൻഡസ്ട്രീയൽ ജോലികൾക്കും സമീപിക്കുക**

# ശാരദ



## ഇൻഡസ്ട്രീയൽസ്



**കാളൂർ റോഡ്, മാങ്കാവ്**
**കോഴിക്കോട് – 673 007**

**Mob: 9846412070**

ഞങ്ങൾ 2-ാം വയസ്സിലേക്ക്


## ശാന്തി ഹെർബൽസ്
## കുറിഞ്ഞിക്കാട്ടിൽ ഫാർമസി



**പതഞ്ജലി ആയുർവ്വേദ സേവ കേന്ദ്ര ഏജൻസി**
**ഫോൺ : സുനിൽ വൈദ്യർ 9037158343, 9539681597**
**ഗ്യാസ് ഏജൻസിക്ക് സമീപം, വെസ്റ്റ് പന്തീരങ്കാവ്**
**പ്രസവരക്ഷ മരുന്നുകളും മറ്റു എല്ലാ വിധ ആയുർവ്വേദ മരുന്നുകളും ലഭ്യമാണ്**
**ഡോ. രചന (ബി.എ.എം.എസ് ) : (തിങ്കൾ 10 മണി 1 മണി വരെ)**
**ഡോ. ധന്യ ബാബുരാജ് (ബി.എ.എം.എസ് ) :ബുധൻ, ശനി 2 മണി മുതൽ 5 മണി വരെ**
**സോറസാസിസ്,അലർജി, പ്രമേഹം, അപസ്മാരം, മൂലക്കുരു, മൂത്രക്കല്ല്, അപ്പന്റിക്സ്, എന്നിവക്ക് പ്രത്യേക ചികിത്സ**
**വെള്ളിയാഴ്ച ഒഴിവ്**

## സാജിത കോൺക്രീറ്റ് വർക്സ്

**നല്ലളം ബ്രാഞ്ച് : പന്നിയങ്കര**
**കോൺക്രീറ്റ് മതിലുകൾ, റിംഗ് കിണറുകൾ**
**എന്നിവ ഉത്തരവാദിത്വത്തോടെ**
**നിർമ്മിച്ചു കൊടുക്കുന്നു.**
**പ്രൊപ്രൈറ്റർ : ഹസ്സൻ**







**Ph: 9447125962, 9495004344, 2325962**

കഥ

# ബുദ്ധനെയോർത്ത്



വത്സൻ നെല്ലിക്കോട്



സസ്യങ്ങൾക്ക് ജീവനുണ്ടെന്നും ഒരു മരത്തിന്റെ കൊമ്പുപോലും മുറിക്കരുതെന്നും പരിസ്ഥിതി സ്നേഹിതർ പറഞ്ഞപ്പോൾ ബുദ്ധനെയോർത്തു.

ബുദ്ധൻ പറഞ്ഞതൊക്കെ എല്ലാവരും മറന്നുപോയിരുന്നു.

സർവ്വ ചരാചരങ്ങളും ഞാൻ തന്നെയാണെന്നറിയാം. എങ്കിലും അതു ബോധ്യമാകാൻ പൂജാമുറിയിലെ കൂറ തന്നെ വേണ്ടിവന്നു.

ഒരു ക്ഷേത്രം പരിപാലിക്കുന്നതിനു തുല്ല്യം ശുചിത്വം പാലിച്ചാണ് ഞാൻ പൂജാമുറി കൊണ്ടു നടന്നിരുന്നത്.

നിത്യപൂജതന്നെ.

ദേവചൈതന്യം നഷ്ടപ്പെടാത്തതുകൊണ്ടു ഉത്സവം നടത്താറില്ലെന്നു മാത്രം.

പുഷ്പാർച്ചനതുടങ്ങിയാൽ നിത്യേനഒരു കൂറ പീഠത്തിന്നപ്പുറത്തു നിന്നു വരവായി. മുമ്പൊക്കെ കൂറ, എട്ടുകാലി, തേൾ എന്നിവയൊക്കെ പൂജാമുറിയിൽ വരുമായിരുന്നു. കാണേണ്ട താമസം അടിച്ചു പത്തിരിയാക്കുമായിരുന്നു. ആത്മാക്കളാണെന്നറിഞ്ഞിട്ടും അവയെ കൊന്നു.

കൂറ അരിച്ചു വന്നു, പത്മാസനത്തിലോ ചിലപ്പോൾ ചമ്രം പടിഞ്ഞോ ഇരിക്കുന്ന എന്റെ പാദത്തിനടുത്തു കുറച്ചു നേരം കിടക്കും (കിടക്കുകയാണോ, ഇരിക്കുകയാണോ, നിൽക്കുകയാണോ എന്നൊന്നും എനിക്കറിയില്ല)

അത് നമസ്കരിക്കുന്നതായും ചിലപ്പോൾ തോന്നിയിട്ടുണ്ട്

പിന്നെ അത് പൂജാമുറി മുഴുവൻ പ്രദക്ഷിണം വച്ച് ബിംബത്തിനു മുമ്പിൽ എത്തും.

പ്രസാദം എടുത്തു നിലത്തിട്ടു കൊടുത്താൽ രുചിച്ചു എങ്ങോട്ടോ പോകുന്നു.

ഒരു ദിവസം കൂറയെ കാണാതായി. പൂജാസമയത്ത് തൊഴാനും പ്രസാദം കഴിക്കാനും എത്തുന്ന കൂറയെ കാണാതായപ്പോൾ എന്റെ സ്വാസ്ഥ്യം മുഴുവനും നഷ്ടമായി.

അടുക്കളയിലെങ്ങാനും പറന്നെത്തിയാൽ ധീരകൃത്യം ചെയ്യാൻ കാത്തുനിൽക്കുന്ന തങ്കമണി ചൂലെടുത്തു ചമ്മന്തിയാക്കിയാലോ എന്നായിരുന്നു ഭയം.


“അടുക്കളയിലൊരു കൂറയെ കണ്ടാൽ കൊല്ലരുതെ” വീട്ടുകാരോടായി പറഞ്ഞു.

“ഭ്രാന്ത് മൂത്ത് ഇത്രേം ആയോ? കഷ്ടം” അടുക്കളയിൽ അടക്കം പറച്ചിൽ.

എന്റെ ഭാഗ്യം എന്നല്ലാതെ എന്തുപറയാൻ. പിറ്റേന്നു പൂജാസമയത്തു കൂറയെത്തി. അന്നു പ്രസാദം ഒരു പാത്രത്തിലാക്കി വെച്ചു കൊടുത്തു. കൂറ പ്രസാദം കഴിച്ചപ്പോൾ എന്റെ വയറു നിറഞ്ഞു. വയറും മനസ്സും തമ്മിലുള്ള ചങ്ങാത്തമറിഞ്ഞ ശേഷം ഞാൻ ഭക്ഷണം കഴിച്ചിട്ടില്ല.

അതിനു ശേഷം ഞാനാരെയും കൊന്നിട്ടില്ല.




SINCE 1974
മീനാ ക്ലിനിക്
(ഹോമിയോപ്പൊതിക്)
കൊടിനാട്ടുമുക്ക്, ഒളവണ്ണ, കോഴിക്കോട്
Dr:രാജൻ
(Homoeo Medical Practitioner)
ഫോൺ : 9388968363


C.K.MEDICAL LABORATORY
S.K. Complex, Opp.Gramin Bank. Kovoor, Calicut-673 008
Prop: Mrs.Bindu Shankar
Ph: Lab:3238599, Resi: 3266233
സമയം രാവിലെ.7.30 മുതൽ വൈകു.6.30മണി വരെ




(ഒന്നാംഭാഗം)



**രത്നാകരൻ ചെറുവത്ത്**

ഇയാൾ ആരെന്ന് നിങ്ങൾ സംശയിച്ചേക്കാം നിങ്ങളുടെ ഇരു പുരികത്തിനുമിടയിൽ കാണുന്ന ആ ചുളിവ് അത് അറിയിക്കുന്നു. നിങ്ങളുടെ കണ്ണുകളിലെ സംശയഭാവം അത് പൂർവ്വാധികം വ്യക്തത തരുന്നു.

ഇയാളെന്തിനാണ് അഞ്ചാറു ദിവസങ്ങളായി മലയ്ക്കുമുകളിൽ തപ്പിപ്പിടിച്ച് കയറി താഴോട്ട് നോക്കിയിരിക്കുന്നത് എന്നും നിങ്ങൾ സംശയിക്കുന്നില്ലേ-?

ഇയാളൊരുഭ്രാന്തനാണോ?

കാറ്റുകൊള്ളാൻ ഈ കാലങ്ങളിൽ ആരും വരാറില്ല.

ഈ വ്യക്തിയെ ഇതിന് മുൻപ് കണ്ട പരിചയംപോലുമില്ല!

സ്നേഹിതാ, നിങ്ങളെ കുറ്റം പറയരുതല്ലോ. ഞാനാണെങ്കിലും സംശയിച്ചുപോകും

സത്യം പറഞ്ഞാൽ നിങ്ങൾ ഭയക്കുമൊ?

ഭയപ്പെടേണ്ട!

ഞാനൊരു സ്വപ്നജീവിയാണെന്ന് നിങ്ങൾ പറയും. അനുനിമിഷം സ്വപ്നാടനം നടത്തുന്നവരാണെല്ലാവരും. സ്വപ്നത്തിൽ നാംജീവിക്കുന്നു. സ്വപ്നം തകരുമ്പോൾ നാം മരിയ്ക്കുന്നു.

ഞാൻ ആത്മഹത്യ ചെയ്യാൻ വന്നതാണ് നിങ്ങൾ ചോദിയ്ക്കും ഈ വയസ്സുകാലത്ത് നിങ്ങൾ എന്തിനാണ് ആത്മഹത്യയ്ക്ക് ഒരുങ്ങുന്നത്. അതും അനേകം കിലോമീറ്റർ ദൂരം താണ്ടി ഇവിടെ ഈ യക്ഷിപ്പാറയിൽ വരാൻ. നിങ്ങളുടെ നാട്ടിലൊന്നും ഒരു വൃദ്ധന് യഥേഷ്ഠം ആത്മഹത്യ നടത്താൻ സൗകര്യമില്ലേ?

അതിനും ഒരു തക്കതായ കാരണം ഉണ്ട്. ഇവിടെനിന്ന് ആത്മഹത്യയ്ക്കൊരുങ്ങുന്ന ഓരോനിമിഷവും അനിർവചനീയമായ ആനന്ദം തരുന്നു. അവസാനം അത് സമ്പൂർണ്ണ ആനന്ദത്തിലേയ്ക്ക് എന്നെ കൊണ്ടുപോകില്ലെന്ന് ആരുകണ്ടു. അഞ്ചാറു ദിവസം മുൻപാണ് ഞാനിവിടെ എത്തിയത്. അന്നൊന്നും എനിയ്ക്ക് ഇങ്ങനെയൊരു ചിന്തയില്ലായിരുന്നു. ഇരുപത്തിയഞ്ച് വയസ്സുള്ള ഒരു യുവാവയിരുന്നപ്പോൾ ഈ പാറമുകളിൽ വെച്ചു കണ്ട സ്വപ്നം.

ആ സ്വപ്നലോകത്തിൽ ഒരു രാജകുമാരനായി ഈ അറുപത്തിയഞ്ചു വയസ്സുവരെ ജീവിതത്തിന്റെ സുന്ദര നിമിഷങ്ങളെ സ്വപ്നം കണ്ടു.

ഇന്ന് ഈ ശൂന്യമായ പാറയ്ക്കുമുകളിൽ നിന്ന് ആത്മഹത്യയ്ക്ക് ഒരുങ്ങുമ്പോഴും അത് പ്രാവർത്തികമാകുമ്പോഴും ഉണ്ടാകുന്ന വിവിധ അനുഭൂതികളെ ആനന്ദമല്ലാതെന്താണ് പറയുക. അത് കൊണ്ട് അതിനെആത്മഹത്യ എന്ന് പറയാമൊ. അത് ആനന്ദത്തെ കണ്ടെത്താനുള്ള ഒരു എളുപ്പ വഴിയല്ലെ-?

യക്ഷിപ്പാറയ്ക്കു മുകളിൽ വെച്ചു നെയ്തെടുത്ത സ്വപ്നങ്ങൾ ഇവിടെത്തെന്നെ അവസാനിക്കുന്നതല്ലെ നല്ലത്. അല്ലെങ്കിൽ ഈ പാറയോടും ഞാൻ ഒരു ബാദ്ധ്യസ്ഥനാവില്ലെ-?

ആ സ്വപ്നങ്ങളുടെ തീവ്രവെളിച്ചം ഇന്നും എന്റെ മനസ്സിനെമുൻപോട്ട് നയിച്ചു. അതല്ലാതെ ഒന്നിനും എന്നിൽ ഇടമുണ്ടായിരുന്നില്ല!

നിങ്ങൾക്ക് ബോറടിക്കുന്നുണ്ടോ.

ഞാനെന്നെ കുറേശ്ശെയായി നിങ്ങൾക്ക് പരിചയപ്പെടുത്തുകയാണ്.

എനിയ്ക്കും ദൃഢമായശരീരവും കഥപറയുന്ന കണ്ണുകളുമുണ്ടായിരുന്നു. നിങ്ങൾക്ക് ചിരിവരുന്നൊ? അല്ലെങ്കിൽ ആരാണ് സ്വയം തന്നെ താഴ്ത്തുക. നമ്മുടെയൊക്കെ മനഃസ്ഥിതി അതല്ലെ?

നാം ആരുടെയും പുറകെയാണെന്ന് സമ്മതിച്ചു കൊടുക്കുമൊ? അഥവാ സമ്മതിയ്ക്കുന്നെങ്കിൽ തന്നെ കാര്യ ലാഭം കിട്ടുന്നേടത്തല്ലാതെ നാം അതനുവദിയ്ക്കുമൊ? കാര്യം നേടിക്കഴിഞ്ഞാൽ നമ്മുടെ മനോഭാവം എത്ര വേഗത്തിലാണ് മാറുന്നത്!

അത്യാവശ്യം പാടാനുള്ള കഴിവുമുണ്ടായിരുന്നു എന്ന് ആരു സമ്മതിച്ചില്ലെങ്കിലും ഞാൻ അത് വിശ്വസിച്ചു. അഹങ്കാരത്തോടെ ദൃഢ

തയോടെ ഭൂമിയെ ചവിട്ടി പരിക്കേൽപ്പിച്ച് നടന്നിരുന്ന ഞാൻ – ഇന്ന്, ഈ കാലടികളെ ഒന്നിന് പിറകെ ഒന്നായി എടുത്തു വയ്ക്കാൻ സമയമെടുക്കുന്നു. ഉറയ്ക്കാത്ത പാദങ്ങളുമായി ഇയാൾ എന്തിന് ഇത്രയും സാഹസം കാണിക്കുന്നു വെന്ന് നിങ്ങൾ വിചാരിയ്ക്കും.

ശരിയാണ്. ഇന്നത്തെ ചെറുപ്പക്കാർ പോലും തുനിയാത്ത ഒരുകാര്യം! ഒരാഴ്ചയോളമായി ഇവൻ തുടരുന്നു.

വിജനമായ ഈ മലമ്പ്രദേശത്ത് താഴെകാണുന്ന ഒരു ചായക്കട നിങ്ങൾ കാണുന്നില്ലെ–?

അവിടെ ചായക്കച്ചവടം നടത്തുന്ന രാമൻ കുട്ടിയെ നിങ്ങൾ അറിയുമല്ലൊ!

അയാളുടെ ചായയ്ക്കും,പുട്ടിനും,കറിയ്ക്കും നല്ല രുചിയാണ്. ലോറിക്കാരും, മറ്റു യാത്രക്കാരും അവിടെ നിന്നും ചായ കഴിച്ചിട്ടെ പോകാറുള്ളു.

നിങ്ങളും കുറച്ചുമുൻപെ അവിടെ കയറി ചായ കഴിച്ചില്ലെ! ചായക്കു മറ്റുമുള്ള ആ രസവും, അയാളുടെ മുഖത്ത് കാണുന്ന നീരസവും തമ്മിൽ ഒരു പൊരുത്തവുമില്ലാതെ പോയി. അല്ലെ!

അയാൾ ചിരിക്കാറെയില്ല! കച്ചവടസാദ്ധ്യതയ്ക്കുള്ള ചുരുങ്ങിയ വാക്കുകൾ സംസാരിച്ചാലായി. അതും രഹസ്യം പറയും പോലെ.

ഹൊ! എന്തൊരു ആഴമാണ് ഈ ഗർത്തത്തിന്ന്! താഴെയുള്ള വൻ മരങ്ങൾ ഒരു ചെടിയുടെ വലുപ്പത്തിൽ കാണപ്പെടുന്നു!

അത് കൊണ്ടാണ് എന്നെ സന്ധ്യസമയത്ത് ഈ പാറയുടെ മുകളിൽ കാണുമ്പോൾ നിങ്ങളും സംശയിക്കുന്നത്,

എപ്പോഴാണ് ഇയാൾ താഴേയ്ക്ക് പോവുക?

സ്വമേധയൊ, കാലിടറിയീട്ടൊ?

അതൊ കനത്ത കാറ്റിൽ ഇയാളെയും ഇയാളുടെ നരച്ച തലമുടിയും താടിയും, വെളുത്ത ജുബ്ബയും, മുണ്ടും ഒരു പായക്കപ്പലിന്റെ പായപോലെ നിവർത്തി അന്തരീക്ഷത്തിൽ കൂടെ പറത്തിയ്ക്കുമൊ?

ആ കുറച്ചു നിമിഷങ്ങൾക്ക് എന്തൊരു രസമായിരിക്കും. ആലംബമില്ലാതെ വായുവിൽ കൂടെ താഴേയ്ക്ക് പതിയ്ക്കുക (ഊർന്നിറങ്ങുക) താഴേക്ക് വരും തോറും വീഴ്ചയുടെ ശക്തികൂടികൂടി വരും. പിന്നീട് താഴെയുള്ള വൻമരങ്ങളുടെ ശിഖിരങ്ങളിലോ, പാറകെട്ടുകളിലോ, അരുവികളിലെ കൂർത്ത കല്ലുകളിലോ വീണ് ഛിന്നഭിന്നമാകും

കൊമ്പുകളിൽ ചേക്കേറിയ കിളികൾ ഭയന്ന് പറന്നു പോകും. ഭൂമിയിൽ മേഞ്ഞു നടന്നിരുന്ന മാനുകളും ആനക്കൂട്ടങ്ങളും ഭയന്ന് ഓടി ദൂരെ നിന്ന് ശ്രദ്ധിക്കും.

ആലോചിച്ചു നോക്കു എന്തൊരു രസമായിരിയ്ക്കും. എന്തൊരനുഭവമായിരിയ്ക്കും. പക്ഷേ അത് വിവരിക്കാൻ ആരുണ്ടാകും. പറയേണ്ടവൻ പറയാൻ കഴിയാതെ അനുഭവസ്ഥനായി മറയുന്നു. അനുഭവിക്കാത്ത ഒന്നിനെകുറിച്ച് എങ്ങിനെയാണ് വിവരിയ്ക്കുക. അനുഭവവും അനുഭവിയും ഒന്നായി കാലത്തിൽ വിലയിക്കും.

ഇതൊക്കെ എന്തിനാണ് പറയുന്നതെന്ന് നിങ്ങൾ ചിന്തിച്ചേക്കാം പറയാം. എല്ലാറ്റിന്റേയും പിറകിൽ ദുഃഖംതന്നെയാണ് ഹേതു.

സന്തോഷം കടന്നുവരുമ്പോൾ ഞാൻ അഹങ്കരിച്ചു. ആ സന്തോഷത്തിന്റെ മറപറ്റി പിന്നിൽ നിന്നും വന്നടുക്കുന്ന ദുഃഖത്തെ ഞാൻ കണ്ടതായി നടിച്ചില്ല. ഞാൻ അഹങ്കരിച്ചു. എന്റെ ആരോഗ്യത്തിൽ, ബുദ്ധിയിൽ, കഴിവിൽ, സമ്പത്തിൽ, എന്റെ ജോലിയിൽ എന്തും എനിയ്ക്ക് വശത്താകുമെന്ന് എന്റെ മനസ്സിന്റെ ഏതോ അജ്ഞാത കോണുകളിൽനിന്ന് ഞാൻ തന്നെ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. ബാഹ്യലോകത്തെ പരിചയപ്പെട്ടിട്ടുള്ള എന്നോട് അകത്തിരുന്ന ഞാൻ തന്നെ അഹങ്കാരത്തിനു വേണ്ടി സന്ധിചെയ്തു. അഹങ്കാരത്തിന്റെ തണലിൽ ഞാൻ വളർന്നു.

പാറയ്ക്കു മുകളിൽ ഇരുന്ന് ഞാൻ പാടുമ്പോൾ വൃക്ഷകൊമ്പിലിരുന്ന് വാനരന്മാർ പല്ലിളിച്ചു. അവർ ധിക്കാരപൂർവ്വം പുഷ്ഠം ചൊറിഞ്ഞു. സംശദൃഷ്ടിയോടെ എല്ലാം നോക്കി കാണുന്ന കാക്കകൾ കരഞ്ഞുകൊണ്ട് പറന്നുപോയി.

പക്ഷേ എനിയ്ക്കൊരു ആശ്വാസം ഉണ്ടായിരുന്നു.

അതെന്നെ വീണ്ടും വീണ്ടും പാടാൻ പ്രേരിപ്പിച്ചു. അതെന്നെ നിത്യവും ഈ മലമുകളിലെ യക്ഷിപ്പാറയിൽ വന്നിരിയ്ക്കാൻ ആവേശം കൊള്ളിച്ചു.

ഞാൻ ഇന്നത്തെ എന്റെ രൂപത്തെയോ, ശബ്ദത്തെയോ അല്ല പ്രതിപാദിക്കുന്നത്. അത് മറഞ്ഞു പോയ അനേകം വർഷങ്ങളുടെ ഇരുണ്ട ഭൂമികളിൽ എവിടെയോ മറയപ്പെട്ടിരിയ്ക്കുന്നു. ഒരു നിമിഷം ഞാനൊന്ന് ആ അന്ധകാര തമോ ഗർത്തങ്ങളിൽ നിന്നും തപ്പിയെടുക്കാൻ ശ്രമിക്കട്ടെ!

വെളിച്ചം ഒരു വസ്തുവിൽ തട്ടി തിരുച്ചുവരുമ്പോഴാണല്ലോ നാം ആ വസ്തുവിനെകാണുന്നത്. തമോ ഗർത്തത്തിലെത്തുന്ന വെളിച്ചത്തെയും തമോ ഗർത്തങ്ങളും വലിച്ചെടുത്ത് വിഴുങ്ങിക്കളയുന്നു.

മനസ്സിന്റെ അഗാധതയിൽ എത്തപ്പെടുന്ന ഓർമ്മകൾ മിക്കവയും ആ അഗാധ തമോ ഗർത്തങ്ങൾ വലിച്ചെടുത്ത് വിലയിപ്പിക്കുന്നു. ചിലവ അങ്ങിങ്ങായി അപ്പൂപ്പൻ താടി പോലെ പറന്നു കളിക്കും. അവയെ വല്ലപ്പോഴും മുകൾ പരപ്പിലേക്കു കൊണ്ടുവരാം. ചിലവ സന്ദർഭോചിതമായി സ്വയം വെളിപ്പെടും.

“ഹേയ് “അവ ഒന്നും വിലയിച്ചിട്ടില്ല

നാല്പതു വർഷങ്ങൾക്കു ശേഷവും ഇത്രയും ദൂരം താണ്ടി. ഒരാഴ്ചയോളമായി ഈ അത്മഹത്യ പ്രേരണ മനസ്സിൽ കയറിട്ടു വലിഞ്ഞു മുറുക്കുന്നു.

എന്നെ എന്താണ് ഇവിടെയ്ക്ക് വരാൻ പ്രേരിപ്പിച്ചു കൊണ്ടിരുന്ന ആ പ്രേരക ശക്തി ഏതാണ്?

ദുഃഖമാണൊ? അതൊ ഓർമ്മകളുടെ ഏതോ കോണുകളിൽ മധുരമായ ചിന്താശകലങ്ങളെ നുകരാൻ മനസ്സ് സ്വയം അബോധാവസ്ഥയെ സ്വീകരിച്ചതൊ? രണ്ടായാലും ശരി, ഞാൻ ഈ ജീവിതസായാഹ്നത്തിൽ ഇവിടെ എത്തപ്പെട്ടു

എന്നത് സത്യമാണ്!

നേരം ഇരുട്ടുന്നു. ചെങ്കുത്തായ മലമുകളിൽ നിന്നും ഇറങ്ങുക അതീവ ദുഷ്കരം തന്നെ. വഴുക്കുണ്ടാകും നല്ലപോലെ ശ്രദ്ധിക്കണം. ഇല്ലെങ്കിൽ.....?. ഇപ്പോൾ നല്ല തണുപ്പു തുടങ്ങിയിരിക്കുന്നു.

രാമൻ കുട്ടിയുടെ കടയിൽ നിന്ന് വല്ലതും കഴിച്ച് അവിടെത്തന്നെ ചുരുളണം. ഇറക്കമിറങ്ങുമ്പോൾ രാമൻകുട്ടിയും അയാളുടെ ചായക്കടയും ചിന്തകളിൽ നിറഞ്ഞു നിന്നു.

ആരാണെന്നോ എന്തിനാണ് ചായക്കടയിൽ വന്നതെന്നോ ഇന്നലേയും രാമൻകുട്ടി തിരക്കിയില്ല!

അയാളുടെ മൗനം അയാൾ മറ്റേതോ ലോകത്തിൽ നിന്നും യാന്ത്രീകമായി വന്നതാണെന്ന് തോന്നിപ്പിയ്ക്കും വിധമായിരുന്നു. ഒന്നിനെയും ശ്രദ്ധിച്ചില്ല. ഒരു റോബോട്ടിനെ ഓർമ്മവരും അയാളുടെ പ്രവർത്തികണ്ടാൽ. തമോഗർത്തങ്ങൾ ന്യൂട്ടൺ.

പലതും അറിയാനുണ്ട്. അറിയേണ്ടത് എനിയ്ക്കും അറിയിക്കേണ്ടത് രാമൻകുട്ടിയുമാണ്.

നാല്പതു വർഷം മുൻപ് നടന്ന കഥയാണ്. എന്റേയും രാമൻകുട്ടിയുടേയും കഥ. പോരാ...കഥയിൽ ഊടും പാവുമായി മറ്റൊരാൾ കൂടിയുണ്ട്. ഈ കഥയിലെ ശ്രുതിയും രാഗവും താളവും അവളാണ്.

"സൂര്യകാന്തി"

അതായിരുന്നു അവളുടെ പേര്. ചേർച്ചയുള്ള പേര്. രാമൻകുട്ടിയുടെ മുറപ്പെണ്ണ്. സൂര്യയെന്ന് രാമൻകുട്ടി വിളിയ്ക്കും. ഞാനും അങ്ങിനെ വിളിച്ചു

സൂര്യ. നല്ല പേര് ഇല്ലേ? പേരിനെപ്പോലെ കാന്തിയുള്ളവൾ.

ഒരാളിൽ അവസരത്തിനൊത്ത് പലമുഖങ്ങളും ദർശിക്കാറില്ലേ-!

ഉണ്ട് തീർച്ചയായും. അതെ കാണാറുള്ളു. ഞാൻ നിങ്ങളോട് ഒരു സത്യം പറയട്ടെ

ഞാനെപ്പോഴും ഒരുമുഖമുള്ളവരെ തിരഞ്ഞു കൊണ്ടിരിക്കുന്നു. എന്നും. അത്യധികം ദുർലഭ്യമായ ഒരു സംഗതി ഇല്ലേ? അതേ!.ലോകത്തിൽ ഇന്നു കണികാണാൻ കഴിയാത്ത സ്വാഭാവിക നിഷ്കളങ്കത. വളച്ചുകെട്ടോ, അഹംഭാവത്തിന്റെ (അഹം ബോധത്തിന്റെയല്ല) ലാഞ്ചനയോ, വിദ്വേഷമോ, പാരപണിയാനുള്ള വക്രബുദ്ധിയുടെ ജുഗുപ്സാവഹമായ ഭാവമോ ഒന്നിന്റേയും വിദൂര ലാഞ്ചനപോലും ആ മിഴികളിൽ കണ്ടില്ല! താൻ തന്നോട കാണിയ്ക്കുന്ന ആത്മാർത്ഥത നിറഞ്ഞ ശുദ്ധ ഭാവം. പെരുമാറ്റം. ഇത്ര വിവരണം പോരെ നിങ്ങൾക്ക് എന്റെ സൂര്യയെ മനസ്സിലാക്കാൻ?.

സൂര്യകാന്തി അതുതന്നെയായിരുന്നു അവൾക്ക് ഏറ്റവും യോജിച്ച പേര്. ഞാൻ എന്റെ അനേകം ജന്മങ്ങളിൽ തേടി കൊണ്ടിരുന്നവൾ.

ആകാശത്ത് ജ്വലിക്കുന്ന ഒരു വെള്ളി നക്ഷത്രമായി അവൾ എനിയ്ക്കനുഭവപ്പെട്ടു.

മനസ്സിന്റെ ശബ്ദത്തെ അവളുടെ നിഷ്കളങ്കത നിശ്ശബ്ദമായ ആരാധനയാക്കി മാറ്റി.

മനസ്സിന്റെ ആകാശത്തിൽ ആ വെള്ളി നക്ഷത്രം ഉദിക്കുമ്പോൾ വിശപ്പും, ദാഹവും, ഉറക്കവും അകന്നു.

ഇരുട്ടും വെളിച്ചവും വഴിമാറിത്തന്നു. അവളെ കാണുമ്പോൾ ഈ ലോകത്തെ കാണുന്നില്ല.

ദൈവത്തോട് ഞാൻ ചോദിച്ചു- ഈ നിഷ്കളങ്കതയിൽ കുടിയിരിക്കുന്നത് അങ്ങാണോ? നിന്റെ ഖജനാവിൽ ഇതുപോലുള്ള മുത്തുകൾ വേറെയുണ്ടോ?

(തുടരും)




Lens

DIGITAL STUDIO & VIDEO

Kunnathupalam, Calicut - 14

Mob: T. Ramesh - 9387289665

Photography, Video Coverage, Lamination

OUR Ladies PARK

THE DRESS DESIGNERS & MAKERS



Room No. 14, 1st Floor,
Moffussil Busstand Building,
Mavoor Road,
Kozhikode - 673 004
ഫോൺ: 0495 6410571



ബ്ലൗസ്, ചുരിദാർ
1 മണിക്കൂറിനുള്ളിൽ
തയ്ച്ചുകൊടുക്കുന്നു.

മഹാത്മ കോളേജ്

+1,+2, HUMANITIES & COMMERCE,
B.Com, B.A., B.B.A

നടരാജ നൃത്ത സംഗീത വിദ്യാലയം

നൃത്തം, ഭരതനാട്യം ഡിപ്ലോമ, റ്റി.ടി. ടി. സി., സംഗീതം, കഥകളി, ഒപ്പന, മാപ്പിളപ്പാട്ട്, കോൽക്കളി, ദഫ്മുട്ട്, വട്ടപ്പാട്ട്, നാടൻപ്പാട്ട്, വഞ്ചിപ്പാട്ട്, ചിത്രരചന, വയലിൻ, ഫ്ളൂട്ട്, തബല, ഗിറ്റാർ, പിയാനോ, ജാസ്ഡ്രംസ്, ഇടയ്ക്ക, ഹാർമോണിയം, ഇലക്ട്രോണിക് കീ ബോർഡ്, മൃദംഗം

ചെറുവണ്ണൂർ, കോഴിക്കോട്

ഫോൺ : 9388968863,3060600, 2487724

# കവിതായനം

ടി.ജെ.നായർ മഞ്ചേരി

കവിതകൾ സ്വയം ചൊല്ലി രസിയ്ക്കാനും, സുഹൃത്തുക്കൾ ഒന്നിച്ചിരുന്ന് ആലോചിച്ച് ആസ്വദിക്കാനും ഒക്കെ ആസ്വാദനശേഷിയുള്ള കേരളീയർ ഒരുകാലത്ത് ഇവിടെ ജീവിച്ചിരുന്നു. ഇന്ന് കവിത ആസ്വദിയ്ക്കുവാനും ആളില്ല ; രചിയ്ക്കവാൻ പ്രതിഭാശാലികളായവരുടെ എണ്ണവും ചുരുങ്ങി.മനുഷ്യരിൽ രസികത്വം തീരെ ഇല്ലാതായി വരുകയാണ്. ഉണ്ണിയിൽനിന്ന് വിരിയുമ്പോഴേ കുഞ്ഞുങ്ങളെ ആയിരത്തൊന്നു "ചിട്ടവട്ടങ്ങളുടെ" തടവറയിൽ തളച്ചിടുകയാണ് രക്ഷിതാക്കളും , അദ്ധ്യാപകരും. അങ്ങിനെവളർന്നു വലുതാകുന്ന ഒരു "സീരയസ് "തലമുറയിൽനിന്ന് അതിലേറെ പ്രതീക്ഷിക്കുന്നതിലും അർത്ഥമില്ല.

ഇടയിൽ "വഴിപിഴച്ചവർ" ഒന്നോരണ്ടോ പേരുണ്ടെങ്കിൽ അവരെ കൈപിടിച്ച് ഒന്ന് പിന്നോക്കം നടക്കുവാൻ പ്രേരിപ്പിക്കുകയാണ് ഓർക്കുവാനും ഓമനിക്കുവാനുമായി, അതെ നമ്മുടെ പഴയ പുംഗവന്മാരിൽ ചിലരുടെ മാത്രം ഏതാനും മനോഹരമായ- അർത്ഥവത്തായ- വരികളിലൂടെ ഒരു തീർത്ഥയാത്ര. ഈ യജ്ഞത്തിൽ പങ്കെടുക്കുവാൻ ആളുകളുണ്ടായാൽ നമുക്കിനിയും തുടരാം യാത്ര-കവിതായനം

ചങ്ങമ്പുഴ

ചങ്ങമ്പുഴയുടെ രമണൻ -ഒരനുഭൂതി

വെള്ളിനക്ഷത്രമേ, നിന്നെ, നോക്കി-
ത്തുള്ളിത്തുളുമ്പകയെന്നോ,
മാമകചിത്തത്തിലന്നും, ഇല്ല
മാദക വ്യാമോഹമൊന്നും!
നിന്നനുരാഗാങ്കുരങ്ങൾ, പൂത്ത
നന്ദനപൂങ്കാവനങ്ങൾ,
ഒന്നൊഴിയാതെ ഞാൻ തേടി, നിന്നെ
വർണ്ണിച്ചു വർണ്ണിച്ചു പാടി!
വിശ്വപ്രകൃതിതൻ മുന്നിൽ, ഭദ്ര-
വിശ്വാസ ദീപത്തിൻ മുന്നിൽ,
നക്ഷത്ര പന്തലിൽ കീഴിൽ, നല്ലോ-
രക്ഷയ തേജസ്സിൽ കീഴിൽ
എൻഗളത്തിങ്കൽ നീ ചാർത്തി, അന്നാ
മംഗളാ മല്ലികാ മാല്യം

ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ- "രമണൻ" എന്ന നാടകീയ ഗ്രാമീണ വിലാപ കാവ്യത്തിലെ വികാര നിർഭരമായ ഏതാനും വരീകളാണിത്. പുതിയ തലമുറയ്ക്ക് രമണനും കവിയും അപരിചിതമായേക്കും. എന്നാൽ നിങ്ങളും മുത്തച്ഛനും, മുത്തശ്ശിയും മനസ്സിലേറ്റി നടന്ന ഒരനുഭവമായിരുന്നു രമണൻ. തന്റെ "ഓമനച്ചങ്ങാതി"യുടെ പാവനസ്മരണയ്ക്കായി (ഇടപ്പള്ളി രാഘവൻ പിള്ള) കവിയുടെ കണ്ണീരാജ്ഞലിയാണ് രമണൻ. മിയ്ക്കവാറും സ്വാനുഭവമെന്നു തോന്നിയ്ക്കുന്ന കഥാശില്പം. വായനശാലകളിൽനിന്ന് തപ്പിയെടുത്ത് വായിക്കണം യുവതലമുറ രമണൻ ജീവിതത്തിലൊരിയ്ക്കലെങ്കിലും.

എം. ഗോവിന്ദൻ

അങ്ങിനേയും ഒരു ശാലീനകേരളം

പാവിൻ ഞെറികളിൽ "പാപ്പ" യ്താറുടു-
ത്തേതും മറയ്ക്കാത്ത മാറിടത്തിൽ,
പാലയ്ക്കാ മോതിര മാലകളായ്, കുട്ടി-
ക്കാവുകൾ, നെറ്റിയിൽ നീൾക്കുറികൾ
മുത്തുപൊഴിയും മുഖത്തുനിന്നെപ്പോഴും ;
ചിത്ത വിശുദ്ധതൻ മുഗ്ദ്ധദൃശ്യം ;
പൊട്ടിച്ചിരിയിൽ, കൈക്കൊട്ടിക്കളിപ്പാട്ടിൽ
നട്ടു പടർത്തിയ ജീവിതങ്ങൾ
നാളുകൾ നീളും കിനാവിൻ തളിരുകൾ ;
നാളെപ്പൂമൊട്ടോ, പുഴുവിനൂട്ടോ?
ഓലക്കുടവട്ടമാകാശം, കാല്പാടു
ഭൂമി, ഇല്ലം വിട്ടാലമ്പലത്തിൽ
കുട്ടിക്കാവിനൊരുകൂട്ടാളനെത്തുമ്പോൾ
നാട്ടാർക്കുകുഞ്ഞാത്തോലായ് ഭവിക്കും.
പുറ്റിൽകിടക്കുന്ന കീടം ചിറകിൽ പൂ-
മ്പാറ്റയായ് പെട്ടെന്നുപാറും പോലെ.

എം.ഗോവിന്ദൻ 1985 ൽ "എന്റെ അകത്തുള്ള ആളുകളേ വാഴ്ക" എന്ന ഉപന്യാസത്തിലെ ഒരു കവിത-

ഉപന്യാസ വിഷയം - കുറിയേടത്തു താത്രി. "എം. ഗോവിന്ദന്റെ ഉപന്യാസങ്ങൾ" (3 pes) എന്ന ഗ്രന്ഥത്തിലും ഈ ലേഖനം ഉണ്ട്. ശീർഷകംപോലെത്തന്നെ അങ്ങിനേയും ഒരു കേരളവും കുട്ടിക്കാവുകളുമൊക്കെ ഇവിടെ ഉണ്ടായിരുന്നു എന്ന് അയവിറക്കുവാനായി.

കുഞ്ഞുണ്ണി

ഓർക്കാനും ഓമനിയ്ക്കാനും കുഞ്ഞുണ്ണിയുടെ കുഞ്ഞു കവിതകൾ

< തട്ടാൻ തൊട്ടൽ പതിനെട്ട്
സർക്കാർ തൊട്ടൽ പതിനൊന്ന്
> തുപ്പലിൽ കപ്പലോടിയ്ക്കാൻ
കെല്പുള്ളോർ ബഹു മന്ത്രിമാർ
< പട്ടി പെറും
പാർട്ടി പിളരം
> കക്കുന്നോൻ ചെറുതായാൽ
കക്കുന്നോനായിത്തീരും
കക്കുന്നോൻ വലുതായാൽ

നർമ്മ രസവും മനോധർമ്മവും കൂട്ടിക്കലർത്തി പഞ്ചാമൃത പാകത്തിൽ വരികളെഴുതാൻ ജനിയ്ക്കേണം ഇനി വേറൊരു ജന്മം അതിയാരത്ത് വേറൊരുണ്ണിയായി- കുഞ്ഞുണ്ണി.

# ഒരിറ്റ്



ഗിരീഷ്മൂഴിപ്പാടം




Edited, Printed Published by Nakshthra Rajyam E. Radhakrishnan on behalf of Nakshathra Rajyam Monthly.
DTP Bhavana Graphics Thali, Printed at Geethanjali Offset Prints, Kundayithode, Kozhikode



OUR Dress Makers
GENTS & LADIES



Urgent Stitching For




Shirts 1 Hour,
Pants 2 Hours,
Blouse 1 Hour, Churidar 1 Hour
Suit 24 Hours





Room No. 12, First Floor,
Mofussil Bus Stand Building
Mavoor Road, Kozhikode- 673 004
Ph: 0495 - 2723899


An exclusive collection of
Blinds | Furnishing Fabrics | Curtains
Cushions | Carpets | Bed Sheets etc...

READY MADE CURTAINS AVAILABLE









Good Look
home furnishing solutions

Diya Complex, Mini By Pass Road, Mankavu, Calicut.
Ph: 0495 3299095, 2331325, 9495260062.
E-mail: goodlookcurtains@gmail.com

Our sister concern: Good Look Curtains, Mankavu, Calicut

Reg.No:2008/11/2718/D/
RNI EN No: 40980 Date : 10-10-2007


ALL KINDS OF ELECTRICAL GOODS

PK ELECTRICALS

PEE KAY ELECTRICALS

WHOLE SALE & RETAIL

City Tower, Mavoor Road, Kozhikode- 4
Ph: 0495 2560330, 4060090
Mob: 9447393749
Email: pkelectricals.clt@gmail.com, www.pkelectricals.in

a HAVELLS brand Crabtree, legrand, salzer, Finolex, WIPRO Applying Thought, RR KĀBEL, BONTON CABLES BORN SAFE, HAVELLS, USHA

V-Guard, Finolex, MW, Cabtree, Saizer, Legrand, Cona, Indica, Elleys, havells, HPL എന്നീ പ്രമുഖ കമ്പനികളുടെ ഒറിജിനൽ ഉൽപ്പന്നങ്ങൾ മിതമായ വിലയ്ക്ക് കമ്പനി ഗ്യാരണ്ടിയോടുകൂടി ലഭിക്കുന്നു. നൂതന ഇലക്ട്രിക്കൽ ഉപകരണങ്ങൾ ഗ്യാരണ്ടിയോടുകൂടി ലഭിക്കുന്നു.



RnC
RODS AND CLAMPS



ALL TYPES OF CURTAIN ACCESSORIES
UNDER ONE ROOF

Rajeswari Building, Kalluthan Kadavu Road,
Puthiyara, Kozhikode
T: 0495 4044445, 097442 17213, 9048990737,
E-mail: rccalicut@gmail.com

Authorised distributer of : Marvel ISO 9001:2000 Certified Company, ad, DECK ISO 9001:2000 Certified Company, BLINDS

എല്ലാവിധ കർട്ടൺ, BLINDS, കർട്ടൻ അക്സസറീസ് ഹോൾസെയിൽ സ്ഥാപനം